# സത്യദൂതൻ

2015 ജനുവരി | ലക്കം 1

വില ₹ 20

പുതുവത്സരാശംസകൾ



## അറബ് ലോകത്തിനൊരു സന്ദേശം

**പാകിസ്താനിലെ മൃഗീയമായ അക്രമം**

ഇസ്‌ലാം മഹനീയ പാഠങ്ങളുടെ കലവറ

2014 ഡിസംബർ 26 മുതൽ 28 വരെ ഖാദിയാനിൽ വെച്ച് നടന്ന അഹ്മദിയ്യാ മുസ്‌ലിം ജമാഅത്ത്
ദേശീയ വാർഷിക സമ്മേളനത്തിന്റെ വിവിധ ദൃശ്യങ്ങൾ

















The Sathyadoothan Monthly

لا اله الا الله محمد رسول الله

# സത്യദൂതൻ

2015 ജനുവരി
ഹി.ശ.1395 - സുലഹ്
1436 - റ. അവ്വൽ - റ.ആഖർ
പുസ്തകം 87 ലക്കം 1
വില 20 രൂപ

ഒരു നൂറ്റാണ്ടിനോടടുക്കുന്ന മലയാളത്തിലെ ഏക ഇസ്‌ലാമിക പ്രസിദ്ധീകരണം


**5** എഡിറ്റോറിയൽ

**6** യുഗശബ്ദം



**7**

ഖുത്വ്ബ
**പാകിസ്താനിലെ മൃഗീയമായ അക്രമം**
ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് (അയ്യദഹു..)
അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽമസീഹ് ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് (അയ്യദഹു...) 2014 ഡിസംബർ 19 ന് ബൈത്തുൽ ഫുതൂഹ് ലണ്ടനിൽനിർവഹിച്ച ജുമുഅ ഖുത്വ്ബയുടെ സംഗ്രഹം

**13**
**അറബ് ലോകത്തിനൊരു സന്ദേശം**
ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് (അയ്യദഹു...)

**18**
**ഖുർആൻ ഹൃദയത്തിന് ഔഷധം**
ഹദ്റത്ത് മിർസാ നാസിർ അഹ്മദ് (റ)

**20**
അഭിമുഖം
**മതേതരത്വം ജനാധിപത്യത്തെ ശക്തിപ്പെടുത്തുന്നു**

**23**
**ഇസ്‌ലാം**
**മഹനീയ പാഠങ്ങളുടെ കലവറ**
മഹ്മൂദ് കൽക്കുളം

**26**
കവിത
**അബൂ തൽഹ (റ)**
പി. കെ. മുഹമ്മദ് ബശീർ

**27**
**വിശ്വാസിയും അവിശ്വാസിയും**
**ഒരു നിയമ വിചിന്തനം**
ഡോ. കൗസർ എടപ്പകത്ത്

**29**
**ചൗധരി സർ മുഹമ്മദ് സഫറുല്ലാഹ് ഖാൻ**
**സാഹിബും ഒരു ദിവ്യദർശനവും**
ഇബ്നു വഫ

**35**
**മതവിമുക്തമായ യൂറോപ്പും**
**യഹൂദവിമോചനവും**
ഏ. എം മുഹമ്മദ് സലീം

**38**
കവിത
**വിചിന്തനം**
എച്ച്. എസ് കാവശ്ശേരി

**39**
**പാകിസ്താൻ:**
**ഘോരകൃത്യങ്ങളുടെ പറുദീസ**
മുസാഫിർ



**സത്യദൂതൻ**
മസ്ജിദ് ഉമർ, സെന്റ്ബെനഡിക്ട് റോഡ്,
എറണാകുളം നോർത്ത്, കൊച്ചി - 682018
email-sathyadoothan1@gmail.com

ചീഫ് എഡിറ്റർ
**എം. നാസിർ അഹ്മദ്**
**ഫോൺ**: 9497343704

എഡിറ്റർ
**ഏ. എം. മുഹമ്മദ് സലീം**
**ഫോൺ**: 8907182933
Email-salimqld@gmail.com


മാനേജർ
**എച്ച്. അഹ്മദ് ഷാഫി**
**ഫോൺ**: 8089574250

Printed & Published by B.B. Ahmad Kabeer, for the Kerala Ahmadiyya Muslim Jama-ath
Printed at Anaswara Offset, Perandoor Jn.,Elamakkara, Ernakulam-682 026.
Published at Masjid Umar, St. Benedict Road, Ernakulam, Kochi-18. Edited by A.M. Muhammed Salim. Design: Ziyad Rahman

## വിശുദ്ധ ഖുർആനിൽ നിന്ന്

വിശ്വസിച്ചവരേ, നിങ്ങൾ നീതിക്ക് സാക്ഷ്യം വഹിക്കുന്നവരായി അല്ലാഹുവിന് വേണ്ടി നിലകൊള്ളുക. ഒരു സമുദായത്തോടുള്ള വിരോധം അവരോട് നീതി പാലിക്കാതിരിക്കാൻ നിങ്ങളെ പ്രേരിപ്പിക്കാതിരിക്കട്ടെ. നിങ്ങൾ എപ്പോഴും നീതി പാലിക്കുക. അത് ദൈവഭക്തിയുമായി ഏറ്റവുമടുത്തതാണ്. നിങ്ങൾ അല്ലാഹുവിനെ ഭയപ്പെടുക. തീർച്ചയായും അല്ലാഹു നിങ്ങൾ പ്രവർത്തിക്കുന്നതിനെക്കുറിച്ച് നന്നായി അറിയുന്നവനാണ്.(5:9)





## നബിവചനം

ദീനിന്റെ കാര്യത്തിൽ നിങ്ങൾ തീവ്രതയെ സൂക്ഷിക്കുക. നിങ്ങൾക്ക് മുമ്പുള്ളവർ നശിച്ചത് തീവ്രത മൂലമാണ്. (മുസ്നദ് അഹ്മദ്)

## വാഗ്ദത്ത മസീഹിന്റെ വചനം



ഇസ്ലാമിന് അതിന്റെ ആരംഭഘട്ടത്തിൽ യുദ്ധങ്ങൾ ചെയ്യേണ്ടി വന്നിട്ടുണ്ട് എന്നത് എന്തിനാണെന്നും എന്ത് കാരണത്താലായിരുന്നുവെന്നും ഉള്ള രഹസ്യം അറിയാത്തവരാണ് അവിവേകികളും സ്വാർഥംഭരികളുമായ ആളുകളാൽ അന്യായമായ കൊലകൾ നടത്തപ്പെടുന്നതിന് കാരണക്കാരെന്ന് എനിക്ക് നല്ലത് പോലെ അറിയാം. ഇതിന്റെയെല്ലാം പാപഭാരം അത്തരം സംഗതികൾ ഗൂഢമായി പഠിപ്പിച്ചുപോന്ന മൗലവി മാരുടെ ചുമലിലാണ് ഉള്ളത്. അതിന്റെ ഫലമായിട്ടാണ് ഈ വേദനാപൂർണമായ രക്തചൊരിച്ചിലുകൾ സംഭവിച്ചത്. ഇവർ ഭരണാധികാരികളുടെ മുമ്പിലെത്തുമ്പോൾ അവർക്ക് കുമ്പിടാൻ പോലും തയ്യാറെന്ന നിലയിൽ അവരെ അഭിവാദ്യം ചെയ്യാൻ കുനിയുന്നു. എന്നാൽ അവരുടെ കൂട്ടുകാരുടെ സദസ്സിലിരിക്കുമ്പോൾ ഈ രാജ്യം ദാറുൽ ഹർബാണെന്നും ഇവർക്കെതിരായി ജിഹാദ് ചെയ്യേണ്ടത് നമ്മുടെ കർത്തവ്യമാണെന്നുമുള്ള കാര്യമാണ് അടിക്കടി ഊന്നിപറയുന്നത്. (ജിഹാദ്)

എഡിറ്റോറിയൽ

# സത്യദൂതൻ നവതിയിൽ

1925 ജനുവരി മാസത്തിൽ ആരംഭിച്ച സത്യദൂതൻ ഈ ലക്കത്തോടെ തൊണ്ണൂറാം വർഷത്തിലേക്ക് പ്രവേശിക്കുകയാണ്. അല്ലാഹുവിന് സ്തുതി. അഹ്മദിയ്യാ മുസ്ലിം ജമാഅത്തിന്റെ മലയാള മുഖപ്രത്രമായ സത്യദൂതൻ ഇസ്‌ലാമിൽ വാഗ്ദാനം ചെയ്യപ്പെട്ട മഹ്ദീ മസീന്റെ സന്ദേശം കേരളക്കരയിൽ പ്രചരിപ്പിക്കുക എന്ന ദിവ്യദൗത്യമായിരുന്നു കഴിഞ്ഞ ഒമ്പത് ദശാബ്ദക്കാലം നിർവഹിച്ചുകൊണ്ടിരുന്നത്. ദൈവിക നിയോഗങ്ങളുള്ള പ്രവാചക പ്രസ്ഥാനങ്ങളെ ലോകം അതിന്റെ സംഹാര ശേഷി മുഴുവൻ പ്രയോഗിച്ച് ഉന്മൂലനം ചെയ്യാൻ ശ്രമിക്കുക എന്നത് വേദഗ്രന്ഥങ്ങളിൽ രേഖപ്പെടുത്തിയിട്ടുള്ള ചരിത്ര നിയമമാണ്. ദൈവിക സംരക്ഷണമാണ് ആ ദിവ്യ പ്രസ്ഥാനത്തെ മുന്നോട്ടു നയിക്കുന്നത്. സാർവ ജനീനവും വിശ്വവ്യാപകവുമായ ഇസ്‌ലാമിക പുനരുജ്ജീവനത്തിന്റെ ദൈവികമായ ആ മഹാദൗത്യത്തിൽ സത്യദൂതൻ കടന്നു വന്നത് എതിർപ്പിന്റെ കനൽപഥങ്ങളിലൂടെയാണ്. ഇന്ന് തിരിഞ്ഞു നോക്കുമ്പോൾ സത്യദൂതന് സമശീർഷനായി ആരുമില്ല. തുടക്കത്തിൽ എതിർപ്പിന്റെ അഗ്നി വർഷം നടത്തിയ പ്രസിദ്ധീകരണങ്ങളെല്ലാം കാലത്തിന്റെ ചുടലയിൽ ഹോമിക്കപ്പെട്ടു. സത്യദൂതൻ മാത്രം അല്ലാഹുവിന്റെ സഹായത്താൽ ദീർഘായുഷ്മാനായി നിലകൊള്ളുന്നു.

വാഗ്ദത്ത മസീഹും അദ്ദേഹത്തിന്റെ ഖലീഫമാരും തുറന്നു കാട്ടിയ യഥാർഥ ഇസ്‌ലാമിന്റെ ധാവള്യം സത്യദൂതന്റെ താളുകളിലൂടെ മലയാളത്തിലേക്ക് പ്രവഹിക്കുകയുണ്ടായി. പത്തൊമ്പതാം നൂറ്റാണ്ടിന്റെ ആരംഭത്തിൽ ഇന്ത്യയിൽ ക്രിസ്തീയ മിഷനറിമാരുടെയും ആര്യസമാജികളുടെയും നിരീശ്വര നിർമത പ്രസ്ഥാനങ്ങളുടെയും അപ്രതിരോധ്യമായ ആശയ പ്രചാരണങ്ങൾക്ക് മുമ്പിൽ മുസ്ലിം സമൂഹം നിശ്ചേതനമായി പോയിരുന്നു. കേരളത്തിലും അതിന്റെ ആഗാധം അനുഭവപ്പെട്ടു. വാഗ്ദത്ത മസീഹിന്റെ സമുജ്ജ്വലമായ ജ്ഞാനസംവാദങ്ങളാണ് ഇസ്‌ലാംമതത്തിന് പുനരുജ്ജീവനം നൽകിയത്. പൊതുമുസ്ലിം സമൂഹത്തിന്റെ നവോത്ഥാനം എന്ന് പറയപ്പെടുന്ന പുരോഗമന ചിന്തകളിലെല്ലാം ഭാഗികമായി നിഴലിച്ചത് വാസ്തവത്തിൽ അഹ്മദിയ്യത്തിന്റെ ദിവ്യ പ്രകാശത്തിന്റെ പ്രതിഫലനം തന്നെയായിരുന്നു. സൂര്യനുദിച്ചാൽ അതിന്റെ വെട്ടിത്തിളക്കത്തിന്റെ പ്രതിഫലനങ്ങൾ എല്ലാ ഇരുട്ടു കോണുകളിലും പ്രതിഫലിക്കുമല്ലോ.

സംഭവബഹുലമായ ഒമ്പത് ദശാബ്ദങ്ങളിൽ ചരിത്രനദി സത്യദൂതന്റെ മുമ്പിലൂടെ ഒരുപാട് ഒഴുകിപ്പോയി. ലോക മഹായുദ്ധം മുതൽ മനുഷ്യ ഭാഗധേയം നിർണയിച്ച എല്ലാ ഗൗരവ പൂർണമായ സംഭവങ്ങളോടും സത്യദൂതൻ ഇസ്‌ലാമിക പക്ഷത്തുനിന്നും പ്രതികരിച്ചു. തുടക്കം മുതൽ തന്നെ വിമർശനങ്ങളുടെയും ബഹിഷ്ക്കരണങ്ങളുടെയും അഗ്നി ശരങ്ങളാണ് സത്യദൂതനിൽ ചൊരിയപ്പെട്ടത്. കേരളത്തിലെ മഹാ പ്രഭാവവാന്മാരായ ഉൽപതിഷ്ണു ഉലമാക്കന്മാർ സത്യദൂതനെതിരെ അണിനിരന്നു. കെ.എം. മൗലവി. ഇ.കെ മൗലവി, എം.സി.സി മൗലവി, കെ. ഉമർ മൗലവി, കെ. സി അബ്ദുല്ല മൗലവി, വി.പി മുഹമ്മദലി സാഹിബ്, ചേകനൂർ മൗലവി മുതലായവരെല്ലാം അക്കൂട്ടത്തിലുണ്ട്. സത്യദൂതന്റെ സമരയോദ്ധാക്കളിൽ പ്രഥമസ്മരണീയൻ മൗലാനാ അബ്ദുല്ലാഹ് സാഹിബ് ആയിരുന്നു. പടക്കളത്തിലെ ഖാലിദ്ബ്നു വലീദിനെപോലെ, മൂസബ്നു നുസൈറിനെ പോലെ , താരിഖ്ബ്നു സിയാദിനെ പോലെ വാഗ്ദത്ത് മസീഹിന്റെ ജ്ഞാന പീയൂഷം പാനം ചെയ്ത തൂലികയേന്തിയ ആ പടയാളി പൊരുതി. സത്യദൂതനെ വിഴുങ്ങാൻ വന്ന ഉലമാ കേസരികളെല്ലാം യുദ്ധക്കളത്തിൽ മലർന്നടിച്ച് വീണു. സത്യദൂതന്റെ പഴയതാളുകളിൽ ആ സമര രേഖകൾ കാണാം. മുഹ്‌യുദ്ദീൻ മാലയിൽ പാടിയത് പോലെ

'നിലയും അറിവും അതൊക്കേയും ഉള്ളോരെ. നിലയും അറിവും പറിച്ചുകളഞ്ഞോവർ.
നിലയേറെ കാട്ടി നടന്നോരു ശൈഖിനെ നിലത്തിന്റെ താഴെ നടത്തിച്ചു വിട്ടോവർ.'

അത്ര വിസ്മയകരമായിരുന്നു അദ്ദേഹത്തിന്റെ തുലികാ സമരങ്ങൾ. എച്ച്. ഹുസൈൻ സാഹിബ്, വി. കെ മാഹിൻ സാഹിബ്, വി. അബ്ദുൽ ഖയ്യൂം സാഹിബ്, എൻ. ഹാമിദ് സാഹിബ്, , എൻ. അബ്ദുർറഹിം സാഹിബ്, മൗലാനാ അബുൽ വഫാ സാഹിബ്, എസ്. അമീറലി സാഹിബ്, ബി. യം കോയാ സാഹിബ്, മൗലവി മുഹമ്മദ് ഇസ്മായിൽ സാഹിബ്, മൗലവി മുഹമ്മദ് അയ്യൂബ് സാഹിബ് മുതലായ പണ്ഡിതരും സമർപ്പിതരുമായ സാരഥികളും അണിയറയിൽ പ്രവർത്തിച്ച നിരവധി നിസ്വാർഥരായ പ്രവർത്തകരുമാണ് പതിറ്റാണ്ടുകളിലൂടെ സത്യദൂതനെ നവതിയിലേക്ക് നയിച്ചത്. അവർക്കെല്ലാം അല്ലാഹു പ്രതിഫലം നൽകുമാറാകട്ടെ. സത്യദൂതനെ എക്കാലവും ഹൃദയത്തോട് ചേർത്തു നിർത്തിയത് അതിന്റെ ആദരണീയ വായനക്കാരാണ്. കാലത്തോടൊപ്പം അഹ്മദിയ്യത്തിന്റെ സന്ദേശവുമായി സത്യദൂതന് ഇനിയും പ്രയാസം നിറഞ്ഞ പാതകൾ താണ്ടാനുണ്ട്. ഈ പാവനമായ പ്രസിദ്ധീകരണത്തിന് എല്ലാ പിന്തുണയും പ്രാർഥനയും വായനക്കാരിൽ നിന്ന് തുടർന്നും ഉണ്ടാകണമെന്ന് അഭ്യർഥിച്ചുകൊണ്ട് എല്ലാ വായനക്കാർക്കും സത്യദൂതന്റെ നവവത്സരാശംസകൾ.



ഹദ്റത്ത് അഹ്മദ് (അ)

# ജിഹാദ് സൃഷ്ടിക്കുന്ന നാശങ്ങൾ

നൂറ് വർഷങ്ങൾക്ക് മുമ്പ് വാഗ്ദത്ത മസീഹ് താലിബാൻ
പ്രദേശത്തെ ജിഹാദിനെ കുറിച്ച് നടത്തിയ അത്ഭുതകരമായ പ്രവചനം

**ജി**ഹാദ് എന്ന പേരിൽ മറ്റു മതക്കാരുടെമേൽ ആക്രമണം നടത്തുകയെന്ന മുസ്ലിംകളിൽ കാണപ്പെട്ടു വരുന്ന ഇന്നത്തെ പ്രവണത ശറഈ (നിയമാനുസൃതമായി) ജിഹാദ് അല്ലെന്നും മറിച്ച് അല്ലാഹുവിന്റെയും റസൂലിന്റെയും കൽപ്പനകൾക്ക് വിരുദ്ധമായ പ്രവർത്തിയും കടുത്ത പാതകവുമാകുന്നു എന്നും ഓർത്തു കൊള്ളേണ്ടതാണ്. എന്നാൽ ഈ സമ്പ്രദായത്തിൽ പറ്റി പിടിച്ച് ചില ഇസ്ലാമിക രാഷ്ട്രങ്ങളിൽ ഇതു ഒരു പഴയ ശീലമായിക്കഴിഞ്ഞിരിക്കയാൽ, അത് വേഗം ഉപേക്ഷിക്കുക സാധ്യമല്ല. എന്നാൽ അത്തരം ഉപദേശങ്ങൾ നൽകുന്നവരെ തങ്ങളുടെ ശത്രുക്കളായി കരുതുകയും അവിശ്വാസികളോട് യുദ്ധം ചെയ്യുന്ന ആവേശത്തോടെ അയാളുടെ കഥകഴിക്കുവാൻ തയ്യാറാവുകയും ചെയ്തേക്കാം. എന്നാൽ ഞാൻ ആലോചിച്ചു കൊണ്ടിരിക്കുകയാണ് മുൻ അഫ്ഗാൻ അമീർമാരിൽ കാണപ്പെട്ടിട്ടില്ലാത്ത തരത്തിൽ അഫ്ഗാൻകാരിൽ പ്രഭാവം ചെലുത്തിപോരുന്ന ഇപ്പോഴത്തെ കാബൂൾ അധിപനായ അമീർ ആലിമിങ്ങളെ വിളിച്ചു ചേർത്ത് ഈ ജിഹാദ് പ്രശ്നത്തെ പറ്റി ചർച്ച നടത്തുകയും പിന്നീട് ഉലമാക്കന്മാർ മുഖേന തന്നെ സമാന്യജനങ്ങളെ അവരുടെ തെറ്റുകളെക്കുറിച്ച് ഉണർത്തുകയും ചെയ്യേണ്ടിയിരിക്കുന്നു. അതോടൊപ്പം ഈ രാജ്യത്തിലെ ഉലമാക്കന്മാരിൽ പുഷ്തു ഭാഷയിൽ ചില പുസ്തകങ്ങൾ തയ്യാറാക്കി വിപുലമായ തരത്തിൽ പ്രസിദ്ധപ്പെടുത്തുകയും ചെയ്യുകയാണെങ്കിൽ ഈ പ്രവർത്തനങ്ങൾ ജനങ്ങളിൽ സൽഫലങ്ങൾ ഉണ്ടാക്കുമാറാകും. വിവരംകെട്ട മുല്ലമാർ ബഹു ജനങ്ങളിൽ പരത്തി വിടുന്ന കൊലപാതകാവേശം ക്രമത്തിൽ ക്രമത്തിൽ കുറഞ്ഞു കൊള്ളുന്നതുമാണ്. ഈ എത്രയും പ്രധാനപ്പെട്ട പരിഷ്ക്ക രണ പരിപാടിയിലേക്ക് അമീർ അവർകൾ ശ്രദ്ധ തിരിക്കാത്ത പക്ഷം മുല്ലമാരുടെ ഇത്തരം ഫത്വകളുടെ നേരെ നിശബ്ദത കൈകൊള്ളുന്നതിന്റെ അന്തിമ ഫലങ്ങൾ ഗവൺമെന്റിനു തന്നെയും വലിയ കഷ്ട നഷ്ടങ്ങൾ വരുത്തി വച്ചേക്കും. ഇക്കാലത്ത് മതപരമായ ഏറ്റവും നിസ്സാര തർക്കങ്ങൾക്ക് പോലും ഒരു വ്യക്തിയെ അല്ലെങ്കിൽ ഒരു ഫിർക്കയെ മുഴുവനും കാഫിറായി പ്രഖ്യാപിക്കുകയെന്നത് ഈ മുല്ലമാരുടെയും മൗലവിമാരുടെയും ശീലമായിക്കഴിഞ്ഞിരിക്കുന്നു. പിന്നെ കാഫിറുകളെ കുറിച്ചുള്ള അവരുടെ ജിഹാദ് ഫത്വകളും മറ്റും ഇവരുടെ കാര്യത്തിലും നടപ്പാക്കി തുടങ്ങുന്നതാണ്.

ചുരുക്കത്തിൽ ഈ സാഹചര്യത്തിൽ അമീർ അവർകൾ തന്നെ ഈ ഫത്വകളിൽ

ശേഷം പേജ് 38 ൽ



# പാകിസ്താനിലെ മൃഗീയമായ അക്രമം

മുസ്‌ലിം ലോകത്ത് എവിടെനിന്ന് ഏതുരീതിയിലുള്ള അക്രമം ഉണ്ടായാലും അഹ്മദിക്ക് അത് വിഷമത്തിനു കാരണംതന്നെയാണ്. അല്ലാഹു ഈ അക്രമങ്ങളെല്ലാം അവസാനിപ്പിക്കുന്നതിനുവേണ്ടി തന്റെ വാഗ്ദത്തമനുസരിച്ച് മസീഹ് മൗഊദിനെ അയച്ചിരിക്കുന്നുവെന്ന് നാം വിളിച്ചുപറഞ്ഞുകൊണ്ടിരിക്കുന്ന ഈ ഘട്ടത്തിൽ പ്രത്യേകിച്ചും നമ്മുടെ വിഷമം വർധിച്ചിരിക്കുകയാണ്. യുദ്ധങ്ങളും ക്രൂരകൃത്യങ്ങളും അവസാനിപ്പിച്ച് സ്നേഹവും സന്തോഷവും വ്യാപിപ്പിക്കുക എന്നത് അദ്ദേഹത്തിന്റെ ദൗത്യമാണ്.

അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽമസീഹ് ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് (അയ്യദഹു...) 2014 ഡിസംബർ 19 ന് ബൈത്തുൽ ഫുതൂഹ് ലണ്ടനിൽനിർവഹിച്ച ജുമുഅ ഖുത്വ്ബയുടെ സംഗ്രഹം

ഇന്ന് മുസ്‌ലിം രാജ്യങ്ങളിൽ കണ്ടുവരുന്നതുപോലുള്ള അക്രമങ്ങളും ദ്രോഹങ്ങളും സംഭവങ്ങളും അമുസ്‌ലിം രാജ്യങ്ങളിൽ ഇല്ലാത്തതായിട്ടാണ് നാം കാണുന്നത്. കുറഞ്ഞപക്ഷം മുസ്‌ലിം രാജ്യങ്ങളിലുള്ളത്ര ഭയാനകമായിട്ടില്ല. വികസ്വര രാജ്യങ്ങളിലോ അമുസ്‌ലിം രാജ്യങ്ങളിലോ ഏതെങ്കിലും സംഭവമുണ്ടായാൽതന്നെ, അക്രമം ഭരണകർത്താക്കളിൽ നിന്നുണ്ടായാലും ഏതെങ്കിലും ഗ്രൂപ്പിന്റെ അംഗത്തിൽനിന്നുണ്ടായാലും അതിനെതിരെ ശക്തമായ പ്രതികരണവും ഉണ്ടാകാറുണ്ട്. കഴിഞ്ഞ ദിവസം അമേരിക്കയിൽ ഒരു സംഭവമുണ്ടായി. അപ്പോൾ അതിനെതിരിൽ അതിശക്തമായ പ്രതികരണമാണുണ്ടായത്.

എന്നാൽ, ഇസ്‌ലാം എത്രമാത്രം സന്തോഷത്തിന്റേയും സ്നേഹത്തിന്റേയും സാഹോദര്യത്തിന്റേയും ഉപദേശമാണ് നല്കുന്നത്. പക്ഷേ, ഇക്കാലത്തെ മുസ്‌ലിം ഭരണകൂടങ്ങളും ഇസ്‌ലാമിന്റെ പേരിൽ രൂപീകൃതമായിട്ടുള്ള സംഘടനകളും സ്വാർഥ താൽപര്യങ്ങൾക്കുവേണ്ടിയോ സമാധാനം സ്ഥാപിക്കാനെന്ന പേരിലോ ഇസ്‌ലാമിന്റെ നാമത്തിൽ അക്രമത്തിന്റെ പ്രകടനം കാഴ്ചവെക്കുകയാണ് ചെയ്യുന്നത്. അതായത് ഇസ്‌ലാമികാധ്യാപനങ്ങൾക്ക് തികച്ചും വിരുദ്ധമായ പ്രവർത്തികളാണ് ചെയ്യുന്നത്. ഇക്കാലത്ത് ഇസ്‌ലാമിന്റെ പേരിൽ അല്ലെങ്കിൽ ശരീഅത്ത് നിയമങ്ങൾ നടപ്പിൽ വരുത്താനെന്ന പേരിൽ ധാരാളം ഭീകര പ്രസ്ഥാനങ്ങൾ ഉണ്ടായിക്കഴിഞ്ഞിരിക്കുന്നു. അവർ കാഴ്ചവെച്ചുകൊണ്ടിരിക്കുന്ന അക്രമപ്രവർത്തനങ്ങൾ കണ്ടിട്ട്, ആ പ്രവൃത്തികൾ മനുഷ്യനാണോ അതോ അവന്റെ കോലത്തിൽ മൃഗങ്ങളെക്കാൾ ദുഷിച്ച ഏതെങ്കിലും സൃഷ്ടികളാണോ ചെയ്തുകൊണ്ടിരിക്കുന്നതെന്നോർത്ത് മനുഷ്യൻ ദുഃഖിതനായിത്തീരുന്നു.

കഴിഞ്ഞ ദിവസം (16-12-2014)പാകിസ്താനിൽ അക്രമത്തിന്റെ ഒരു രൂപം നമ്മുടെ മുമ്പിൽ വന്നു.അത് കേവലം അക്രമമായിരുന്നില്ല. പ്രത്യുത മൃഗീയതയുടേയും കനിവില്ലായ്മയുടേയും ദുഷിച്ച ഉദാഹരണമായിരുന്നു. അത്തരം കാര്യങ്ങൾ കാണുമ്പോൾ ഒരു മനുഷ്യന്റെ രോമങ്ങൾ എഴുന്നുനിന്നുപോകുന്നു. അത്തരം സംഭവങ്ങൾ ഉണ്ടാകുമ്പോൾ മനുഷ്യത്വം അല്പമെങ്കിലും തീണ്ടിയിട്ടുള്ള വ്യക്തിപോലും ആകുലപ്പെടുന്നു. അവൻ അസ്വസ്ഥനായിത്തീരുന്നു. ചോരകൊണ്ടുള്ള ഇത്തരം ഹോളി ഏകദേശം നാലര വർഷം മുമ്പേ ലാഹോറിലെ നമ്മുടെ മസ്ജിദുകളിലും കളിക്കപ്പെട്ടിരുന്നു. ഇവിടെത്തെ ഒരു ടി.വി ചാനലും പിന്നീട് ബി.ബി.സി യും പാകിസ്താനിൽ കഴിഞ്ഞ കുറച്ചു വർഷങ്ങൾക്കുളളിൽ ഉണ്ടായിട്ടുളള ഏറ്റവും ഹീനമായ അഞ്ച് സംഭവങ്ങളെക്കുറിച്ച് എടുത്ത് പറയുകയുണ്ടായി. ഇവയിൽ ലാഹോറിൽ നമ്മുടെ മസ്ജിദുകളിൽ നടന്ന സംഭവങ്ങളെക്കുറിച്ചും പറഞ്ഞിരുന്നു. എന്തായാലും നമ്മുടെ മസ്ജിദുകളിൽ നമ്മുടെമേൽ ചെയ്യപ്പെട്ട അക്രമങ്ങളെ സർക്കാർ ശ്രദ്ധാർഹമായി മനസ്സിലാക്കിയില്ല. അത് സഹാതാപാർഹമോ വ്യസനാർഹമോ ആയി ഒരാളും കരുതിയില്ല. പൊതുജനങ്ങളും ഖേദം പ്രകടിപ്പിക്കുകയോ അപലപിക്കുകയോ ചെയ്തില്ല; ഭൂരിഭാഗവും മൗലവിമാരെ ഭയക്കുന്നതു കൊണ്ടാകാം.

പക്ഷേ, അഹ്മദികളായ നമ്മൾ മനുഷ്യകുലത്തോടു സഹതാപമുള്ളവരാണ്. മനുഷ്യരുടെ വിഷമങ്ങളിൽ നമ്മൾ അസ്വസ്ഥരായിപ്പോകുന്നു. അവർ നമ്മുടെ രാജ്യക്കാരാണ്. എല്ലാവരും മുസ്ലീംകളെന്ന് പറയപ്പെടുന്നവരാണ്. അവർക്കുവേണ്ടി നമ്മുടെ മനസ്സ് കാരുണ്യത്തിന്റെ വികാരത്താൽ നിർഭരമായിത്തീരുന്നു. പാകിസ്താനിൽ കഴിഞ്ഞ ദിവസമുണ്ടായ സംഭവത്തിൽ നമ്മൾ അസ്വസ്ഥരാണ്. അവരുടെ മേലുണ്ടായ അക്രമം കണ്ടിട്ട് നമുക്ക് സഹതാപമുണ്ട്. നമ്മൾ അസ്വസ്ഥരാകേണ്ടതായിരുന്നു. അസ്വസ്ഥരാകുകയും ചെയ്തു. കാരണം ഈ പാകിസ്താനികൾ നമ്മളിൽനിന്നുളളവരാണെന്ന് മാത്രമല്ല ഇവിടെയിരിക്കുന്ന ഭൂരിപക്ഷമാളുകളുടേയും സ്വന്തം നാട്ടുകാരായ മുസ്ലീംകളാണ്. മൃഗീയതയുടെ അങ്ങേയറ്റത്തെ അവസ്ഥയാണ് ഈ സംഭവം തുറന്നു കാട്ടിയത്. കാരണം ഇതിന്നിരയായവരിൽ അധികവും നിഷ്കളങ്കരായ 5, 6, 7, വയസ്സ് പ്രായമുള്ള കുട്ടികളായിരുന്നു. 10,11, 12, 13 വയസ്സ് പ്രായമുള്ള യുവത്വത്തിലേക്ക് കാലെടുത്തുവെക്കുന്നവരായിരുന്നു. ഭീകരത എന്താണെന്നുള്ള ഒരു അറിവും അവർക്കുണ്ടായിരിക്കുകയില്ല. മുസ്ലിമും അമുസ്ലിമും തമ്മിലുള്ള വ്യത്യാസമെന്താണെന്നും അക്കുട്ടികൾ അറിയാനിടയില്ല. വളരെ അക്രമപരമായ രീതിയിലാണ് അവരുടെ ജീവൻ എടുക്കപ്പെട്ടത്.

അല്ലാഹു അവരെ എല്ലാവരേയും മഗ്ഫിറത്തിന്റേയും കാരുണ്യത്തിന്റേയും പുതപ്പിൽ പൊതിയുമാറാകട്ടെ. അവരുടെ മാതാപിതാക്കൾക്ക് ക്ഷമയും സഹിഷ്ണുതയും പ്രദാനം ചെയ്യുമാറാകട്ടെ.

ശരീഅത്ത് നടപ്പിൽ വരുത്താൻ നടക്കുന്ന ഈ നാമധാരികളായ മുസ്ലീംകൾ ഈ കുട്ടികളെ അക്രമത്തിന് കുറിമാനമാക്കിയത് പാകിസ്താൻ സൈന്യത്തോടുളള പകപോക്കാനാണെന്ന് പറയപ്പെടുന്നു. ഇതെന്തൊരു ഇസ്ലാമാണ്? ഏതൊരു ശരീഅത്താണ്? നബി(സ) തിരുമേനി യുദ്ധം നടക്കുന്ന ഘട്ടത്തിലും അമുസ്ലീംകളുടെ കുട്ടികളുടേയും സ്ത്രീകളുടേയുംമേൽ വാളുയർത്തുന്നത് ശക്തമായി വിരോധിച്ചിരുന്നു. ഒരു യഹൂദിയുടെ കുട്ടിയെ കൊലപ്പെടുത്തിയതുമായി ബന്ധപ്പെട്ട് ഒരു സ്വഹാബിയെ ചോദ്യം ചെയ്തു. അപ്പോൾ ആ സ്വഹാബി ചോദിച്ചു:'അല്ലാഹുവിന്റെ റസൂലേ! ഇതൊരു യഹൂദിയുടെ കുട്ടിയായിരുന്നു. അഥവാ അബദ്ധത്തിൽ വധിക്കപ്പെട്ടെങ്കിൽ അതിലെന്തിരിക്കുന്നു?' നബി(സ)ചോദിച്ചു: 'അതൊരു നിഷ്കളങ്കനായ മനുഷ്യക്കുട്ടിയായിരുന്നില്ലേ?' ഇതാണ് മാനദണ്ഡം! മനുഷ്യത്വത്തിന്റെ യഥാർഥ നില സ്ഥാപിക്കുന്നതിനുവേണ്ടിയുള്ള നബി(സ)തിരുമേനിയുടെ ഉദാത്തമായ ജീവിത മാതൃകയാണത്. ഇസ്ലാമിന്റെപേരിൽ അക്രമം പ്രവർത്തിക്കുന്നവരുടെ മാതൃക ഇതും!!!

ഇത് പൊതുവെ നമ്മൾ കണ്ടുകൊണ്ടിരിക്കുന്നതാണ്. ഞാൻ പറഞ്ഞതുപോലെ ഈ നിർദയമായ അക്രമത്തിൽ മുസ്ലിമും അമുസ്ലിമുമായ എല്ലാ ഓരോരുത്തരും ദുഃഖം പ്രകടിപ്പിച്ചിരിക്കുന്നു. ഇവിടെ രണ്ടുദിവസം മുമ്പേ ആദ്യത്തെ വനിതാ ബിഷപ്പിന്റെ സ്ഥാനാരോഹണ ചടങ്ങ് ചർച്ച് ഓഫ് ഇംഗ്ലണ്ട് സംഘടിപ്പിച്ചിരുന്നു. അതിലും തങ്ങളുടെ പരിപാടിക്കു മുമ്പേ ഈ സംഭവത്തിൽ ദുഃഖം പ്രകടിപ്പിച്ച് ഒരു മിനിറ്റ് മൗനം പാലിച്ച് നില്ക്കുകയുണ്ടായി. തങ്ങളുടേതായ രീതിയിൽ പ്രാർഥിച്ചു. ഇതു തെളിയിക്കുന്നത് മതഭേദമില്ലാതെ എല്ലാവർക്കും ഈ സംഭവത്തിൽ ദുഃഖമുണ്ടായി എന്നാണ്. പക്ഷേ, ഈ മുസ്ലിം എന്ന് പറയപ്പെടുന്നവർ വളരെ അഭിമാനത്തോടെ തങ്ങളാണ് ഇതു ചെയ്തതെന്ന് സമ്മതിക്കുകയും ഒന്നോ രണ്ടോ അല്ല മറിച്ച് മൂന്ന് നാല് സംഘടനകൾ ചേർന്നാണ് ഈ അക്രമം ചെയ്തതെന്നും ഇക്കാര്യത്തിൽ തങ്ങൾക്ക് ഒരു നാണക്കേടുമില്ലെന്നും പ്രഖ്യാപിച്ചിരിക്കുകയാണ്.

അല്പംമാത്രം മാന്യതയുളള വർപോലും ഇതിൽ ദുഃഖവും ഖേദവും പ്രകടിപ്പിക്കുന്നത് നമ്മൾ കാണുന്നു. അഹ്മദികളുടെ മനസ്സിൽ മനുഷ്യകുലത്തിനുവേണ്ടി അങ്ങേയറ്റത്തെ വേദനയാണുള്ളത്. നമ്മൾ വേദന സഹിക്കാൻ എപ്പോഴും തയ്യാറായിരിക്കുന്നവരാണ്. നിസാര സംഭവമെന്തെങ്കിലും ഉണ്ടായാൽമതി നമ്മുടെ ഹൃദയം തകർന്നുപോകും. ഇതുസംബന്ധമായി, ഈ സംഭവത്തിൽ ദിവസം മുഴുവൻ അസ്വസ്ഥതയിലും വിഷമത്തിലുമാണ് കഴിഞ്ഞതെന്ന് പറഞ്ഞ് എനിക്ക് ധാരാളം കത്തുകൾ ലഭിക്കുകയുണ്ടായി. ഇത് യാഥാർഥ്യമാണ്.

എന്റെ തന്നെയും അവസ്ഥ ദിവസം മുഴുവൻ മനസ്സ് അസ്വസ്ഥമായിരുന്നു എന്നതാണ്. അതെത്രയെന്നാൽ, ഈ അക്രമികളെ നാമാവശേഷമാക്കാൻ ശാപപ്രാർഥന പുറപ്പെടുന്നു. അല്ലാഹു ഈ അക്രമികളിൽനിന്നും ദുഷ്ടരിൽനിന്നും എത്രയും വേഗം രാജ്യത്തെ സംശുദ്ധമാക്കുമാറാകട്ടെ. എന്നല്ല എല്ലാ ഇസ്‌ലാമിക രാജ്യങ്ങളേയും ശുദ്ധീകരിക്കുമാറാകട്ടെ.

ഈ സംഭവങ്ങൾ അഹ്മദികളുടെ മേലുണ്ടായ മുറിവുകൾക്ക് മേൽ മറ്റൊരു മുറിവായി നിൽക്കുന്നു. ഞാൻ പറഞ്ഞിരുന്നതുപോലെ ഈ ഭീകരതയുടേയും അക്രമത്തിന്റെയും സംഭവങ്ങൾ മുസ്‌ലിം എന്ന് പറയപ്പെടുന്ന മിക്ക രാജ്യങ്ങളിലുമുണ്ട്. ഇതൊരു പാകിസ്താന്റെ കാര്യമല്ല. ഇറാഖ്, ശാം, ലിബിയ തുടങ്ങി എല്ലാ രാജ്യങ്ങളിലുമുണ്ട്. എല്ലാത്തിലും ഉപരിയായിട്ടുള്ള കാര്യം ഈ എല്ലാ അക്രമങ്ങളും അല്ലാഹുവിന്റേയും അവന്റെ റസൂലിന്റേയും പേരിലാണ് നടന്നുകൊണ്ടിരിക്കുന്നത് എന്നതാണ്. സിറിയ ദേശത്ത് സർക്കാരും സുന്നികളും തമ്മിലുള്ള പോരാട്ടമാണ്. റിപ്പോർട്ടനുസരിച്ച് ഒരു ലക്ഷത്തി മുപ്പതിനായിരംപേർ ഇവിടെ കൊല്ലപ്പെട്ടിട്ടുണ്ട്. ഐ.സി. എസ് മുഖേന ആയിരക്കണക്കിനാളുകൾ വധിക്കപ്പെട്ടു. നൂറുക്കണക്കിന് സ്ത്രീകളേയും പെൺകുട്ടികളേയും ഒരു വരിയിൽ നിറുത്തി വെടിയുതിർത്ത് കൊന്നത് അവരുമായുള്ള വിവാഹബന്ധം നിഷേധിച്ചകാരണത്താലാണ്. ചില മാധ്യമങ്ങളിലൂടെ കിട്ടിയ കണക്കനുസരിച്ച് അക്രമങ്ങളുടേയും മരണങ്ങളുടേയും സംഖ്യ ഇതിനെക്കാൾ വളരെ കൂടുതലാണ്. ഈ എല്ലാ കാര്യങ്ങളും കാണുമ്പോൾ ഇസ്‌ലാമിന്റെ യാഥാർഥ്യം അറിയുന്നവരുടെ മനസ്സ് അസ്വസ്ഥമാകുകയാണ്. ഇതെന്തെല്ലാമാണുണ്ടായിക്കൊണ്ടിരിക്കുന്നത്? ഇസ്‌ലാമിന്റെ പേരിൽ ഉണ്ടായിക്കൊണ്ടിരിക്കുന്നത്? ഏതൊരു ഇസ്‌ലാമികാധ്യാപനങ്ങളുടെ പേരിലാണ് ഈ പ്രവൃത്തികൾ നടന്നുകൊണ്ടിരിക്കുന്നതോർത്ത് മനുഷ്യൻ വിഷമിച്ചു പോകുന്നു. അതേ, ഇതെല്ലാം പരമ കാരുണികനായ അല്ലാഹുവിന്റെ പേരിലാണ് നടന്നുകൊണ്ടിരിക്കുന്നത്. അവൻ പൊറുക്കുന്നവനും കരുണാമയനുമായ അല്ലാഹുവാണ്. അവൻ എത്രമാത്രം ദയാലുവായ അല്ലാഹുവാണെന്ന് വച്ചാൽ, അത് മനുഷ്യന് സങ്കല്പിക്കാൻകൂടി സാധ്യമല്ല. മുഴുലോകത്തിനും കാരുണ്യമെന്ന് അല്ലാഹു പറഞ്ഞ ആ റസൂലിന്റെ പേരിലാണ് ഇത് നടക്കുന്നത്! അല്ലാഹു, ശത്രുവിനോടും ന്യായത്തോടും നീതിയോടുംകൂടി പെരുമാറണമെന്ന് പഠിപ്പിച്ച വിശുദ്ധ ഖുർആന്റെ പേരിലാണ് ഈ അക്രമങ്ങൾ നടന്നുകൊണ്ടിരിക്കുന്നത്! അല്ലാഹു പറയുന്നു:

**യാ അയ്യുഹല്ലദീന ആമനൂ! കൂനൂ ഖവ്വാമീന ലില്ലാഹി ശുഹദാഅ ബിൽഖിസ്തി-വലാ യജ്‌രിമന്നക്കും ശനആനു ഖൗമിൻ അലാ-അല്ലാ തഅ്ദിലൂ ഇഅ്ദിലൂ ഹുവ അഖ്റബു ലിത്തഖ്‌വാ വത്തക്കുല്ലാഹ് ഇന്നല്ലാഹ ഖബീറുൻ ബിമാ തഅ്മലൂൻ**

വിശ്വസിച്ചവരേ! നിങ്ങൾ നീതിക്കു സാക്ഷ്യം വഹിക്കുന്നവരായി അല്ലാഹുവിനുവേണ്ടി നിലകൊള്ളുക. ഒരു സമുദായത്തോടുള്ള ശത്രുത അവരോട് നീതിപാലിക്കാതിരിക്കാൻ നിങ്ങളെ പ്രേരിപ്പിക്കാതിരിക്കട്ടെ. നിങ്ങൾ നീതി പാലിക്കുക. അത് ദൈവഭക്തിയുമായി ഏറ്റവും അടുത്തതാണ്. നിങ്ങൾ അല്ലാഹുവിനെ ഭയപ്പെടുവിൻ! തീർച്ചയായും അല്ലാഹു നിങ്ങൾ പ്രവർത്തിക്കുന്നതിനെക്കുറിച്ച് സൂക്ഷ്മമായി അറിവുള്ളവനാണ്.(5:9)

ഇവിടെ അല്ലാഹു നീതിയുടെ നിലവാരത്തെ ഒരു മുഅ്മിന് ഉയർത്തുകയാണ്. ഇതില്ലെങ്കിൽ ഈമാനില്ല. ഏതെങ്കിലും ജനതയുടെ ശത്രുതയും നീതിയുടെ നിലവാരങ്ങളിൽനിന്ന് നിങ്ങളെ താഴേക്ക്ചായിക്കുന്നതാകരുത്. ഇസ്‌ലാമിന്റെ മനോഹരമായ അധ്യാപനം ലോകത്ത് പ്രകടമാകുംവിധം നീതിയുടെ മാതൃക നിങ്ങൾ കാണിക്കുക. നിങ്ങളുടെ നീതിയുടേയും നന്മയുടേയും മാതൃക ഇസ്‌ലാമിന്റെ മനോഹരമായ അധ്യാപനത്തിന് സാക്ഷിയായിത്തീരട്ടെ. ഇസ്‌ലാമികാധ്യാപനത്തിനു നേരെ ആരുടേയും വിരൽ ചൂണ്ടുന്ന അവസ്ഥ ഉണ്ടാകാതിരിക്കട്ടെ. അഹോ കഷ്ടം! ഈ മുസ്‌ലീംകൾ എന്ന് പറയപ്പെടുന്നവർ ആത്മപരിശോധന നടത്തിയിരുന്നെങ്കിൽ! അതായത് അവരുടെ മാതൃക ഇസ്‌ലാമികാധ്യാപനങ്ങളിലേക്ക് അമുസ്‌ലീംകളെ ആകർഷിക്കുംവിധമുള്ളതാണോ എന്ന് നോക്കിയിരുന്നെങ്കിൽ! ഇവരുടെ കർമങ്ങൾ സ്വന്തം ആളുകളെക്കൂടി ദൂരത്തേക്ക് തള്ളിഅകറ്റിക്കൊണ്ടിരിക്കുകയാണ്. തങ്ങളുടെ കൂട്ടുകാരെ അക്രമത്തിന് ഇരയാക്കിയവരെ ഈ കുട്ടികൾ എപ്പോഴെങ്കിലും മുസ്‌ലിമായിട്ട് അംഗീകരിക്കുമോ? അംഗീകരിക്കുകയാണെങ്കിൽ തീർച്ചയായും ആ മനസ്സുകളിൽ ചോദ്യമുണ്ടാകും! നമ്മൾ വിശ്വസിക്കേണ്ട ഇസ്‌ലാമാണോ ഇത്? അതിനാൽ ഇവർ കേവലം ബാഹ്യമായിട്ടുള്ള കൊല്ലുംകൊലയുമല്ല നടത്തിക്കൊണ്ടിരിക്കുന്നത്. മറിച്ച് വരും തലമുറയേയും നശിപ്പിച്ചുകൊണ്ടിരിക്കുകയാണ്. ഇസ്‌ലാമിൽനിന്ന് അകറ്റിക്കൊണ്ട് പോകുകയാണ് ചെയ്യുന്നത്. അഹോ കഷ്ടം! ജിഹാദിന്റേയും കക്ഷികളുടേയും പേരിൽ ഭീകരതയ്ക്ക് ജന്മം നല്കിയ മുസ്‌ലിം ഉലമാ എന്ന് പറയപ്പെടുന്നവർ തങ്ങളുടെ ഖിബ്‌ല നന്നാക്കി സ്വന്തം തലമുറകളെ യഥാർഥ ഇസ്‌ലാമിന്റെ വക്താക്കളാക്കുകയും ഈ ഭീകരവാദ സംഘങ്ങളെ ഉന്മൂലനം ചെയ്യുന്നതിന് യഥാർഥ ഇസ്‌ലാമികാധ്യാപനങ്ങളുടെ ആയുധങ്ങൾ ഉപയോഗിക്കുകയും ചെയ്തിരുന്നെങ്കിൽ!

ഇത് സാധ്യമാകുന്നത് കാലത്തിന്റെ ഇമാം പറയുന്ന കാര്യം അംഗീകരിച്ച് യഥാർഥ ഇസ്‌ലാം അനുസരിച്ച് സ്വയം പ്രവർത്തിക്കുകയും മറ്റുള്ളവരെക്കൊണ്ട് പ്രവർത്തിപ്പിക്കുകയും ചെയ്യുമ്പോഴാണ്. നബി(സ)തിരുമേനിയുടെ വാഗ്ദാനമനുസരിച്ച് ആഗതരായ വാഗ്ദത്തമസീഹ് ഹദ്റത്ത് അഹ്മദ് (അ) മൗലവിമാരെ അവരുടെ പരിഷ്കരണത്തിലേക്ക് ശ്രദ്ധ ക്ഷണിച്ചു

കൊണ്ട് ഒരിടത്ത് പറയുന്നു: 'ഇസ്‌ലാമിലെ മൗലവിമാർ യോജിച്ചു കൊണ്ട് മൃഗസ്വഭാവക്കാരായ മുസ്‌ലീംകളുടെ മനസ്സുകളിൽനിന്ന് ഭീകരതയോടുളള വാസനയും ജിഹാദിനെക്കുറിച്ചുളള തെറ്റായ ധാരണകളും നീക്കുകയാണെങ്കിൽ അത് സമുദായത്തിനു ചെയ്യുന്ന ഏറ്റവും വലിയ നന്മയായിരിക്കും. ഇതുമാത്രമല്ല പ്രത്യുത അതുമുഖേന ഇസ്‌ലാമിന്റെ ഗുണവിശേഷങ്ങളുടെ കനപ്പെട്ട വേര് ജനങ്ങളിൽ പ്രത്യക്ഷപ്പെടുകയും ചെയ്യും. മതവിരോധികൾ ഇസ്‌ലാമിനെ സംബന്ധിച്ച് ഉണ്ടാക്കിയിട്ടുളള സകല വെറുപ്പുകളും അകലുകയും ചെയ്യും.'

ഇതാണ് ഇസ്‌ലാമിന്റെ മനോഹര അധ്യാപനത്തെ പ്രചരിപ്പിക്കുന്നതിനുളള ഹദ്റത്ത് മസീഹ് മൗഊദി(അ)ന്റെ വേദന. അതിനുവേണ്ടി അനഹ്മദി മൗലവിമാരോട് ആ മഹാത്മാവ് അഭ്യർഥിക്കുകയുണ്ടായി. അതായത് ഭീകരതയുടെ പാഠങ്ങൾ മനസ്സുകളിൽനിന്ന് നീക്കി സ്നേഹത്തിന്റേയും സന്തോഷത്തിന്റേയും പാഠങ്ങൾ നടപ്പിൽ വരുത്തുക. പക്ഷേ, ഇക്കാര്യം കേൾക്കാൻ ഈ നാമധാരികളായ മൗലവിമാർ എവിടന്ന് തയ്യാറാവാനാണ്? അവരുടെ ഉദ്ദേശ്യം ദീനുൽ ഇസ്‌ലാമിന്റെ പവിത്രത സ്ഥാപിക്കുന്നതിനു പകരം രാഷ്ട്രീയപരവും സ്വാർഥപരവുമായ നേട്ടങ്ങൾ കരസ്ഥമാക്കുക എന്നതായിരിക്കുന്നു.

ഞാൻ നോക്കിയിടത്തോളം ഈ സംഭവത്തിൽ ദുഃഖത്തിന്റേയും ദ്വേഷത്തിന്റേയും പ്രകടനവും ഉലമാക്കളിൽനിന്ന് ശക്തമായ നിലയിൽ ഉണ്ടായിട്ടില്ല. ഒരു പക്ഷേ ഇന്ന് ജുമുഅ ഖുത്ബയിൽ ചിലയാളുകൾ ചെയ്തിട്ടുണ്ടാകും. അല്ലാഹുവിന്റെ ഈ കല്പനയെ നാം എപ്പോഴും ഓർമവെക്കേണ്ടതാണ്. അതായത് 'വത്തഖുല്ലാഹ്.' അല്ലാഹുവിനെ ഭയപ്പെടുവിൻ. അല്ലാഹു നിങ്ങൾ ചെയ്യുന്ന എല്ലാ കാര്യങ്ങളും അറിഞ്ഞുകൊണ്ടിരിക്കുന്നവനാണ്. അല്ലാഹു ഓരോ കാര്യവും അറിയുന്നത് വെറും അറിഞ്ഞിരിക്കുന്നതിന് വേണ്ടിയല്ല. പ്രത്യുത ഓരോ കർമവും മനുഷ്യന്റെ ഭാഗധേയം വിധിക്കുകയും ചെയ്യുന്നു. അക്രമം ചെയ്യുന്നവൻ തീർച്ചയായും ദുർപര്യവസാനത്തിൽ എത്തുന്നതാണ്. അതുകൊണ്ട് നിങ്ങളുടെ ദുൻയാവും ആഖിറത്തും ഒരുക്കണമെങ്കിൽ അല്ലാഹുവിന്റെ കല്പന മുമ്പിൽ വെക്കുക. അതായത് ശത്രുവിനോടും നീതിയോടെ പെരുമാറുക. കലിമ ചൊല്ലുന്നവരെക്കുറിച്ച് അല്ലാഹു പറയുന്നു: **'റുഹമാഉ ബയ്നഹും.'** പക്ഷേ, ഇവിടെ **റുഹമാഉ ബയ്നഹും** എന്നത് വിദൂരമായ കാര്യമാണ്. ഇവർ സ്വന്തമാളുകളോടും ശത്രുക്കളോടെന്നതിനെക്കാൾ ക്രൂരമായിട്ടാണ് പെരുമാറുന്നത്. അക്കാര്യങ്ങൾ നമ്മൾ കണ്ടുകൊണ്ടിരിക്കുന്നു. ലക്ഷം, ഒരുലക്ഷം, രണ്ടുലക്ഷമാളുകൾ വെറും ഒരൊറ്റ രാജ്യത്ത് വധിക്കപ്പെട്ടു. സ്വന്തമാളുകളോട് അക്രമപരമായി പെരുമാറി. സ്കൂളിൽ കുട്ടികളെ വധിച്ചു. ശഹീദാക്കി. ഇതും അക്രമത്തിന്റെ പാരമ്യതയാണ്. ഇവർ എന്താണ് മനസ്സിലാക്കുന്നത്? അവർ ചെയ്ത അക്രമം അല്ലെങ്കിൽ ചെയ്തുകൊണ്ടിരിക്കുന്ന അക്രമങ്ങൾക്ക് അവർ പിടിക്കപ്പെടാതെ രക്ഷപ്പെടുമെന്നോ? ഇല്ല. ഇതൊരിക്കലും സംഭാവ്യമല്ല. അല്ലാഹു പറയുന്നു:

**വമൻയഖ്ത്തുൽ മുഅ്മിനൻ മുത്തഅമ്മിദൻ ഫജസാഉഹൂ ജഹന്നമു ഖാലിദൻ ഫീഹാ വ ഗളിബല്ലാഹു അലയ്ഹി വ ലഅനഹൂ വ അഅദ്ദ ലഹൂ അദാബൻ അളീമാ**

ഇനി ആരെങ്കിലും ഒരു സത്യവിശ്വാസിയെ മനഃപൂർവം വധിക്കുന്നതായാൽ അവനുളള ശിക്ഷ നരകമാണ്. അതിൽ അവൻ വസിക്കുന്നതാണ്. അല്ലാഹു അവന്റെ നേരെ കോപിക്കുകയും അവനെ ശപിക്കുകയും ചെയ്യുന്നതാണ്. അവന് വലിയ ശിക്ഷ ഒരുക്കി വെച്ചിട്ടുണ്ട്.(4:94) തുടർന്ന് അല്ലാഹു പറയുന്നു:

**'വലാ തഖൂലൂ ലിമൻ അൽഖാ ഇലയ്ക്കുമുസ്സലാമ ലസ്ത മുഅ്മിനാ'**

നിങ്ങൾക്ക് സലാം പറയുന്നവരോട് 'നീ സത്യവിശ്വാസിയല്ല'എന്ന് പറയരുത്. സാഹോദര്യബന്ധത്തിന്റെ പവിത്രത ഇസ്‌ലാം സ്ഥാപിച്ചിരിക്കുന്നു. ഈ പവിത്രതയെ ആരെങ്കിലും ഇല്ലായ്മ ചെയ്യാൻ ശ്രമിച്ചാൽ അപ്പോൾ തീർച്ചയായും നരകമായിരിക്കും അവന്റെ സങ്കേതം. അല്ലാഹുവിന്റെ ശാപത്തിന്റെ കീഴിലാണ് അവനുളളതെന്ന് അല്ലാഹു പറയുന്നു. അതിൽ അവർ എന്നെന്നും ഇരിക്കുന്നതാണ്.

അവരുടെ ഉലമാക്കൾ അവർക്ക് നല്കിയ തെറ്റായ പാഠം കാരണത്താൽ ചാവേർ ആക്രമണം നടത്തിയോ അല്ലെങ്കിൽ ഏറ്റുമുട്ടലിൽ വധിക്കപ്പെട്ടോ തങ്ങൾക്ക് മരിച്ച് അല്ലാഹുവിന്റെ തൃപ്തി കരസ്ഥമാക്കാമെന്നാണ് വിചാരിക്കുന്നത്. എന്നാൽ, മുഅ്മിനീംകളെ കൊന്നിട്ട് നിങ്ങൾ അല്ലാഹുവിന്റെ തൃപ്തി കരസ്ഥമാക്കുകയില്ലെന്ന് അല്ലാഹു വ്യക്തമായും പറയുന്നു. എന്നല്ല അവന്റെ ശാപത്തിന് പാത്രമാകുന്നതാണ്. എന്നെന്നേക്കുമായി നരകമായിരിക്കും നിങ്ങളുടെ സങ്കേതം. മുഅ്മിനെ സംബന്ധിച്ച് പറഞ്ഞത് നിങ്ങൾക്ക് ആരെങ്കിലും സലാം പറഞ്ഞാൽ അവനെ വധിക്കാൻ നിങ്ങൾക്കൊരു അവകാശവുമില്ലെന്നാണ്. ഇനി അവർ പറയട്ടെ! ഈ നിഷ്കളങ്കരായ കുട്ടികൾ എന്തു തെറ്റാണ് ചെയ്തത്? അവർ സമൂഹത്തിന്റെ ഉത്തമഭാഗമാകുന്നതിനു വേണ്ടി, രാഷ്ട്രത്തിന്റെ മൂലധനമായിത്തീരുന്നതിനുവേണ്ടി, സമാധാനം പ്രചരിപ്പിക്കുന്നതിനുവേണ്ടി പഠിക്കുകയായിരുന്നു. ഇതിനുവേണ്ടിയായിരിക്കും അവർ സ്കൂളുകളിൽ വന്നിരുന്നത്. ഇസ്‌ലാമിന്റെ മനോഹരമായ അധ്യാപനങ്ങൾ നിലവിലുണ്ടായിരുന്നിട്ടും ഭീകരവാദം പഠിപ്പിക്കുന്ന ഈ നാമധാരികളായ ഉലമാക്കൾ പറയുന്നതു കേൾക്കുമ്പോൾ അത്ഭുതം തോന്നുന്നു. അവർ പറയുന്ന ഇക്കാര്യങ്ങൾ കേട്ടുകൊണ്ടുതന്നെയാണ് അറിവ് കുറഞ്ഞവരും അജ്ഞരും അവരിൽ ആകർഷിതരാകുന്നത്. പിന്നീട് മൃഗീയതയല്ലാതെ മറ്റൊന്നുമില്ലാത്ത പ്രവൃത്തികൾ ചെയ്യുന്നു. അതിന്റെ പര്യവസാനം ജഹന്നമാ

ണെന്ന് അല്ലാഹു പറഞ്ഞു. പക്ഷേ, ഇക്കൂട്ടർ ജഹന്നമിനെ എന്തൊ എളുപ്പമുള്ള കാര്യമായിട്ട് മനസ്സിലാക്കുന്നതുപോലെ തോന്നുന്നു. അല്ലെങ്കിൽ അല്ലാഹു പറഞ്ഞിട്ടുള്ളതിൽ ഇവർക്ക് വിശ്വാസമില്ല. അല്ലാഹു ഈ മുന്നറിയിപ്പ് നല്കിയിട്ടും അവരിൽ അത് ഒരു ഫലവുമുണ്ടാക്കുന്നില്ല. പരസ്പരം കഴുത്തറുത്തുകൊണ്ടേ പോകുന്നു. ആഖിറത്തിൽ പരിപൂർണ വിശ്വാസമില്ലെങ്കിൽ അല്ലാഹു ഈ ദുൻയാവിലുണ്ടാകുന്ന അവസ്ഥയെ കുറിച്ചും നമ്മളോടു പറഞ്ഞു.നിങ്ങളുടെ അന്ത്യം എന്തായിരിക്കുമെന്ന്. നിങ്ങൾ സഹോദരി സഹോദരന്മാരുടെ പവിത്രത ഇല്ലായ്മചെയ്താൽ ഇവിടെത്തന്നെ നിങ്ങളുടെ കണക്ക് അവസാനിക്കുന്നതായിരിക്കും. ഈ ദുൻയാവിലെ നേട്ടങ്ങൾ നിങ്ങൾക്ക് കരസ്ഥമാക്കാൻ സാധിക്കുകയില്ല. ഏതൊരു ലോകത്തിനുവേണ്ടിയാണോ നിങ്ങൾ ഇതെല്ലാം കാട്ടിക്കൂട്ടുന്നത് അതും നിങ്ങൾക്ക് ലഭിക്കുകയില്ല. അല്ലാഹു പറയുന്നു:

**വഅത്വീഉല്ലാഹ വ റസൂലഹൂ വലാ തനാസഊ ഫതഫ്ശലൂ വ തദ്ഹബ റീഹുക്കും വസ്ബിറൂ ഇന്നല്ലാഹ മഅസ്സാബിരീൻ**

അല്ലാഹുവിനേയും അവന്റെ ദൂതനേയും അനുസരിക്കുക.നിങ്ങൾ പരസ്പരം ഭിന്നിക്കാതിരിക്കുക. അല്ലാത്തപക്ഷം നിങ്ങൾ ഭീരുക്കളായിത്തീരുകയും നിങ്ങളുടെ വീര്യം നഷ്ടപ്പെട്ടു പോകുകയും ചെയ്യുന്നതാണ്. നിങ്ങൾ സ്ഥിരചിത്തരാകുകയും ചെയ്യുക. അല്ലാഹു ക്ഷമ കൈക്കൊള്ളുന്നവരോടൊപ്പമാകുന്നു.(8:47)

അല്ലാഹു പറഞ്ഞ ഇക്കാര്യം ഇക്കാലഘട്ടത്തിൽ 100 ശതമാനവും ഇവരിൽ പൂർത്തിയായിരിക്കുന്നതായി കാണുന്നു. അതായത് പരസ്പരമുള്ള ഈ വഴക്കുകളും കലഹങ്ങളും കാരണത്താൽ മുസ്ലീംകളുടെ ശക്തി ക്ഷയിച്ചുപോയിരിക്കുന്നു. അനവധി ഭീകരസംഘങ്ങളെക്കൊണ്ട് ഭൂരിഭാഗം രാജ്യങ്ങളും യുദ്ധക്കളമായിത്തീർന്നിരിക്കുന്നു. പാശ്ചാത്യ ശക്തികളുടെ മുമ്പിൽ ഇവർ കൈനീട്ടുന്നു. മുസ്ലീംകളുടെ ഒരു സംഘടന ഇക്കൂട്ടർ ഉണ്ടാക്കിയിട്ടുണ്ടെന്നത് ശരിതന്നെ. പക്ഷേ, അതിന് ഒരു വിലയും നിലയുമില്ല. രാജ്യത്ത് സമാധാനവും ശാന്തിയും സ്ഥാപിക്കുന്നതിന് പരസ്പരം ഐക്യവുമില്ല. മുസ്ലിം രാഷ്ട്രത്തലവന്മാരും അല്ലെങ്കിൽ പ്രധാനമന്ത്രിമാരും എത്രത്തോളമെന്നാൽ സൈനികത്തലവന്മാരും പാശ്ചാത്യ രാജ്യങ്ങളിൽവന്ന് ഇവിടെത്തെ പ്രസിഡന്റ്മാരുമായും പ്രധാനമന്ത്രിമാരുമായി സംസാരിക്കുന്നു. അല്ലെങ്കിൽ അവർ ഇവരെ കുറച്ച് സഹായിക്കുന്നു. തങ്ങളുടെ നേതാക്കൾക്ക് ദുൻയാവിലെ അനുഗ്രഹം കിട്ടിയെന്ന് പൊതുജനം മനസ്സിലാക്കുകയും ചെയ്യുന്നു. അല്ലാഹുവിന്റെ കോളം കാലിയായി കിടക്കുകയാണ്. അത് അവർ ഉപേക്ഷിച്ചു കളഞ്ഞു. അത് ഉപേക്ഷിച്ചുകൊണ്ട് ഭൗതികരുടെ മുമ്പിൽ കുത്തിയിരിക്കുകയാണ്. അത് തങ്ങളുടെ നിലനില്പായി അവർ കരുതുന്നു.

ഏതുകാര്യമാണ് പറയേണ്ടത്? മുസ്ലിം എന്ന് പറയപ്പെടുന്ന രാഷ്ട്രങ്ങളെ ഇവർ നാശത്തിലേക്ക് കൊണ്ടുപോയിക്കൊണ്ടിരിക്കുകയാണ്. ഒരു അക്രമം ഉണ്ടാകുന്നു. കുറച്ചുദിവസം ഒച്ചയും ബഹളവും ഉണ്ടാകുന്നു. പിന്നീട് അതേ അക്രമികളുടെ കൈയാൽ വീണ്ടും പൊതുജനം വധിക്കപ്പെടുന്നു. അല്ലാഹു പറഞ്ഞിട്ടുള്ള കാര്യം അംഗീകരിക്കാത്തിടത്തോളം, ശത്രുക്കളോടും നീതിയുടെ നിലവാരം നിലനിറുത്താത്തിടത്തോളം സലാം പറയുന്നവർക്ക് സമാധാനം നല്കാത്തിടത്തോളം, സാഹോദര്യ ബന്ധത്തിന്റെ നിലവാരം സ്ഥാപിക്കാത്തിടത്തോളം സർക്കാർ പ്രജകളെ ശ്രദ്ധിക്കാത്തിടത്തോളം പ്രജകൾ സർക്കാറിനെ അനുസരിക്കാത്തിടത്തോളം അല്ലാഹുവിനോടുള്ള ഭയം മനസ്സിൽ ഉണ്ടാകാത്തിടത്തോളം ഇത്തരം അക്രമപരമായ സംഭവങ്ങൾ ഉണ്ടായിക്കൊണ്ടേയിരിക്കും. അഹോ കഷ്ടം! ഇക്കാര്യം നമ്മുടെ നേതാക്കന്മാരും ഉലമാക്കൾ എന്ന് പറയപ്പെടുന്നവരും പൊതുജനങ്ങളും മനസ്സിലാക്കിയിരുന്നെങ്കിൽ!

മുസ്ലിം ഉമ്മത്തിന്റെ വിഷമം നമ്മളേയും വിഷമത്തിലകപ്പെടുത്തുന്നു. കാരണം ഇവർ നമ്മുടെ പ്രിയപ്പെട്ട യജമാനന്റെ അനുയായികളാണ്. നമ്മെ കാലത്തിന്റെ ഇമാം തന്റെ യജമാനന്റെ അനുയായികളോടു സഹതാപം കാണിക്കാനും സ്നേഹിക്കാനും പഠിപ്പിച്ചിരിക്കുന്നു. ഞങ്ങളോടു പറഞ്ഞിട്ടുള്ളത് ഇതാണ്:

"അല്ലയോ മനസ്സേ! നീ ഇക്കൂട്ടരെ പരിഗണിക്കുക. അവരുടെമേൽ സഹതാപ ദൃഷ്ടി പതിപ്പിക്കുക. എന്തായാലും അവർ എന്റെ പ്രവാചകൻ(സ)നെ സ്നേഹിക്കുന്നുവെന്ന് വാദിക്കുന്നവരാണ്."

ഞങ്ങളോട് അക്രമം കാണിക്കുന്നുണ്ടെങ്കിൽ തന്നെയും ഞങ്ങൾക്ക് ഈ സംഭവത്തിൽ വിഷമമുണ്ട്. ഞങ്ങൾ ദുആ ചെയ്യുന്നു. ഞങ്ങൾക്ക് പ്രതികാരമില്ല. അല്ലാഹു അവരുടെ മനസ്സുകളെ ശുദ്ധീകരിക്കുമാറാകട്ടെ. അതായത് മുസ്ലിം ഉമ്മത്തിനുവേണ്ടി യഥാർഥമായ സഹതാപവും അഭ്യുദയകാംക്ഷയും അഹ്മദി തങ്ങളുടെ മനസ്സിൽ വെച്ചു പുലർത്തുന്നു എന്ന യാഥാർഥ്യം അവർ മനസ്സിലാക്കുന്നവരാകട്ടെ. ഈ സഹതാപത്തിന്റേയും അഭ്യുദയകാംക്ഷയുടേയും വികാരം നമ്മുടെ ഉള്ളിൽ ഹദ്റത്ത് മസീഹ് മൗഊദ്(അ)ആണ് സൃഷ്ടിച്ചിട്ടുള്ളത്. ആ മഹാത്മാവും ഇസ്ലാമികാധ്യാപനമനുസരിച്ച് തന്റെ സഹതാപവികാരത്തെ സ്വന്തമാളുകളുടേയും മറ്റുള്ളവരുടേയും എല്ലാവരുടേയുംമേൽ വിരിച്ചു നിറുത്താൻ നമ്മെ ഉപദേശിച്ചിരിക്കുന്നു. ആ മഹാത്മാവ് പറഞ്ഞു: 'മുഅ്മിനീംകളോടും മുസ്ലിമീംകളോടും മയത്തോടും അനുകമ്പയോടും പെരുമാറാനാണ് കല്പന. അതുകൊണ്ട് അതെപ്പോഴും മുമ്പിൽ വെക്കുക.' വീണ്ടും പറഞ്ഞു: 'ഇക്കാര്യങ്ങൾ എത്രത്തോളം ശ്രദ്ധിച്ചു ജീവിച്ചുവെന്നും തന്റെ സഹോദരങ്ങളോട് സഹതാപത്തോടെ പെരുമാറിയെന്നും ഓരോ വ്യക്തിയും നിത്യവും തന്നെക്കുറിച്ച് പഠനം നടത്തേണ്ടതാണ്.' വീണ്ടും

പറഞ്ഞു:'എല്ലാ നബിമാരും നിയോഗിക്കപ്പെട്ടതിന്റെ ഉദ്ദേശ്യം ഒന്നുതന്നെയായിരുന്നു. അതായത് അല്ലാഹുവിന്റെ സത്യവും യഥാർഥവുമായ സ്നേഹം സ്ഥാപിക്കുക. മനുഷ്യകുലത്തിന്റെ അവകാശങ്ങളിലും സ്നേഹത്തിലും ഒരു പ്രത്യേക വർണം ചാർത്തുക. ഇക്കാര്യങ്ങൾ ഉണ്ടാകാത്തിടത്തോളം സകല പ്രവർത്തനങ്ങളും വെറും ചടങ്ങുകളായിരിക്കും.' പിന്നീട് പറഞ്ഞു: 'അവന്റെ ദാസരോടു കരുണകാണിക്കുക. നാവുകൊണ്ടോ കൈകൊണ്ടോ മറ്റേതെങ്കിലും തന്ത്രങ്ങൾ കൊണ്ടോ അവരോട് അക്രമം ചെയ്യരുത്. സൃഷ്ടികളുടെ ക്ഷേമത്തിനായി പരിശ്രമിച്ചുകൊണ്ടിരിക്കുക. ആരോടും അഹങ്കാരം കാണിക്കരുത്; നിങ്ങളെ ആശ്രയിച്ചു നില്ക്കുന്നവരോടാണെങ്കിലും. ചീത്ത വിളിക്കുന്നവനെപ്പോലും മറുത്ത് ചീത്ത വിളിക്കരുത്. നിങ്ങൾ സ്വീകരിക്കപ്പെടുന്നവരാകുന്നതിനുവേണ്ടി സാധുവും വിനയനും ഉദ്ദേശ്യശുദ്ധിയുള്ളവനും സൃഷ്ടികളോട് അനുകമ്പയുള്ളവനും ആയിത്തീരുക.' വീണ്ടും പറഞ്ഞു:'അല്ലാഹു നിങ്ങളിൽനിന്ന് ആഗ്രഹിക്കുന്നത് ഇതാണ്: 'നിങ്ങൾ സകല മനുഷ്യരോടും നീതിപൂർവം പ്രവർത്തിക്കുക. അതിനെക്കാളുപരി നിങ്ങളോട് ഒരു നന്മയും ചെയ്യാത്തവരോടും നന്മ ചെയ്യുക. അതിലും ഉപരിയായി ദൈവസൃഷ്ടികളോടു ഉറ്റബന്ധുക്കളോടെന്നപോലെ അനുകമ്പയോടെ പെരുമാറുക; മാതാവ് തന്റെ കുട്ടികളോടെന്ന പോലെ. നമ്മുടെ അവസാന പദവി മാതാവിനെപ്പോലെ സ്വാഭാവികമായുള്ളതാണ്.'

നമ്മൾ സഹതാപത്തിന്റെ ഇത്തരം നിലവാരം കരസ്ഥമാക്കുന്നവരാകട്ടെ. സഹതാപത്തിന്റെ ഇത്തരം നിലവാരങ്ങളെ കരസ്ഥമാക്കാൻ നമുക്ക് കിട്ടിയിട്ടുള്ള പാഠമനുസരിച്ച് പ്രവർത്തിക്കുന്നവരാകട്ടെ. അപ്പോൾ മാത്രമേ ഒരു മനുഷ്യന് മറ്റൊരു മനുഷ്യന്റെ വേദന അനുഭവിച്ചറിയാൻ സാധിക്കുകയുള്ളു. നമ്മൾ മനുഷ്യകുലത്തോട് ഇത്തരം വികാരങ്ങളാണ് വെച്ചു പുലർത്തുന്നത്. ദൈവാനുഗ്രഹത്താൽ നമ്മളിൽ ഭൂരിഭാഗവും ഇത്തരക്കാരാണ്. ഒരു അഹ്മദി ഇത്തരം വികാരങ്ങൾ ഉൾക്കൊള്ളുന്നവനായിരിക്കേണ്ടതാണ്. സാധാരണക്കാരോട് ഇത്തരത്തിലുള്ള വികാരമാണെങ്കിൽ മുസ്ലീംകളോട് നമ്മൾ അതിനെക്കാൾ കൂടുതൽ വികാരങ്ങൾ വെച്ചുപുലർത്തുന്നവരാണ്. ഒരു മുസ്ലിമിനുണ്ടാകുന്ന ഓരോ വേദനയും ഓരോ അക്രമവും നമ്മൾ അനുഭവിച്ചറിയുന്നു. പാകിസ്താനിലുണ്ടായ ഈ അക്രമവും തീർച്ചയായും നമുക്ക് അസഹ്യമായ വേദനക്ക് കാരണമായിട്ടുണ്ട്. മുസ്ലിം ലോകത്ത് എവിടെനിന്ന് ഏതുരീതിയിലുള്ള അക്രമം ഉണ്ടായാലും അഹ്മദിക്ക് അത് വിഷമത്തിനു കാരണംതന്നെയാണ്. അല്ലാഹു ഈ അക്രമങ്ങളെല്ലാം അവസാനിപ്പിക്കുന്നതിനുവേണ്ടി തന്റെ വാഗ്ദത്തമനുസരിച്ച് മസീഹ് മൗഊദിനെ അയച്ചിരിക്കുന്നുവെന്ന് നമ്മൾ വിളിച്ചുപറഞ്ഞുകൊണ്ടിരിക്കുന്ന ഈ ഘട്ടത്തിൽ പ്രത്യേകിച്ചും നമ്മുടെ വിഷമം വർധിച്ചിരിക്കുകയാണ്. അദ്ദേഹം യുദ്ധങ്ങളും ക്രൂരകൃത്യങ്ങളും അവസാനിപ്പിച്ച് സ്നേഹവും സന്തോഷവും വ്യാപിപ്പിക്കണമായിരുന്നു. അതുകൊണ്ട് ലോകത്ത് ഇസ്ലാമിന്റെ യഥാർഥ അധ്യാപനം നടപ്പിൽ വരുത്താൻ അദ്ദേഹം പറയുന്നതിന് ചെവിയോർക്കുക. എന്നാൽ, ഇങ്ങനെയൊക്കെ വിളിച്ചു പറഞ്ഞുകൊണ്ടിരുന്നിട്ടും ഉലമാക്കൾ എന്നു പറയപ്പെടുന്നവർ നമുക്കെതിരിൽ എതിർപ്പിന് ആക്കം കൂട്ടിക്കൊണ്ടിരിക്കുന്നു. അത്തരം അവസ്ഥകൾ ഉണ്ടാകുമ്പോൾ നീതിയും സഹതാപവും അവസാനിച്ചുപോകുന്നു. അതിന്റെ ഫലമായി സകല സമൂഹത്തിലും കുഴപ്പങ്ങളും കലഹങ്ങളും ഉണ്ടാകുന്നു. നിരപരാധികൾ വധിക്കപ്പെടുന്നു. ഇതുതന്നെയാണ് ഇപ്പോൾ ഉണ്ടായിക്കൊണ്ടിരിക്കുന്നതും. അതേ! മുസ്ലിം ഉലമാക്കൾ എന്നു പറയപ്പെടുന്നവർ ഇക്കാര്യം മനസ്സിലാക്കിയിരുന്നെങ്കിൽ! മുസ്ലിം ഉമ്മത്തിനെ വിഭാഗീയതയിൽ തള്ളിയിട്ട് നശിപ്പിക്കാൻ ശ്രമിക്കുന്നതിനു പകരം ഇസ്ലാമിന്റെ ശാന്തിയുടേയും സ്നേഹത്തിന്റേയും സന്തോഷത്തിന്റേയും അധ്യാപനം മുസ്ലീംകളിൽ നടപ്പിൽ വരുത്തിയിരുന്നെങ്കിൽ! ഹദ്റത്ത് മസീഹ് മൗഊദ്(അ)പറഞ്ഞതുപോലെ ഇസ്ലാം നഊദുബില്ലാഹ് ഭീകരതയുടേയും വാളിന്റേയും മതമാണെന്നുള്ള അമുസ്ലീംകളുടെ ആക്ഷേപം മാഞ്ഞുപോകാൻ!

അവർക്ക് ഈ ബുദ്ധിയുണ്ടാകാൻ അല്ലാഹു അനുഗ്രഹിക്കുമാറാകട്ടെ. പാകിസ്താനും മുസ്ലിം രാഷ്ട്രങ്ങൾക്കുംവേണ്ടി ഒരുപാട് ദുആ ചെയ്യുക. അല്ലാഹു ആ രാജ്യങ്ങളിൽ സമാധാനം സ്ഥാപിക്കുമാറാകട്ടെ. സർക്കാറുകളും പൊതുജനങ്ങളും യഥാർഥ ഇസ്ലാമിന്റെ മൂല്യം തിരിച്ചറിയുന്നവരായിത്തീരട്ടെ. നമുക്കും ഇതിന്റെ ഉന്നതമായ മാതൃക കാഴ്ചവെക്കാൻ തൗഫീഖ് നല്കുമാറാകട്ടെ. സിറിയ, ഇറാഖ്, ലിബിയ തുടങ്ങിയ രാജ്യങ്ങളിൽ അഹ്മദി അവിടെത്തെ പൗരന്മാർ എന്നനിലയിലും അഹ്മദീ എന്നനിലയിലും അങ്ങേയറ്റം ബുദ്ധിമുട്ടിലാണുള്ളത്. അവർക്കുവേണ്ടിയും ദുആ ചെയ്യുക. അവരേയും ഈ ബുദ്ധിമുട്ടുകളിൽനിന്ന് രക്ഷിക്കുമാറാകട്ടെ. ചിലർ വലിയ പരിതാപകരമായ അവസ്ഥയിലാണുള്ളത്. ഇരു കൂട്ടരും അഹ്മദികൾക്കെതിരെ പ്രവർത്തിക്കുന്നു. ഒരു സഹായം അവിടെ എത്തിക്കാൻ കഴിയാത്ത അവസ്ഥയാണുള്ളത്. അല്ലാഹു തന്നെ അനുഗ്രഹം ചൊരിയുമാറാകട്ടെ. സഹായിക്കുമാറാകട്ടെ. എത്രയും വേഗം വിഷമങ്ങളുടെ ദിവസങ്ങളിൽനിന്ന് അവരെ പുറത്തുകൊണ്ടുവരുമാറാകട്ടെ.

MTA INTERNATIONAL
Muslim Television Ahmadiyya International
www.alislam.org



# അറബ് ലോകത്തിനൊരു സന്ദേശം

അറബികളെ അഭിസംബോധന ചെയ്തു കൊണ്ട് 2014 മാർച്ച് 23 ന് മുസ്‌ലിം ടെലിവിഷൻ അഹ്മദിയ്യ ഇന്റർനാഷണൽ സംപ്രേഷണം ചെയ്ത, ഹദ്റത്ത് ഖലീഫത്തുൽ മസീഹ് ഖാമിസ്, ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് (അയ്യദഹു....) അറബി ഭാഷയിലുള്ള ആദ്യത്തെ സന്ദേശമാണ് താഴെ കൊടുക്കുന്നത്. സന്ദേശത്തിൽ വാഗ്ദത്ത മസീഹിനെ സ്വീകരിക്കാൻ അറബികളോട് ഹുസൂർ തിരുമനസ്സ് ആഹ്വാനം ചെയ്തു.

ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ്
(ഖലീഫത്തുൽ മസീഹ് ഖാമിസ്)

കരുണാമയനും കാരുണ്യവാനുമായ അല്ലാഹുവിന്റെ നാമത്തിൽ. ഞങ്ങൾ അല്ലാഹുവിനെ വാഴ്ത്തുകയും അവന്റെ ഔദാര്യത്താലും അവന്റെ കാരുണ്യത്താലും അവന്റെ മഹാനായ പ്രവാചകൻ മുഹമ്മദ് നബി(സ)യിലും അവന്റെ ദാസനായ വാഗ്ദത്ത മസീഹിന്റെ മേലും അനുഗ്രഹങ്ങൾ തേടുകയും ചെയ്യുന്നു. നിശ്ചയമായും അവൻ മാത്രമാണ് നമ്മുടെ സഹായി.

എന്റെ പ്രിയപ്പെട്ട അറബ് സഹോദരീ സഹോദരരെ, അസ്സലാമു അലൈക്കും വ റഹ്മത്തുല്ലാഹ്.

ഇന്ന് ഞാൻ വളരെ സംക്ഷിപ്തമായി ഉർദുവിൽ നിങ്ങളെ അഭിസംബോധന ചെയ്യാനും തൽസമയം അറബിയിൽ അതിന്റെപരിഭാഷ കേൾപ്പിക്കാനുമാണ് ആഗ്രഹിച്ചിരുന്നത്. മിസ്റ്റർ മുഹമ്മദ് ശരീഫ് ഔദയുടെയും മറ്റ് അറബ് സഹോദരന്മാരുടെയും പ്രേരണ കാരണം ഈ സന്ദേശത്തിന്റെ അറബിയിലുള്ള പരിഭാഷ വായിക്കാൻ ഞാൻ തീരുമാനിച്ചു. എന്റെ യജമാനനും മാർഗ ദർശിയുമായ മുഹമ്മദ് നബി (സ) യുടെയും അന്തിമവും സമഗ്രവുമായ ദൈവിക ഗ്രന്ഥത്തിന്റെ ഭാഷയായ അറബിഭാഷയുടെ അനുഗ്രഹത്തിൽ നിന്നും അത്യുദാരതയിൽ നിന്നും ഒരു പങ്ക് നേടാനുള്ള ആഗ്രഹവും ഈ ദിവസത്തിന്റെ പ്രാധാന്യവും മാത്രമാണ് എന്നെ ഇതിന് പ്രചോദി തനാക്കിയത്. ഈ ദിനത്തിന്റെ പ്രാധാന്യം കണക്കിലെടുത്ത് കൊണ്ട് ഈ അനുഗൃഹീത ഭാഷയിൽ നിങ്ങളെ അഭിസംബോ

ധന ചെയ്യാൻ ഞാൻ ആഗ്രഹിക്കുന്നു. യഥാർഥത്തിൽ ഇതൊരു മഹത്തായ ദിവസമാണ്. എന്റെ യജമാനനും മാർഗദർശിയുമായ മുഹമ്മദ് നബി(സ) തിരു സഹാബത്തുമടക്കം എല്ലാവരുടെയും കൂടെ വിശുദ്ധ മദീനയിലെ മസ്ജിദുന്നബവിയിലിരിക്കുന്നത് കാണാൻ എന്റെ മനസ്സ് എന്നെ ആയിരത്തിനാന്നൂറ് വർഷങ്ങൾക്കപ്പുറത്തേക്ക് ആനയിക്കുന്നു. റസൂൽ തിരുമേനി (സ) തന്റെ ജ്ഞാനവും സൂക്ഷ്മമായ അറിവും ആത്മീയ ഫലങ്ങളും സഹചരരുമായി പങ്കുവെക്കുന്നു. അവരുടെ ഹൃദയങ്ങൾ നിറയെ ഇസ്ലാമിന്റെ മേൽ കോയ്മയേയും അഭിവൃദ്ധിയേയും ഉജ്ജ്വലമായ വിജയത്തേയും അന്തിമ ശരീഅത്തിന്റെ അനിഷേധ്യമായ ദൈവിക വിധിയേയും സംബന്ധിച്ച വിശ്വാസത്താൽ മാത്രം നിർഭരമാണ്. ഈ അവസ്ഥയിലാണ് അവരുടെ ബോദ്ധ്യവും വിശ്വാസവും വർധിപ്പിക്കുന്നതിനായി താഴെ പറയുന്ന സുവിശേഷം വെളി പാടായി ഇറങ്ങിയത്.

***'അവരോടു കൂടി ഇത്‌വരെ ചേർന്നിട്ടില്ലാത്ത മറ്റൊരു കൂട്ടരിലും. അവൻ ശക്തവാനും യുക്തിജ്ഞനുമാണ്. '***[1]

എന്റെ യജമാനനും മാർഗദർശിയുമായ തിരുമേനി(സ)യുടെ സഹാബാക്കളിൽ ഒരാൾ പല പ്രാവശ്യം ആവർത്തിച്ചു ചോദിച്ചു. യഥാർഥത്തിൽ ആ മറ്റൊരു കൂട്ടർ ആരാണ് എന്ന്. ബാക്കിയുള്ള സ്വഹാബാക്കൾ ശ്രദ്ധാപൂർവം ദൈവത്തിന്റെ സമാധാനവും അനുഗ്രഹങ്ങ:ളും ഇറങ്ങിയ ആളിൽ നിന്നു തന്നെ ആ സൗഭാഗ്യവാന്മാരെക്കുറിച്ചറിയാൻ ആഗ്രഹിച്ചു. ഈ സൂക്തത്തിലെ ആ മഹാന്മാരായ സ്വഹാബാക്കളുമായി കൂടിചേരാനുള്ള ബഹുമതി ആർക്കാണ്.?

***'അവരോടു കൂടി ഇത്‌വരെ ചേർന്നിട്ടില്ലാത്ത മറ്റൊരു കൂട്ടരിലും. അവൻ ശക്തവാനും യുക്തിജ്ഞനുമാണ്. '***[2]

നബി (സ) അൽപ്പം നേരം മൗനം ദീക്ഷിച്ചു. പിന്നെ തന്റെ തിരുഹസ്തം മൃദുല ഹൃദയത്തോടെ സൽമാനുബ്നു ഫാരിസിയുടെ ചുമലിൽ വെച്ചു. കറകളഞ്ഞ രീതിയിൽ വിശുദ്ധീകരിക്കപ്പെട്ട പേർഷ്യക്കാരനായ സൽമാൻ അറബികളുടെ കൂട്ടത്തിൽ അപ്പോൾ ഉണ്ടായിരുന്നു.

***'ഈമാൻ കാർത്തിക നക്ഷത്രത്തിലേക്ക് കരേറിപ്പോയാലും (ഭൂമിയിൽ നിന്ന് നിശ്ശേഷം അപ്രത്യക്ഷമായാലും) ഇദ്ദേഹത്തിന്റെ ജനതയിൽ നിന്നുള്ള ഒരു മനുഷ്യൻ ഈമാൻ ഈ ഭൂമിയിലേക്ക് തിരിച്ചു കൊണ്ടുവരും.'***

എന്റെ യജമാനനും മാർഗദർശിയുമായ തിരുമേനി (സ)യുടെ പ്രവചനത്തിന്റെ മഹത്വം കൊണ്ട് ഈ വാക്കുകളുടെ യഥാർഥ അർഥം അവർ അറിയുകയും ഹൃദിസ്ഥമാക്കുകയും ചെയ്തിരുന്നു. അത് അല്ലാഹു നിശ്ചയിച്ചതായിരുന്നുവെന്ന് അവർക്കറിയാം. ആ സർവോന്നതനായ അല്ലാഹു ഈ മതത്തെ അതിന്റെ മേൽക്കോയ്മയും വിജയത്തിന് ശേഷം ഒരു പതനവും നേരിടുമെന്നും ഇസ്ലാമിനും ഈമാനിലും അതിന്റെ പേരല്ലാതെ മറ്റൊന്നും ബാക്കിയുണ്ടാവില്ലെന്നും മനസ്സിലാക്കിയിരുന്നു. അക്കാലത്തെ മുസ്ലിംകൾ തങ്ങളുടെ വാക്കുകൾക്കനുസരിച്ചായിരിക്കില്ല പ്രവർത്തി ക്കുക എന്ന് അവർ മനസ്സിലാക്കി യിരുന്നു.

എന്നാൽ സർവശക്തനായ അല്ലാഹു ഈ സമഗ്രവും അന്തിമവുമായ ശരീഅത്ത് പുനരുത്ഥാനനാൾ വരെ നില നിൽക്കാൻ ഇറക്കിയതാണ്. അല്ലാതെ കാർത്തിക നക്ഷത്രത്തിലേക്ക് കരേറിപ്പോകാൻ വേണ്ടി ഇറക്കിയതല്ല. മറിച്ച് പേർഷ്യൻ വംശജനായ ഒരു അനറബി ഈമാൻ രണ്ടാമതും ഭൂമിയിലേക്ക് തിരിച്ചുകൊണ്ടുവരുമെന്നുള്ള സുവിശേഷം നൽകിയിരിക്കുന്നു. അദ്ദേഹമൊരു ദൈവിക ജമാഅത്ത് സ്ഥാപിക്കണമെന്നും അവർ തങ്ങളുടെ വാക്കുകൾക്കനുയോജ്യമായി പ്രവർത്തിക്കണമെന്നും അവർ വിശ്വാസത്തിന് ഭൗതിക കാര്യങ്ങളേക്കാൾ മുൻഗണന നൽകണമെന്നും അവർ വിശുദ്ധ ഖുർആൻ ശരീഅത്തിന് പൂർണമായി കീഴ്‌വണങ്ങു മെന്നും സഹാബാക്കളെ പോലെത്തന്നെ ഈ മാർഗത്തിൽ എന്തു ത്യാഗവും സഹിക്കാൻ തയ്യാറാകുമെന്നും അവർ മനസ്സിലാക്കിയിരുന്നു.

ഈ രണ്ടു കാലഘട്ടങ്ങളെക്കുറിച്ച് സൂചിപ്പിച്ചുകൊണ്ട് തിരുമേനി (സ) ഈ സൂക്തങ്ങളുടെ യാഥാർഥ്യവും പ്രാധാന്യവും നമുക്ക് വിവരിച്ചു തന്നിരിക്കയാണ്.

***'അവരിൽ ഇത്‌വരെ ചേർന്നിട്ടിലാത്ത മറ്റൊരു കൂട്ടരിലും'*** ഇസ്ലാം മതം കൈവരിക്കുന്ന

പ്രതാപത്തേയും മഹത്വത്തേയും കുറിച്ച് നമ്മെ ബോധവാന്മാരാക്കിയിരിക്കയാണ്.

അല്ലാഹുവിന്റെ അനുഗ്രഹത്താൽ മനുഷ്യകുലോത്തമനായ റസൂൽ തിരുമേനിയു(സ)ടെ ഈ പ്രവചനങ്ങൾ വളരെ പ്രകടമായ രീതിയിൽ പൂർത്തീകരിച്ചുകൊണ്ട് അന്ധകാര കാലഘട്ടത്തിന് ശേഷം ഇസ്ലാമിന്റെ രണ്ടാമത്തെ പുനരുദ്ധാരണത്തിനും നാം സാക്ഷിയായി. ഇതിന് സാക്ഷാത്ക്കാരമുണ്ടായത് 1889 മാർച്ച് 23-ാം തീയതിയായിരുന്നു. മുഹമ്മദ് നബി (സ) യുടെ സത്യത്തിനും വിശ്വസ്തതക്കും സാക്ഷ്യം വഹിച്ചു കൊണ്ട് അവസാന കാലത്തും പ്രവാചകന്മാരുടെ മുദ്രയാണ് തിരുമേനി(സ)യെന്ന് തെളിഞ്ഞിരിക്കയാണ്. ഈ കാലഘട്ടത്തിൽ എല്ലാ ദൃഷ്ടാന്തങ്ങളും പ്രമാണങ്ങളും പ്രവചനങ്ങളും പൂർത്തിയായിരിക്കുന്നു. പ്രവചനത്തിൽ പറഞ്ഞ തീയതിക്ക് തന്നെ റമദാൻ മാസത്തിലെ സൂര്യ ചന്ദ്രഗ്രഹണങ്ങൾ തിരുമേനി(സ) പറഞ്ഞ പ്രകാരം പൂർത്തിയായിരുന്നു. ഈ പ്രതിഭാസം ഒരു ദൃഷ്ടാന്തമെന്ന നിലയിൽ മറ്റൊരാൾക്ക് വേണ്ടിയും സംഭവിച്ചില്ല. നബി തിരുമേനി (സ) യുടെ സത്യം സ്ഥാപിച്ച വാഗ്ദത്ത മസീഹും മഹ്ദിയുമായി എഴുന്നേൽപ്പിക്കപ്പെട്ടയാളുടെ സത്യത്തിന് സാക്ഷ്യമായിരിക്കുന്നു. അദ്ദേഹം തിരുനബി (സ) യുടെ യഥാർഥ ദാസനും തിരുമേനി (സ)യിൽ അനുരക്തനുമായിരുന്നു. മനുഷ്യകുലത്തിന്റെ ഏറ്റവും മഹാ

നായ ആൾക്കുവേണ്ടി ഈ ഗ്രഹണങ്ങൾ പൂർവാർധ ഗോളത്തിലും പശ്ചിമാർധ ഗോളത്തിലും സംഭവിച്ചു. ദൈവിക വചനങ്ങളനുസരിച്ച് പ്രവാചകന്മാരുടെ മുദ്രയാണ് തിരുനബി (സ) യുടെ ഈ പ്രവചനം സർവശക്തനായ അല്ലാഹുവിന്റെ ഗ്രന്ഥത്തിൽ രേഖപ്പെടുത്തിയിരിക്കുന്നു.

*'നാം നിന്നെ സർവ ജനങ്ങൾക്കുമായുള്ള സുവിശേഷ വാഹകനായും താക്കീതുകാരനുമായല്ലാതെ അയച്ചിട്ടില്ല. പക്ഷേ മിക്കവരും അറിയുന്നില്ല.'*[4]

വാഗ്ദത്ത മസീഹിന്റെ അവകാശ വാദത്തിന്റെ സത്യത്തിനുള്ള തെളിവായിട്ടാണ് ഈ ദൃഷ്ടാന്തം പ്രത്യക്ഷപ്പെട്ടതെങ്കിലും യഥാർഥത്തിൽ സർവശക്തനായ അല്ലാഹു ഈ തെളിവ് പ്രത്യക്ഷപ്പെടുത്തിയിരിക്കുന്നത് നബി (സ) യുടെ പരമാധികാരവും അദ്ദേഹത്തിന്റെ ശരീഅത്തും കിഴക്കും പടിഞ്ഞാറും എന്നല്ല ലോകത്തിന്റെ എല്ലാ ഭാഗത്തും സ്ഥാപിക്കാനാണ്. യഥാർഥത്തിൽ ഈ ഭൂമുഖത്ത് നിലനിൽക്കുന്ന സജീവമതം ഇസ്‌ലാം മാത്രമാണെന്നും ലോകത്തെ അറിയിക്കാനാണ്. അല്ലാഹുവിന്റെ ദൂതനായ മുഹമ്മദ് നബി (സ) യാണ് ജീവിച്ചി രിക്കുന്ന പ്രവാചകൻ എന്ന് സ്ഥാപിക്കുവാനുമാണ്.

അല്ലയോ എന്റെ പ്രിയ സഹോദരന്മാരെ, ഈ ദിവസത്തിന്റെ പ്രധാന്യമിതാണ്. ഇന്നാണ് തന്റെ യജമാനനും മാർഗദർശിയുമായ ഹദ്റത്ത് വാഗ്ദത്ത മസീഹിനുണ്ടായിരുന്ന ഭക്തിയും സ്നേഹവും കൂറും കാരണമായി അല്ലാഹു അദ്ദേഹത്തിന് ഈ പദവി നൽകിയത്. അദ്ദേഹത്തിന്റെ സമ്പൂർണത മറ്റുള്ളവരെ അറിയിക്കാനും അവർ ഒരോരുത്തരും അദ്ദേഹത്തിന്റെ യഥാർഥ ദാസരായി തീരാനുമായിരുന്നു ഈ പദവി നൽകിയിരിക്കുന്നത്. ആ ദിവസമാണിത്. അവസാന കാലത്തെ പരിശുദ്ധരും ആത്മാർഥതയുള്ളവരും സാത്വികരുമായ ആളുകളെ ഒരുമിച്ചു കൂട്ടി ഒരു ജമാഅത്ത് രൂപീകരിക്കാൻ അല്ലാഹു ഹദ്റത്ത് മിർസാ ഗുലാം അഹ്മദ് ഖാദിയാനി (അ)ക്ക് നിർദേശം നൽകി. ആദ്യത്തെ സാത്വികരോട് കൂടി ചേരാൻ അദ്ദേഹം അവരിൽ നിന്ന് ബൈഅത്ത് (സത്യപ്രതിജ്ഞ) വാങ്ങി. ഇസ്‌ലാമിന്റെ പുനരുത്ഥാനത്തിന് വേണ്ടി ജീവൻ കൊണ്ടും ധനംകൊണ്ടും സമയം കൊണ്ടും ത്യാഗം ചെയ്യാനായിരുന്നു ഇത്. മറുവശത്ത് തിരുമേനി (സ) യുടെ പതാക ലോകത്തിന്റെ കോണുകളിൽ പാറിപ്പറക്കാനായിരുന്നു ഇത്.

തീർച്ചയായും നമ്മുടെ യജമാനനായ മുഹമ്മദ് നബി (സ) അല്ലാഹുവിന്റെ ദൂതരും പ്രവാചകന്മാരുടെ മുദ്രയുമാണെന്ന് ഞങ്ങൾ സാക്ഷ്യം വഹിക്കുന്നു. അദ്ദേഹത്തിന്റെ മികവിന്റെ സമഗ്രത ലോകത്തോട് പ്രഖ്യാപിക്കുന്നു. ഞങ്ങൾക്ക് ഈ ദൗത്യത്തിൽ പരിപൂർണ വിശ്വാസമുണ്ട്. അദ്ദേഹത്തിന്റെ സമ്പൂർണത മറ്റുള്ളവരെ അറിയിക്കാൻ അവർ ഒരോരുത്തരും അദ്ദേഹത്തിന്റെ യഥാർഥ ദാസരായി തീരാനുമാണിത്. വാഗ്ദത്ത മസീഹിന്റെ അനുയായികളിൽ അർപ്പിതമായ ഈ ജോലി എളുപ്പമുള്ളതല്ല.

*'അവസാനകാലത്തെ മറ്റൊരു കൂട്ടരിലും'* എന്ന് പറയപ്പെട്ടവരുടെ ഭാഗമായി തീരാൻ കഠിന പരിശ്രമങ്ങൾ നടത്താൻ വേണ്ടി ഞങ്ങളുടെ പ്രായോഗികമായ അവസ്ഥയെ അപഗ്രഥിക്കാനും നിരൂപണം നടത്താനും വേണ്ടിയാണ് ഞങ്ങൾ ഈ ദിനം ആഘോഷിക്കുന്നത്. ആദ്യത്തെ സഹാബാക്കളുടെ കൂടെ ചേരുമെന്ന് 'ഇനി മറ്റൊരു കൂട്ടരിലും' എന്ന് തന്റെ സഹാബാക്കൾക്ക് സുവിശേഷം നൽകിയതാണ്. ഇത് കാരണമായി (പൂർത്തിയായ ഈ മഹത്തായ പ്രവചനം കാരണമായി) നബി (സ) തിരുമേനിയുടെ മുമ്പിൽ ഭക്തിയാൽ മുഴുലോകവും കുനിയുന്നതുവരെ ഞങ്ങൾക്ക് വിശ്രമമില്ല. തീർച്ചയായും വാഗ്ദത്ത മസീഹിൽ വിശ്വസിച്ച ശേഷം സർവ ശക്തനായ അല്ലാഹു ഞങ്ങളിൽ ഭരമേൽപ്പിച്ച ജോലി അത്ര സാധാരണമായ ഒന്നല്ല.

നബി (സ) തിരുമേനിയുടെ ഏറ്റവും ആത്മാർഥതയുള്ള ദാസനിൽ വിശ്വസിക്കാൻ സൗഭാഗ്യം സിദ്ധിച്ച അറബികളിൽ പെട്ട അല്ലയോ സഹോദരന്മാരെ, ഈ മഹത്തായ ദൗത്യ പൂർത്തീകരണത്തെ സഹായിക്കാൻ വേണ്ടിയാണ് നിങ്ങൾ ബൈഅത്ത് ചെയ്തത്.

അതിനാൽ മുന്നോട്ട് ഗമിക്കുകയും എല്ലാ മുസ്‌ലിംകളോടും യുക്തിയോടുകൂടി പ്രബോധനം നടത്തുകയും ചെയ്യുക. പ്രത്യേകിച്ചും സർവ ശക്തനായ അല്ലാഹുവിന് ഏറ്റവും പ്രിയങ്കരനായ പ്രവാചകന്റെ ഭാഷ സംസാരിക്കുകയും വായിക്കുകയും ചെയ്യാൻ കഴിവുള്ളവരും പരിപൂർണവും സമഗ്രവുമായ ഗ്രന്ഥവും അന്തിമശരീഅത്തും മനസ്സിലാക്കാൻ കഴിവുള്ളവരുമാണല്ലോ നിങ്ങൾ. അവരുടെ സുരക്ഷയും സമഗ്രമായ ജീവിത വിജയവും തീരുമാനിക്കപ്പെടുന്നത് വാഗ്ദത്ത മസീഹിന്റെ തിരുഹസ്തങ്ങളിലൊന്നിക്കുന്നതിലാണ്. അങ്ങനെ ഒരു ജമാഅത്തായിതീരുന്നതോടെയാണ് വാഗ്ദത്ത മസീഹിന്റെ സഹായികളായി തീരുക. നിങ്ങളുടെ രാജ്യങ്ങളിൽ പോയി അദ്ദേഹത്തിന്റെ തീവ്രവും ഹൃദയാത്മകവുമായ വേദന അവരെ അറിയിക്കുക. അതിനായി അവരോട് ഇപ്രകാരം പറയുക: ഐക്യത്തോടും ഏകോപിച്ചും തിരുമേനി(സ) യുടെ ധ്വജത്തെ നമുക്ക് മുഴുലോകത്തും ഉയർത്താം. ഓരോ രാജ്യത്തിനും ശേഷം മറ്റൊരു രാജ്യത്തേയും ഒരു വ്യക്തിക്ക് ശേഷം മറ്റൊരു വ്യക്തിയും നബി (സ) ക്ക് കീഴ്വണങ്ങുന്ന വിനീതദാസരാക്കി മാറ്റുക. അതിനാൽ വാഗ്ദത്ത മഹ്ദിയും മസീഹും ഇക്കാലത്തെ ഇമാമുമായ അദ്ദേഹം അറബികളോട് നടത്തിയ ഒരു അഭ്യർഥന ഒരു സ്മരണികയായി ഞാൻ ഇവിടെ സമർപ്പിക്കാം. വാഗ്ദത്ത മസീഹ് ഇപ്രകാരം പ്രഖ്യാപിച്ചു:.

'പരിശുദ്ധ ഹൃദയരായ അറബികളിൽ നിന്ന് തിരഞ്ഞെടുക്കപ്പെട്ടവരും ഭക്തരുമായവരേ, നിങ്ങൾക്ക് സമാധാനമുണ്ടാവട്ടെ. മഹത്തായ ദൈവിക ഭവനത്തിന്റെ സമീപത്തു



ള്ള പ്രവാചകത്വത്തിന്റെ നാട്ടിലെ ജനങ്ങളേ, നിങ്ങൾക്ക് മനസ്സമാധാനമുണ്ടാകട്ടെ. ഇസ്മാലാമിക രാഷ്ട്രങ്ങളിൽ വെച്ച് ഏറ്റവും ഉത്തമമായ രാഷ്ട്രം നിങ്ങളുടേതാണ്. ഏറ്റവും ഉത്തമവും ഉന്നതവുമായ കക്ഷി നിങ്ങളാണ്. നിങ്ങൾ നേടിയ പ്രതാപവും പദവിയും മറ്റൊരു ജനതക്കും നേടാൻ സാധ്യമല്ല. നിങ്ങൾക്ക് അല്ലാഹു നൽകിയ അന്തസ്സ് ഏറ്റവും മതിയായതാണ്. അല്ലാഹുവിന്റെ വെളിപാട് ആദമിൽ നിന്നും തുടങ്ങി നിങ്ങളിൽ നിന്നുമൊരു പ്രവാചകനിൽ (സ) പൂർണമാക്കിയിരിക്കുകയാണ്. അദ്ദേഹത്തിന്റെ വാസസ്ഥലവും അഭയകേന്ദ്രവും ജന്മസ്ഥലവും നിങ്ങളുടെ നാടാണ്. ആ പ്രവാചകൻ ആരായിരുന്നുവെന്ന് നിങ്ങളെങ്ങനെ അറിയും! അത് മുഹമ്മദ് (സ) ആണ്. നിങ്ങളിൽ നിന്ന് തിരഞ്ഞെടുക്കപ്പെട്ട ആളാണ്. പ്രവാചകന്മാരുടെ അഭിമാനമാണ്. ദൂതന്മാരുടെ മുദ്രയാണ്. മനുഷ്യകുലത്തിന്റെ ഇമാമാണ്. അദ്ദേഹത്തിന്റെ അത്യുദാരമായ സ്നേഹം ഓരോ വ്യക്തിക്കും അനിഷേധ്യമായ തെളിവായി നിൽക്കുന്നു. അദ്ദേഹത്തിന്റെ വെളിപാടിൽ പൂർവകാലത്തുണ്ടായ എല്ലാ ഉപമകളും അലങ്കാരോക്തികളും അഗാധമായ അർഥങ്ങളും നശ്വരനായ മനുഷ്യൻ അഭിമുഖീകരിക്കുന്ന ഓരോ പ്രധാനപ്പെട്ട പ്രശ്നങ്ങളും ഉൾക്കൊള്ളുന്നു. സത്യത്തിന്റെ ആത്മീയ ജ്ഞാനം കൊണ്ടും വ്യത്യസ്തമായ മാർഗദർശനത്തിന്റെ വഴികൾകൊണ്ടും അദ്ദേഹത്തിന്റെ മതം മൃതരെ പുനരുജ്ജീവിപ്പിച്ചു. അല്ലാഹുവേ, നിന്റെ എല്ലാ അനുഗ്രഹങ്ങളും സമാധാനവും അഭിവൃദ്ധിയും അദ്ദേഹത്തിന്മേൽ ചൊരിയേണമേ. ഭൂമിയിലുള്ള നീർതുള്ളികളും വസ്തുക്കളും ആകാശഭൂമികളിലുള്ള എല്ലാം കൊണ്ടും ജീവിച്ചിരിക്കുന്നതും മൃതിയടഞ്ഞതുമായ എല്ലാം കൊണ്ടും നീ അദ്ദേഹത്തെ അനുഗ്രഹിക്കേണമേ. ദൃശ്യവും അദൃശ്യവുമായ എല്ലാം കൊണ്ടും നീ അവിടുത്തെ അനുഗ്രഹിക്കേണമേ. മുഴു ആകാശവും നിറഞ്ഞു നിൽക്കുന്ന സമാധാന ത്തിന്റെ സലാം കൊണ്ടും നീ അദ്ദേഹത്തെ അഭിവാദ്യം ചെയ്യേണമേ, മുഹമ്മദ് നബി (സ) യുടെ നുകത്തിന് കീഴിലുള്ളവർ അനുഗൃഹീതരാണ്. ഹൃദയം ആ മഹാത്മാവിനെ അനുഗമിച്ചുകൊണ്ട് അവസാനം അദ്ദേഹത്തിൽ എത്തിച്ചേരുകയും അദ്ദേഹത്തോടുള്ള അനുരക്തിയിൽ ലയിക്കുകയും ചെയ്തവർ അനുഗൃഹീതരാണ്.

വരിഷ്ടനായ അദ്ദേഹത്തിന്റെ പുണ്യപാദങ്ങൾ സ്പർശിച്ച ആ ഭൂമിയിൽ നിവസിക്കുന്നവരേ, അല്ലാഹു നിങ്ങളോട് കരുണകാണിക്കുമാറാകട്ടെ. അവൻ നിങ്ങളിൽ സന്തുഷ്ടനായിരിക്കട്ടെ അവനോട് നിങ്ങളും സംതൃപ്തരായിരിക്കട്ടെ. അല്ലയോ അല്ലാഹുവിന്റെ ദാസരേ നിങ്ങളെക്കുറിച്ച് ഞാൻ വലിയ നിലയിലാണ് ചിന്തിക്കുന്നത്. നിങ്ങളെ കണ്ടുമുട്ടാൻ എന്റെ ആത്മാവ് കൊതിക്കുന്നു. നിങ്ങളുടെ വാസഭൂമി കാണാൻ എനിക്ക് അഗാധമായ ആഗ്രഹമുണ്ട്. അനുഗൃഹീതമായ നിങ്ങളുടെ പട്ടണങ്ങൾ കാണാനും മനുഷ്യകുലോത്തമന്റെ (സ) ജന്മഭൂമി സന്ദർശിക്കാനും അവിടുത്തെ പൊടിപടലങ്ങൾ കൊണ്ട് എന്റെ നേത്രങ്ങളെ പ്രകാശ പൂരിതമാക്കാനും സാത്വികത നിരീക്ഷിക്കുവാനും സാത്വികരായ ആളുകളെ സന്ദർശിക്കാനും മക്ക ദർശിക്കാനും അതിന്റെ വിശുദ്ധ പരിസരങ്ങൾ അവിടുത്തെ മതപണ്ഡിതന്മാരെ കാണാനും അല്ലാഹുവിന്റെ സ്നേഹിതരെ കണ്ട് എന്റെ കണ്ണുകൾക്ക് ആനന്ദം നേടാനും വിശുദ്ധ ഗേഹത്തിന്റെ ചരിത്ര സ്മാരകങ്ങൾ കാണാനും എന്റെ ആത്മാവ് അഭിലഷിക്കുന്നു. തന്റെ അനന്തമായ അനുഗ്രഹം മുഖേന നിങ്ങളുടെ വിശുദ്ധ ഭൂമി എനിക്ക് കാണിച്ചു തരുവാൻ ഞാൻ അല്ലാഹുവിനോട് യാചിക്കുന്നു. നിങ്ങളെ നേരിൽ കാണാനും ഞാൻ ആഗ്രഹി

ക്കുന്നു.

അല്ലയോ എന്റെ സഹോദരരേ, എനിക്ക് നിങ്ങളോടും നിങ്ങളുടെ മണ്ണിനോടും നിങ്ങളുടെ വഴിയിലുള്ള കല്ലിൻ കഷ്ണങ്ങളോടും നിങ്ങളുടെ നിരത്തുകളോടും അഗാധമായ സ്നേഹമുണ്ട്. ലോകത്തിന്റെ മറ്റെന്തിനേക്കാളും ഞാൻ നിങ്ങൾക്ക് മുൻഗണന നൽകുന്നു.

അല്ലയോ പ്രിയങ്കരരായ അറബികളേ, അല്ലാഹു പ്രത്യേകമായി നിങ്ങളെ അവന്റെ അസാധാരണമായ അനുഗ്രഹങ്ങൾ കൊണ്ടും ഗുണങ്ങൾകൊണ്ടും അളവറ്റ കാരുണ്യങ്ങൾ കൊണ്ടും നിങ്ങളെ പിന്തുണച്ചിരിക്കുന്നു. നിങ്ങൾക്കിടയിലാണ് അല്ലാഹുവിന്റെ ഭവനത്തെ വഹിച്ചു കൊണ്ടുള്ള പട്ടണങ്ങളുടെ മാതാവുള്ളത്. അവിടെയാണ് അനുഗൃഹീത നബി (സ) തിരുമേനിയുടെ വിശുദ്ധ മൃതകുടീരം സ്ഥിതി ചെയ്യുന്നത്. ആ മഹാത്മാവാണ് ദൈവത്തിന്റെ ഏകത്വം ലോകത്തെല്ലായിടത്തും വ്യാപിപ്പിച്ചത്. അദ്ദേഹമാണ് വളരെ പ്രകടമായ നിലയിൽ ദൈവ പ്രതാപവും മഹത്വവും കാണിച്ചു തന്നത്. അല്ലാഹുവിനേയും റസൂലിനേയും തങ്ങളുടെ ഹൃദയം കൊണ്ടും ആത്മാവു കൊണ്ടും മനസ്സു കൊണ്ടും പിന്തുണച്ച അനേകായിരം ആളുകളവിടെ ഉണ്ടായിരുന്നു. അവർ അല്ലാഹുവിന്റെ ദീനിനേയും അവന്റെ അങ്ങേയറ്റം പരിശുദ്ധമായ ഗ്രന്ഥത്തേയും പ്രചരിപ്പിക്കാൻ തങ്ങളുടെ അളവറ്റ ധനവും ജീവനും ത്യാഗം ചെയ്തു. ഈ പ്രത്യേകാനുഗ്രഹങ്ങൾ വർഷിക്കപ്പെട്ട ജനത ചോദ്യം ചെയ്യാനാവാത്ത വിധം നിങ്ങൾ തന്നെയാണ്. നിങ്ങളെ ബഹുമാനിക്കാത്തവർ അനീതിയാണ് ചെയ്യുന്നത്. അവർ വഴികേടിലുമാണ്.

അല്ലയോ സഹോദരരേ, എന്റെ സന്ദേശം ഞാൻ നിങ്ങൾക്കെഴുതുന്നത് തകർന്ന ഹൃദയത്തോടെയാണ്, എന്റെ കണ്ണുകളിൽ നിന്ന് അശ്രുക്കൾ ധാരധാരയായി ഒഴുകി കൊണ്ടാണ്. അതിനാൽ എന്റെ വാക്കുകൾ ശ്രദ്ധിക്കുക. അല്ലാഹു നിങ്ങൾക്ക് ഉത്തമമായ പ്രതിഫലം നൽകുമാറാകട്ടെ'[5]

'ഉന്നതകുല ജാതരായ അറബികളേ, എന്റെ ഹൃദയത്തോടും ആത്മാവിനോടും കൂടി ഞാൻ നിങ്ങൾക്കൊപ്പമുണ്ട്. എന്റെ നാഥൻ അറബികളെ കുറിച്ച് എനിക്ക് സുവിശേഷം നൽകിയിട്ടുണ്ട്. നിങ്ങളെ സഹായിക്കണമെന്ന് എനിക്ക് വെളിപാടിറക്കിയിട്ടുണ്ട്. അവരുടെ അമാനത്തിനെ ഞാൻ സംരക്ഷിക്കണമെന്നും അവർക്ക് നേർമാർഗം കാണിക്കണമെന്നും അവരുടെ കാര്യങ്ങൾ ശരിയാക്കണമെന്നും അല്ലാഹു എന്നോട് പറഞ്ഞിട്ടുണ്ട്. ഈ ലക്ഷ്യത്തിൽ വിജയ ശ്രീലാളിതനാവുമെന്ന് നിങ്ങൾ കണ്ടെത്തും. (ഇൻശാ അല്ലാഹ്)

അല്ലയോ പ്രിയപ്പെട്ടരേ, ഇസ്ലാമിനെ പിന്തുണച്ചും അതിന്റെ പുനരുദ്ധാരണത്തിനും വേണ്ടി സർവശക്തനായ നാഥൻ അസാധാരണമായ നിലയിൽ എന്നിൽ സ്വയം വെളിപ്പെട്ടിരിക്കുന്നു. എല്ലാവിധത്തിലുള്ള അനുഗ്രഹങ്ങളാലും അവനെന്നെ പിന്തുണച്ചി രിക്കുന്നു. ഇസ്ലാമിന്റെ അന്ധകാരത്തിന്റെ കാലം അവനെന്നെ മുൻകൂട്ടി അറിയിച്ചിരിക്കുന്നു. മനുഷ്യകു ലോത്തമന്റെ ഉമ്മത്തിന്റെ ഏറ്റവും ദയനീയമായ അവസ്ഥയും അറിയിച്ചതോടൊപ്പം അനേകവിധത്തിലുള്ള അനുഗ്രഹങ്ങളുടെ സുവാർത്തയും ആത്മീയ വിജയവും ദൈവിക സഹായവുമുണ്ടാവുമെന്നും അവനെന്നെ അറിയിച്ചിരിക്കുന്നു. അല്ലയോ അറബ് രാഷ്ട്രങ്ങളേ, ജനങ്ങളേ, ഈ ആനുഗ്രഹങ്ങൾ നിങ്ങളുമായി പങ്കു വെക്കാൻ ഞാൻ ആഗ്രഹിച്ചു. ഞാൻ ജിജ്ഞാസാപൂർവം ഈ ദിനം പ്രതീക്ഷിച്ചിരിക്കയാണ്. സർവ ലോക നാഥനായ അല്ലാഹുവിന് വേണ്ടി നിങ്ങൾക്കും എന്നോട് കൂടി ചേരാൻ ആഗ്രഹമുണ്ടോ?'[6]

അതിനാൽ വാഗ്ദത്ത മസീഹി (അ)ന്റെ സന്ദേശത്തിന്റെ ചെറിയ ഒരു ഭാഗമാണ് ഞാൻ നിങ്ങൾക്ക് മുമ്പിൽ അവതിപ്പിച്ചിട്ടുള്ളത്. അതിൽ നിറയെ സ്നേഹവും അനുകമ്പയും സഹതാപവുമാണ്. ഇന്ന് ലോകത്തിലെ മുസ്ലിംകളെല്ലാവരും പ്രത്യേകിച്ച് അറബികൾ നബി (സ) തിരുമേനിയുടെ അങ്ങേയറ്റം ആത്മാർഥതയുള്ള സേവകന്റെ ഹൃദയപൂർണമായ ഈ ജ്ഞാന സന്ദേശം സ്വീകരിക്കുകയാണെങ്കിൽ അദ്ദേഹത്തിന്റെ വിളിക്ക് ഉത്തരം നൽകുകയാണെങ്കിൽ തീർച്ചയായും ദുരിതത്തിന്റെയും അസ്വസ്ഥതയുടെയും അവസ്ഥയിൽ നിന്നും ഇസ്ലാമിക രാജ്യങ്ങൾ ഈ സുവിശേഷങ്ങളുടെ പൂർത്തീകരണമെന്നോണം എല്ലാ വിധത്തിലുള്ള കാരുണ്യത്തിന്റേയും സന്തോഷത്തിന്റേയും അവസ്ഥയിലേക്ക് പരിവർത്തനം ചെയ്യപ്പെടുന്നതാണ്.

സർവശക്തനായ അല്ലാഹു എല്ലാ മുസ്ലികളെയും പ്രത്യേകിച്ച് അറബികളേയും ഈ വിളിക്കുത്തരം നൽകാൻ പ്രാപ്തരാക്കുമാറാകട്ടെ. അങ്ങനെ ഇസ്ലാമിന്റെ പ്രഭാപൂരം ഒരിക്കൽ കൂടി ഈ ലോകത്തെ പ്രകാശ പൂരിതമാക്കട്ടെ. അങ്ങനെ മുഴുവൻ മനുഷ്യ സമൂഹവും ഏകനായ ദൈവത്തെ തിരിച്ചറിയുമാറാകട്ടെ.

അല്ലയോ അല്ലാഹുവേ, ഞങ്ങൾക്ക് വിജയം നൽകുകയും ഞങ്ങളുടെ കൃത്യ നിർവഹണത്തിൽ ഞങ്ങളെ സഹായിക്കുകയും ഞങ്ങളുടെ ജീവിതകാലത്തു തന്നെ മറ്റെല്ലാ മതങ്ങളുടെ മേലും ഇസ്ലാമിന്റെ വിജയം കാണുവാൻ ഞങ്ങളെ അനുഗ്രഹിക്കുകയും ചെയ്യേണമേ. (ആമീൻ) അല്ലയോ സർവലേക നാഥാ.!

---

1.വിശുദ്ധ ഖുർആൻ, സൂറ: ജുമുഅ. സൂക്തം 4, 2.വിശുദ്ധ ഖുർആൻ, സൂറ: ജുമുഅ. സൂക്തം 4, 3.വിശുദ്ധ ഖുർആൻ, സൂറ: ജുമുഅ. സൂക്തം 4, 4വിശുദ്ധ ഖുർആൻ, സൂറ: അസ്സബാ. സൂക്തം 29, 5.അത്തബീഗുൽ ഖസായിൻ അർറൂഹാനിയ്യ: ഭാഗം 5 പേ. 419,422, 6. ഹമാമത്തുൽ ബുശ്റ. പേ.22.

***ഇംഗ്ലീഷ് വിവ: ഇബ്രാഹിം ഇഖ്ലാഫ് സാഹിബ്***

***മലയാള വിവ: കെ. വി. ഹസ്സൻ കോയ, കോഴിക്കോട്***

# ഖുര്‍ആന്‍ ഹൃദയത്തിന് ഔഷധം

ഹൃദയത്തിന്റെ ആത്മീയവും ധാര്‍മികവുമായ രോഗങ്ങള്‍ക്ക് ഖുര്‍ആന്‍ ദിവ്യൗഷധമാണ്. രോഗശമനം വരുത്തി ആരോഗ്യത്തിലേക്കും പുരോഗതിയിലേക്കും അത് മനുഷ്യനെ നയിക്കുന്നു.

ഹദ്റത്ത് മിര്‍സാ നാസിര്‍ അഹ്മദ് (റ)
(ഖലീഫത്തുല്‍ മസീഹ് സാലിസ്)

***ജനങ്ങളേ, തീര്‍ച്ചയായും നിങ്ങളുടെ നാഥങ്കല്‍ നിന്നുള്ള ഒരു തത്ത്വോപദേശവും ഹൃദയത്തിനുള്ള ശമനൗഷധവും നിങ്ങള്‍ക്ക് വന്നുകിട്ടിയിരിക്കുന്നു. വിശ്വാസികള്‍ക്ക് മാര്‍ഗദര്‍ശനവും കാരുണ്യവുമാകുന്നു*** (അത്) (10:58)

ഖുര്‍ആന്‍ മനുഷ്യന് വിലമതിക്കാനാവാത്ത ഒരമൂല്യനിധിയാണ്. നമുക്ക് വായിച്ചുനോക്കി അര്‍ഥം ഗ്രഹിക്കുമാറ് പ്രപഞ്ചസ്രഷ്ടാവും കരുണാവാരിധിയുമായ ദൈവം നമുക്ക് ആവശ്യമായ ഗ്രന്ഥം രൂപപ്പെടുത്തിക്കൊണ്ടിരിക്കുന്നു എന്നതിന് നമ്മുടെ നാഥനെ എത്ര നാം സ്തുതിക്കണം. ആത്മീയമായും ഭൗതികമായും ബുദ്ധിപരമായും നമ്മെ അങ്ങേയറ്റം ഉന്നതിയിലെത്തിക്കാനും നമ്മുടെ എല്ലാ പ്രശ്നങ്ങളും പരിഹരിക്കാനുമുള്ള വഴികള്‍ ഖുര്‍ആനിലുണ്ട്.

മേല്‍വചനം റസൂല്‍ തിരുമേനി (സ)ന്റെ ജീവിതവിജയങ്ങളുടെ രഹസ്യങ്ങളിലേക്ക് വെളിച്ചം വീശുന്നു. ആ വിജയം സാധ്യമായത് സൈന്യമോ, സമ്പത്തോ, വമ്പിച്ച അനുയായികളോ മുഖേനയായിരുന്നില്ല. എന്നാല്‍ ഖുര്‍ആന്‍ എന്ന അതുല്യവും അത്ഭുതകരവുമായ ഒരേയൊരു ഗ്രന്ഥം മുഖേനയാണ്. ഒരു മനുഷ്യന് അതിന്റെ സാരഗര്‍ഭമായ ഉപദേശങ്ങള്‍ക്കും അധ്യാപനങ്ങള്‍ക്കും മുമ്പില്‍ എതിര്‍ത്തു നില്‍ക്കാന്‍ സാധ്യമല്ല. അധികം കഴിയാതെ തന്നെ ഖുര്‍ആന്റെ അനുവാചകര്‍ ഖുര്‍ആനില്‍ നിന്ന് മാര്‍ഗദര്‍ശനത്തിനായി തിരയുന്നു. കാരണം, ഖുര്‍ആന്‍ സ്വയം വിശേഷിപ്പിക്കുന്നത് പോലെ '*നിങ്ങളുടെ നാഥനില്‍ നിന്നുള്ള ഒരു തത്ത്വോപദേശവും ഹൃദയത്തിനു ശമനൗഷധവുമാണ്. സന്മാര്‍ഗദര്‍ശകവും കാരുണ്യവുമാണ്.*' അതായത്, മനുഷ്യഹൃദയത്തെ സ്വാധീനിക്കുന്ന സൂക്ഷ്മഘടകങ്ങളെല്ലാം വിശുദ്ധ ഖുര്‍ആന്റെ ഓരോവചനത്തിലും കൃത്യമായ അളവില്‍ അല്ലാഹു സന്നിവേശിപ്പിച്ചിരിക്കുന്നു. ഖുര്‍ആനെ '**മൗഇളത്ത്**' (തത്ത്വോപദേശം) എന്നാണ് ഈ വചനത്തില്‍ വിശേഷിപ്പിച്ചിരിക്കുന്നത്. ഖുര്‍ആന്‍, മനുഷ്യന് കലവറയില്ലാതെ സദുപദേശം നല്‍കുന്നു. റസൂല്‍ തിരുമേനി(സ) യാതൊരുവിധ സ്വകാര്യനേട്ടവും ആഗ്രഹിക്കാതെ പരജനകാംക്ഷ മാത്രം ലക്ഷ്യമാക്കിക്കൊണ്ടാണ് ഉപദേശങ്ങള്‍ നല്‍കിയത്. ജനങ്ങളുടെ നന്മ മാത്രമായിരുന്നു ആ ധന്യാത്മാവിന്റെ ലക്ഷ്യം. അത് കൊണ്ട് ജനങ്ങള്‍ റസൂല്‍ തിരുമേനി (സ)യില്‍ ആകൃഷ്ടരാകാതെയിരുന്നില്ല. ഖുര്‍ആനിക വചനം മനുഷ്യഹൃദയത്തെ അഗാധമായി സ്വാധീനിക്കാനുള്ള മറ്റൊരു കാരണം, അത് സ്നേഹത്തിനും ദൈവഭയത്തിനും അനിതരസാധാരണമായ പ്രാധാന്യം നല്‍കുന്നുഎന്നതാണ്. ഒരു കഠിനഹൃദയന് പോലും ഖുര്‍ആന്റെ ഈ സ്വാധീനത്തെ അതിവര്‍ത്തിക്കാന്‍ സാധ്യമല്ല. മനുഷ്യന്റെ ഹൃദയസംസ്കരണത്തിന് പ്രേരിപ്പിക്കുന്നവിധത്തില്‍ അതിമനോഹരവും ഹൃദയാവര്‍ജകവുമായ രീതിയിലാണ് ഖുര്‍ആന്‍ കാര്യങ്ങള്‍ പ്രതിപാദിച്ചിരിക്കുന്നത്.

'ശിഫാഅ്' (ശമനൗഷധം) എന്ന പദമാണ് ഖുര്‍ആന്‍ വചനങ്ങളെ വിശേഷിപ്പിക്കാന്‍ ഇവിടെ ഉപയോഗിച്ചത്. എല്ലാവിധത്തിലുള്ള ആത്മീയവും മാനസികവുമായ വ്യാധികള്‍ക്കും ഒരു ദിവ്യൗഷധമായി ഖുര്‍ആനിക വചനങ്ങള്‍ ഉപയോഗിക്കാമെന്നാണ് ഇതിനര്‍ഥം. മനുഷ്യന്‍ എത്ര വലിയ നിരാശയില്‍ പതി

ച്ചാലും സത്യത്തിനോട് അഭിമുഖമായിക്കൊണ്ട് വീണ്ടും ഉയരാനുള്ള പ്രവണത അവൻ കാണിക്കുന്നു. ജീവിതത്തിന്റെ പൊരുൾ എന്തെന്നറിയാൻ അവൻ ആഗ്രഹിക്കുന്നു. ഹതാശയരായി നിരാശയിൽപ്പെട്ട ആളുകളുടെ ഹൃദയങ്ങൾക്ക് ഖുർആൻ നൽകുന്ന ശാന്തിയും ശമനവും അളവറ്റതാണ്. അവരെ ഖുർആൻ സംശയങ്ങളിൽ നിന്നും അവ്യക്തതകളിൽ നിന്നും രക്ഷിച്ച് വ്യക്തമായ മാർഗവും ധൈര്യവും ആശ്വാസവും പകർന്നു നൽകുന്നു.

ആത്മീയ ഉന്നതി പ്രാപിച്ച മഹാത്മാക്കളുടെ ജീവിതത്തെപ്പറ്റി വായിക്കുമ്പോഴും അറിയുമ്പോഴും മനുഷ്യഹൃദയം വലിയതോതിൽ ചലനം കൊള്ളാറുണ്ട്. വിശ്വാസകാര്യങ്ങൾ ദൈനംദിന ജീവിത യാഥാർഥ്യങ്ങളായി മാറ്റുരച്ചുകൊണ്ട് വലിയ വലിയ കഷ്ടപാടുകൾക്കും ദുരിതങ്ങൾക്കും പരീക്ഷണങ്ങൾക്കും നടുവിൽ എല്ലാം സഹിച്ച്, മഹാത്മാക്കൾ കാട്ടിയ ജീവിതമാതൃക നമ്മിലും അങ്ങനെയനുകരിക്കാനുള്ള പ്രതിജ്ഞയും ആഗ്രഹവും ഹൃദയത്തിൽ അങ്കുരിപ്പിക്കുന്നു. അങ്ങനെ ദൈവത്തെ പ്രാപിക്കാനുള്ള ഒരു വഴി നമുക്ക് തുറന്നു കിട്ടുന്നു. അപ്രകാരം ഖുർആൻ വിവരിക്കുന്ന പ്രവാചകകഥകൾ നമ്മെയും പരിശുദ്ധജീവിതം നയിക്കാൻ പ്രേരിപ്പിക്കുന്നു.

ഖുർആൻ മാർഗദർശകവും കാരുണ്യവുമാണ് എന്ന ഈ വചനത്തിലെ സന്ദേശം, ആത്മീയ പുരോഗതി മാത്രമല്ല ഈ ലോകത്തും വിജയം പ്രാപിക്കാൻ ഖുർആന്റെ ഉപദേശങ്ങൾ പര്യാപ്തമാണെന്നാണ് അർഥമാക്കുന്നത്. ചിലയാളുകൾ ആത്മീയജ്ഞാനത്തെ സംബന്ധിച്ച് താല്പര്യമില്ലാത്തവരും അതിന്റെ അഗാധതലങ്ങളിലേക്ക് ഇറങ്ങിച്ചെല്ലാൻ കൂട്ടാക്കാത്തവരുമാണ്. മതനിയമങ്ങളുടെ തത്ത്വശാസ്ത്രം അവർ മനസ്സിലാക്കുന്നില്ല. ഭൗതിക പുരോഗതിയും അതിന്റെ സാമഗ്രികളുമാണ് അവരെ ആകർഷിക്കുക. അത്തരം ആളുകളെ തൃപ്തിപ്പെടുത്താൻ ഭൗതികലോകത്തെ ചില അത്ഭുതങ്ങൾ ദൈവം വിശുദ്ധ ഖുർആനിലൂടെ കാണിച്ചുകൊടുക്കുന്നു.

ഈ ആയത്തിൽ ഖുർആൻ ഹൃദയരോഗങ്ങൾക്ക് ശമനകാരിയാണെന്ന പരാമർശത്തെപ്പറ്റി ചിലർക്ക് സംശയമുണ്ടാകാം. മസ്തിഷ്ക്കമാണല്ലോ മനുഷ്യചിന്തയുടെ അധിഷ്ഠാനം. അപ്പോൾ മസ്തിഷ്കത്തെപറ്റി എന്തുകൊണ്ട് ഇവിടെ പറഞ്ഞില്ല എന്നാണ് അവരുടെ സംശയം. ഇവിടെ ഒരു കാര്യം നാം ശ്രദ്ധിക്കേണ്ടതുണ്ട്. ആത്മീയ കാര്യങ്ങൾ ഹൃദയവുമായി ബന്ധപ്പെട്ടതാണ്. അതിന്റെ സൂക്ഷ്മമായ വശങ്ങളും ചലനങ്ങളും ഹൃദയമാണ് സംവേദിച്ചറിയുന്നത്. ആത്മീയാനുഭവമുള്ള മഹാത്മാക്കന്മാരെല്ലാം അവരുടെ ആത്മീയാനുഭവങ്ങൾ ഹൃദയവുമായി ബന്ധപ്പെട്ടതാണെന്ന് സാക്ഷ്യം നൽകുന്നു. മനുഷ്യഹൃദയവും ആത്മാവും തമ്മിലുള്ള ബന്ധം ഒരു പക്ഷേ മെഡിക്കൽ സയൻസിന് മനസ്സിലാക്കാൻ സാധ്യമല്ലെന്ന് വരും. പക്ഷേ, ഇത്തരം ജ്ഞാ നികളുടെ അഭിപ്രായമാണ് ഇക്കാര്യത്തിൽ ഏറ്റവും സ്വീകാര്യം. രക്തത്തിൽ വരുന്ന മാറ്റങ്ങൾ മനുഷ്യന്റെ ചിന്തകളെ സ്വാധീനിക്കുന്നുവെന്ന വസ്തുതയും നാം പരിഗണിക്കേണ്ടതുണ്ട്. മസ്തിഷ്ക്കത്തിൽ ചിന്തയുടെ പ്രക്രിയകൾ നടക്കണമെങ്കിൽ ഹൃദയം രക്തം പമ്പ് ചെയ്ത് മസ്തിഷ്ക്കത്തിലെത്തിക്കേണ്ടതുണ്ട്. നല്ല ആരോഗ്യമുള്ള ഹൃദയങ്ങളിൽനിന്ന് നല്ല രക്തം പമ്പ് ചെയ്യുമ്പോൾ മാത്രമേ മസ്തിഷ്ക്കം നല്ല ചിന്തകൾ ഉല്പാദിപ്പിക്കുകയുള്ളൂ. ഈ തത്ത്വത്തിന്റെ അടിസ്ഥാനത്തിൽ ഹൃദയത്തിന് ശമനം നൽകുന്ന ഖുർആൻ മനുഷ്യന്റെ ചിന്തയെ വിമലീകരിക്കുകയും നിർമലമാക്കുകയും ചെയ്യുന്നു. അങ്ങനെ മനുഷ്യസമൂഹത്തിൽ സ്നേഹവും ശാന്തിയും വിളയിക്കാൻ ഖുർആനിന്റെ അനുയായികൾക്കും അനുവാചകർക്കും സാധ്യമാവുന്നു.

വിശ്വസിച്ചവരേ, അല്ലാഹുവിനെ അനുസരിക്കുക; (അവന്റെ) ദൂതനേയും നിങ്ങളിൽ നിന്നുള്ള അധികാര സ്ഥരേയും അനുസരി ക്കുക. പിന്നെ നിങ്ങൾ ഏതെങ്കിലും കാര്യത്തിൽ അന്യോന്യം ഭിന്നിച്ചാൽ അത് അല്ലാഹുവിങ്കലേക്കും (അവന്റെ) ദൂതങ്കലേക്കും (തീരുമാനത്തിനായി) ഏല്പിക്കുക. നിങ്ങൾ അല്ലാഹുവിലും അന്ത്യദിനത്തിലും വിശ്വസിക്കുന്നവരാണെങ്കിൽ അതാണ് ഏറ്റവും ഉത്തമമായതും ഏറ്റവുംനല്ല ഗുണപര്യവസായിയും.

(വിശുദ്ധ ഖുർആൻ 4:60)

# മതേതരത്വം ജനാധിപത്യത്തെ ശക്തിപ്പെടുത്തുന്നു

സത്യദൂതൻ വജ്രജൂബിലി പതിപ്പിന് വേണ്ടി പതിനെട്ട് വർഷം മുമ്പ് ജസ്റ്റീസ് വി. ആർ കൃഷ്ണയ്യരുമായി മതേതരത്വം എന്ന വിഷയത്തെ സംബന്ധിച്ച് നടത്തിയ ഹ്രസ്വമായ അഭിമുഖമാണ് ഇവിടെ പുനഃപ്രസിദ്ധീകരിക്കുന്നത്. മതേതരത്വം സ്വീകരിച്ച ഭാരതത്തിൽ എല്ലാ മതങ്ങളോടും തുല്യനീതിയാണ് വിഭാവനം ചെയ്തിട്ടുള്ളതെന്നും ന്യൂനപക്ഷവും ഭൂരിപക്ഷവുമടങ്ങുന്ന ജനാധിപത്യത്തിന്റെ നില നിൽപ്പിന് മതേതരത്വം അനിവാര്യമാണെന്നും കൃഷ്ണയ്യർ പറയുന്നു. സ്വതന്ത്ര ഭാരതത്തിൽ അഹ്മദികൾ മുസ്‌ലിംകളാണെന്ന് 1971 ൽ ആദ്യമായി വിധിപ്രസ്താവം നടത്തിയത് ജസ്റ്റീസ് കൃഷ്ണയ്യരായിരുന്നു. (വിധിയുടെ പൂർണ രൂപം 1912 ജനുവരി, ഫിബ്രവരി, മാർച്ച്, ഏപ്രിൽ ലക്കം സത്യദൂതനിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്). ഒരാളുടെ മതവിശ്വാസത്തിൽ വിധി പറയാൻ ഭരണ കൂടത്തിന് അധികാരമില്ലെന്നും അവിഭക്ത ഭാരതത്തിൽ സർ സഫറുല്ലാഹ് ഖാൻ വാദിച്ചു ജയിച്ച വിധിയാണ് തന്റെ വിധിക്കായി റഫർ ചെയ്തതെന്നും ആംഗ്ലോ സാക്സൺ കീഴ്‌വഴക്കങ്ങളാണ് ഇത്തരം വിധിക്ക് അഭികാമ്യമെന്നും അദ്ദേഹം അഭിപ്രായപ്പെടുന്നു. പാകിസ്താനിൽ അഹ്മദികളെ അമുസ്‌ലിംകളായി പ്രഖ്യാപിച്ചത് ശരിയല്ല എന്നും കൃഷ്ണയ്യർ അഭിമുഖത്തിൽ പറയുകയുണ്ടായി. അഭിമുഖം നടത്തിയത് :എ. എം. മുഹമ്മദ് സലിം.

**ചോദ്യം**: മതേതരത്വത്തെക്കുറിച്ച് താങ്കളുടെ കാഴ്ച്ചപ്പാട് എന്താണ്?

**ഉത്തരം**: മതേതരത്വം എന്ന് പറയുന്നത് സെക്കുലരിസം എന്ന ഇംഗ്ലീഷ് വാക്കിന്റെ മലയാളമാണ്. സെക്കുലർ എന്ന വാക്കിന് പല അർഥങ്ങളും പലരും കൽപ്പിച്ചിട്ടുണ്ട്. പാശ്ചാത്യർ സെക്കുലർ എന്ന പദത്തിന് നിരീശ്വര വാദം എന്ന് വരെയുള്ള അർഥം കൊടുത്തിട്ടുണ്ട്. അതിനോട് ഞാൻ യോജിക്കുന്നില്ല. ഇന്ത്യയിലെ പരിതസ്ഥിതി മുന്നിൽ വെച്ച് കൊണ്ട് ബഹുമതങ്ങളുള്ള ഈ രാജ്യത്ത് സെക്കുലരിസം അഥവാ മതേതരത്വം നിർബന്ധമായും ഒരാവശ്യമാണെന്ന് ഞാൻ കരുതുന്നു. ഞാൻ കൽപ്പിക്കുന്ന അർഥം എല്ലാ മതങ്ങൾക്കും അന്യോന്യം ബഹുമാനത്തോടുകൂടി വളരുവാൻ അനുവദിക്കുക എന്നുള്ളതാണ്. ഹിന്ദുവാകാം മുസ്‌ലിമാകാം മറ്റു മതാനുയായികളാവാം പക്ഷേ ഒരുവന്റെ മതത്തെ മറ്റൊരുവൻ വ്രണപ്പെടുത്തുകയോ അല്ലെങ്കിൽ തെറ്റായ ധാരണമൂലം അപമാനിക്കുകയോ ചെയ്യുന്നത് ഒരു കാലത്തും സമ്മതിച്ചു കൂടാത്തതാണ്. അസഹിഷ്ണുത മതരംഗത്ത് ഒരു മതവും പ്രകടിപ്പിക്കുന്നത് ഉചിതമല്ല. എല്ലാ മതങ്ങളുടെയും സാരാംശം ഒന്നാണെന്ന ബോധം ഉണ്ടാവണം. രണ്ടാമതായി മതവ്യത്യസ്തത മറ്റുള്ളവരെ വെറു ക്കാൻ കാരണമാവരുത്. അത് വർഗീ യതയിൽ എത്തിക്കും.

ഒരു മതം മറ്റൊരു മതത്തെ ബഹുമാനിക്കണമെന്നും മറ്റു മതങ്ങളിൽ വിശ്വസിക്കുന്നവരുടെ ആത് മാർ ഥതയെ അംഗീകരിച്ചു കൊണ്ട് അവരെ



ആദരിക്കണമെന്നുമുള്ള താണ് മതേതരത്വത്തിന്റെ അടി സ്ഥാന ദർശനം. അന്യോന്യമുള്ള ആദരവ് എന്ന മനോഭാവമാണ് ഞാൻ സെക്കുലരിസം എന്ന പദത്തിന് നൽകുന്നത്.

**ചോദ്യം**: നമ്മുടെ സെക്കുലരിസം അത് ലക്ഷ്യമാക്കുന്ന നന്മകളിൽ എത്തിച്ചേരാൻ സഹായകമാണോ?

**ഉത്തരം**: നിശ്ചയമായും സാധിക്കും. മതേതരത്വം ശരിയായി പാലിക്കുന്ന ജനതയാണ് നമ്മളെങ്കിൽ നമ്മുടെ നാട്ടിൽ നാം ഉണ്ടാക്കുന്നതായ ദുരവസ്ഥകൾ ഒന്നും സംഭവിക്കില്ലായിരുന്നു. നിർഭാഗ്യവശാൽ ചില മൗലിക വാദികൾ - മതമൗലിക വാദികളെന്നാണ് അവരെ പറ്റി പറയുന്നത് (ആ വാക്കിന്റെ അർഥം തന്നെ എന്താണെന്ന് വ്യക്തമല്ല.) അന്ധവിശ്വസങ്ങളെ ഉയർത്തിപ്പിടിച്ച് അതാണ് മതമെന്ന് അവർ വാദിക്കുന്നു. വികാരങ്ങളെ ഇളക്കിവിട്ട് നാട്ടിൽ കുഴപ്പങ്ങളും വർഗീയ ലഹളകളും ഉണ്ടാക്കുന്നു. അത് ഒരു കാലത്തും പൊറുക്കാവതല്ലാത്തതാണ്. ഈ നിലക്ക് സെക്കുലറിസം നമ്മുടെ നാട്ടിൽ കുറേയൊക്കെ പരാജയപ്പെട്ടിരിക്കുന്നു എന്ന് പറയേണ്ടിവരും. എന്നാൽ നമ്മുടെ നാട്ടിൽ പുതുതായി, ഒരു ചൈതന്യവത്തായ ശക്തിയായി മതേതരത്വം വളർന്നു വരുന്നുണ്ട്. മതങ്ങൾ അന്യോന്യം സഹിഷ്ണുത കാണിക്കണം, സൗഭ്രാതം കാണിക്കണം എന്നുള്ളത് വളരെ പ്രധാനമാണ്. ആ നിലക്ക് ഇന്നത്തെ അന്തരീക്ഷം വളരെ അനുകൂലമായി തെളിഞ്ഞു കൊണ്ടിരിക്കുന്നു എന്നു മാത്രമേ പറയുന്നുള്ളൂ. വർഗീയത മനസ്സിന്റെ ഉള്ളിൽ ഒളിപ്പിച്ചിരിക്കുന്നതായി പല ദിക്കിലും കാണാൻ കഴിയുന്നു. എങ്ങനെയാണ് ഇത് പിഴുതെറിയാൻ സാധിക്കുക എന്നതിനെപറ്റി എനിക്ക് യാതൊന്നും പറയാൻ കഴിയുകയില്ല. ഞാൻ പല സംഘടനകളിലും അംഗമാണ്. അതിലെല്ലാമുള്ള ഒരു പ്രധാന ഘടകം വർഗീയതയെ എതിർക്കുക മതങ്ങൾ അന്യോന്യം ബഹുമാനം പ്രകടിപ്പിക്കുക എന്നതാണ്. അങ്ങനെ പൊതുജനാഭിപ്രായം എല്ലാ ജനവിഭാഗങ്ങളിലും ഉയർന്നുവരികയാണെങ്കിൽ സംശയമില്ല അന്തരീക്ഷം നമുക്ക് അനുകൂലമാണ്.

**ചോദ്യം**: വർഗീയതയെ ഇല്ലാതാക്കാൻ മതത്തിന്റെ ഭാഗത്ത് നിന്ന് തന്നെയുള്ള ആത്മീയ ധാർമിക മൂല്യങ്ങൾക്ക് സാധിക്കുമോ? സഹിഷ്ണുതാപരമായ അത്തരം ഘടകങ്ങൾ എല്ലാ മതത്തിലും ഉണ്ടെന്ന് താങ്കൾ കരുതുന്നുണ്ടോ? അവ പ്രയോഗത്തിൽ വരുത്തുവാൻ സാധിക്കുമോ?

**ഉത്തരം**: സാധിക്കും എന്നാണ് എന്റെ വിശ്വാസം. സാധിക്കുന്നില്ല എന്ന് പരമാർഥം മറച്ച് വെച്ചത് കൊണ്ട് യാതൊരു കാര്യവുമില്ല. ഇന്ന് എന്താണ് നടക്കുന്നതെന്ന് വെച്ചാൽ ഈ രാജ്യത്ത് ബഹുമതങ്ങൾ ഉണ്ടെന്ന് എല്ലാവരും അംഗീകരിക്കു ന്നു എന്നു മാത്രമല്ല സർ രാധാകൃഷ്ണൻ, മഹാത്മാഗാന്ധി എന്നിവരെല്ലാം നമ്മെ പറഞ്ഞു ധരിപ്പിച്ചിട്ടുള്ള ഈ വീക്ഷണ കോണിൽ കൂടി നോക്കുകയാണെങ്കിൽ എല്ലാ മതങ്ങളിലും മാന്യതയുണ്ട്. എല്ലാ മതങ്ങളിലും സത്യമുണ്ട് അതുകൊണ്ട് എല്ലാ മതാനുയായികളും സൗഹൃദത്തിൽ ജീവിക്കേണ്ട ഒരു രാജ്യമാണ് ഭാരതം. എങ്കിലും ഈ വർഗീയതയെ പ്രീണിപ്പിക്കാൻ വേണ്ടി പല കക്ഷികളും ശ്രമിക്കുന്നതായി കാണാം. വർഗീയതയിൽ നിന്ന് രാഷ്ട്രീയമായി മുതലെടുക്കാൻ ശ്രമിക്കുന്ന ശക്തികളുമുണ്ട്. വർഗീയതയേയും മതവികാരത്തേയും കൂട്ടിക്കുഴച്ച് ഈ രാജ്യത്ത് കുഴപ്പങ്ങളും കഷ്ടപ്പാടുകളും സൃഷ്ടിക്കുന്ന ആ വിഭാഗം നിലനിൽക്കുമ്പോൾ എങ്ങനെയാണ് ഇത് അവസാനിപ്പിക്കുക? ഇന്ന് നാം ചെയ്യേണ്ടത് രാഷ്ട്രീയമൊന്നു വേറെ മതമൊന്നു വേറെ എന്നതിലേക്ക് ഒരു 'വാൾ ഓഫ് സപ്പറേഷൻ' (വിഭജന ഭിത്തി) തന്നെ വേണമെന്നുള്ളതാണ്. അല്ലെങ്കിൽ മതവും രാഷ്ട്രീയവും തമ്മിൽ കൂട്ടിക്കുഴയുകയാണ് ഫലം. ഇത് എവിടെയെങ്കിലും വികാരത്തിൽ ചെന്ന് മുട്ടാതിരിക്കില്ല. വികാരമാകുന്ന അഗ്നി ആളിക്കത്തിയാൽ പിടിച്ചു നിർത്താൻ സാധിച്ചെന്ന് വരില്ല. ഇതാണ് ഇന്നത്തെ അവസ്ഥ.

**ചോദ്യം**: പാകിസ്താനിൽ അഹ്മദികളെ അമുസ്ലിം ന്യൂനപക്ഷമായി പ്രഖ്യാപിച്ചിട്ടുണ്ട്. എന്താണ് താങ്കളുടെ അഭിപ്രായം ?

**ഉത്തരം**: അഹ്മദിയ്യാ സമൂഹത്തെ ഇവിടുത്തെ മുസ്ലിംകൾ, മുസ്ലിംകളല്ല എന്നാണ് പറയുന്നത്. അത് കൊണ്ട് അവരെ മതത്തിൽ നിന്ന് പുറത്താക്കണമെന്നും അവർ പറയുന്നു. അപ്രകാരം അഹ്മദികൾ മുസ്ലിംകളല്ലെന്നാണ് പാകിസ്താനിലെ മുസ്ലിംകൾ പറയുന്നത്. ഇതിൽ എനിക്കൊന്നും പറയാനില്ല. ആ രാജ്യത്തിന്റെ തലപ്പത്തുള്ള രാഷ്ട്രീയ നേതാക്കന്മാർ അങ്ങനെ വിധിച്ചിരിക്കയാണ്. അഹ്മദിയ്യർ മുസ്ലിംകളല്ല എന്ന വാദം വിചിത്രമാണ്. കാരണം സർ സഫറുല്ലാഹ് ഖാൻ പാകിസ്താന്റെ പ്രതിനിധിയായിരുന്നു. യുണൈറ്റഡ് നേഷൻസിൽ പാകിസ്താന്റെ വക്താവായിരുന്നു. അദ്ദേഹം അഹ്മദിയ്യാക്കാരൻ ആയിരുന്നു. അപ്പോൾ ഒരു മുസ്ലിം രാഷ്ട്രത്തിന്റെ പ്രതിനിധിയായി ഒരു അമുസ്ലിമിനെയാണോ അവിടെ നിയമിച്ചത് എന്നത് അവിശ്വസനീയമാണ് എന്നാണ് ഞാൻ അനുമാനിക്കുന്നത്. അന്യോന്യം പൊറുപ്പിക്കാതിരിക്കാനുള്ള വാസനയും അതിൽ നിന്ന് രാഷ്ട്രീയ മുതലെടുപ്പ് നടത്താനുള്ള പ്രവണതയുമാണ് ഇതിന്റെ അടിയിൽ കിടക്കുന്നത്. അപ്പോൾ അധികാരത്തെ മതത്തിൽ നിന്നും എങ്ങനെയെങ്കിലും പറിച്ചെടുക്കണം. അങ്ങനെ ആവുമെങ്കിൽ നമ്മുടെ ലക്ഷ്യം വിജയത്തിലെത്തും. എന്റെ എളിയ അഭിപ്രായം എന്റെ ജഡ്ജ്മെന്റിൽ പറഞ്ഞിട്ടുണ്ട്. ഒരിക്കൽ ചൂണ്ടിക്കാണിച്ചത് പോലെ, അഹ്മദിയർ ഇസ്ലാം മതത്തിൽപ്പെട്ടവർ ആണ് കൂടുതൽ വിശാലമായി അവർ കാര്യങ്ങൾ കാണുന്നവരുമാണ്. അതല്ലാതെ അവർ അമുസ്ലിങ്ങളാണെന്ന് പറയുന്നത് ശരിയല്ല എന്നാണ് എന്റെ അഭിപ്രായം. പക്ഷേ അതിന്റെ അടിസ്ഥാനത്തിൽ ഒരു വഴക്കിനും ഞാനില്ല.

**ചോദ്യം**: പാകിസ്താനിൽ അഹ്മദി

കളെ പാർലമെന്റിന്റെ ഭൂരിപക്ഷത്തോടെയാണ് അമുസ്‌ലിംകളായി പ്രഖ്യാപിച്ചത്. വ്യക്തികളുടെ മതവിശ്വാസത്തെ പറ്റി ഒരു തീരുമാനമെടുക്കാൻ ഗവൺമെന്റിന് അധികാരമുണ്ടോ? നമ്മുടെ ഇന്ത്യൻ ഭരണഘടന അക്കാര്യത്തിൽ എത്രത്തോളം ഉറപ്പ് നൽകുന്നു?

**ഉത്തരം:** മതത്തിൽ ഇടപെടാൻ പാടില്ല എന്ന് നമ്മുടെ ഭരണ ഘടന ഉറപ്പ് നൽകിയിട്ടുണ്ട്. അതിനെപ്പറ്റി തർക്കമില്ല. പാകിസ്താൻ മറ്റൊരു നിലപാടാണ് അംഗീകരിച്ചിട്ടുള്ളത്. പാകിസ്താൻ ഭരണഘടനയിൽ ഇസ്‌ലാമിന് പ്രാധാന്യം നൽകുകയും ചെയ്തിട്ടുണ്ട്. ഇസ്‌ലാം എന്താണെന്ന് അവരാണ് കൽപ്പിക്കുന്നത്. അങ്ങനെ ചെയ്യുന്നത് ശരിയാണെന്ന് എനിക്ക് അഭിപ്രായമില്ല. ഭൗതിക കാര്യങ്ങൾ മാത്രം കൈയാളുന്ന രാഷ്ട്രീയക്കാരൻ എങ്ങനെയാണ് മതത്തിന്റെ കാര്യത്തിൽ വിധിയെഴുതുക? ഇത് വിചിത്രമായിരിക്കുന്നു. ഏതായാലും അവിടെ അഹ്മദീയർ മുസ്‌ലിംകൾ അല്ല എന്നാണ് പറയുന്നത്. നിങ്ങൾ ചൂണ്ടിക്കാണിച്ചത് പോലെ അവരെ അമുസ്‌ലിംകളായിട്ടാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. പക്ഷേ എനിക്കറിയാവുന്ന പാകിസ്താനിലെ ഹ്യൂമൻ റൈറ്റ് കമ്മീഷൻ പ്രസിഡന്റ് അസ്മാ ജഹാംഗീർ* ഒരു അഹ്മദിയ്യാ സ്ത്രീ ആണ്. അവരുടെ ഭർത്താവും രണ്ടും പേരും മുസ്‌ലിംകൾ തന്നെ.

എന്റെ എളിയ അഭിപ്രായത്തിൽ അഹ്മദിയ്യാ വിഭാഗത്തെ, അവർ മുസ്‌ലിംകളല്ല എന്ന് പറഞ്ഞ് മാറ്റി നിർത്തുന്ന പ്രക്രിയ ഭൗതിക രാഷ്ട്രീയത്തിന്റെ പരിധിയിൽപ്പെട്ടതല്ല എന്നുള്ളതാണ്. അക്കാര്യങ്ങളെല്ലാം മത നേതാക്കൾ ചർച്ച ചെയ്ത് തീരുമാനിക്കട്ടെ. രാഷ്ട്രീയക്കാർ അതിന്റെ പിന്നിൽ പ്രവർത്തിക്കുന്നതും അധികാരം നടത്തുന്നതും ശരിയല്ല.

ഇത് സംബന്ധിച്ച പ്രശ്നം എന്റെ കോടതിയിൽ വന്നപ്പോൾ മുസൽമാൻ എന്ന് പറഞ്ഞാൽ എന്തെല്ലാമാണ് അതിന്റെഘടകങ്ങൾ എന്നതായിരുന്നു ചോദ്യങ്ങളായി കോടതിയിൽ വന്നത്. അതിനെ സംബന്ധിച്ചിടത്തോളം ആംഗ്ലോ സാക്സൺ കീഴ്‌വഴക്കങ്ങൾ ഉണ്ടായിട്ടുണ്ടെങ്കിൽ അതിനനുസരിച്ച് പ്രവർത്തിക്കാനാണ് ഇന്ത്യയിൽ അവശ്യമായിരുന്നത്. ഈ ചോദ്യം എന്റെ കോടതിയിൽ വന്നപ്പോൾ പഴയ വിധികൾ നോക്കിയതിൽ മദ്രാസിൽ ഒരു ഡിവിഷൻ ബഞ്ച് വിധിച്ചിട്ടുള്ളത് അഹ്മദികൾ മുസ്‌ലിംകളാണെന്നാണ്. സർ സഫറുല്ലാഹ് ഖാൻ ആണ് കേസ് വാദിച്ചത്. രണ്ട് യൂറോപ്യൻ ജഡ്ജിമാരാണ് വിധി പറഞ്ഞത്. അതിനെതിരെ ഒരു വിധിയും ഉണ്ടായിട്ടില്ല.

**ചോദ്യം:** സെക്കുലറിസത്തിന്റെ ഗുണഭോക്താക്കൾ ഏറിയ കൂറും ന്യൂനപക്ഷങ്ങളാണെന്നിരിക്കെ ന്യൂനപക്ഷങ്ങളിൽ നിന്നുള്ള പ്രതികരണങ്ങൾ സെക്കുലറിസത്തെ എങ്ങനെ ബാധിക്കും?

**ഉത്തരം:** ന്യൂനപക്ഷത്തിന് മാത്രമല്ല, ജനാധിപത്യം ഒരു രാജ്യത്ത് വേരൂന്നണമെങ്കിൽ ഭൂരിപക്ഷത്തിനും മതേതരത്വം അംഗീകരിക്കേണ്ടി വരും. അല്ലെങ്കിൽ ജനാധിപത്യത്തിന് തന്നെ ഭദ്രതയില്ല. മതേതരത്വം എന്ന തത്വം ഭൂരിപക്ഷത്തിനും ന്യൂനപക്ഷത്തിനും ഒരു പോലെ ആവശ്യമാണ്. മതേതരത്വവും ജനാധിപത്യവും പരസ്പര പൂരകങ്ങളാണ്. ഐക്യവും ഉദ്ഗ്രഥനവും സ്ഥായിയായി തീരണമെങ്കിൽ മതേതരത്വം ശക്തിപ്പെട്ടേ മതിയാവൂ.

**അസ്മാ ജഹാംഗീർ**: പാകിസ്താനിലെ അന്താരാഷ്ട്ര പ്രശസ്തയായ മനുഷ്യാവകാശ വാദിയും ആക്‌വിസ്റ്റുമാണ് അസ്മാ ജഹാഗീർ. അവർ അഹ്മദിയല്ല. പാകിസ്താനിലെ ഹ്യൂമൻ റൈറ്റ്സ് കമ്മീഷൻ സ്ഥാപക അംഗവും അതിന്റെ പ്രസിഡണ്ടുമായിരുന്നിട്ടുണ്ട്. ഇപ്പോൾ പാകിസ്താൻ സുപ്രിം കോടതി ബാർ അസോസിയേഷൻ പ്രസിഡന്റായി തിരഞ്ഞെടുക്കപ്പെട്ട അവർ മനുഷ്യവകാശ നിഷേധം അനുഭവിക്കുന്ന അഹ്മദികളോട് അനുഭാവമുള്ള പുരോഗമനവാദിയാണ്. നിരവധി അന്താരാഷ്ട്രാ പുരസ്കാരങ്ങൾ അവർക്ക് ലഭിച്ചിട്ടുണ്ട്.




സത്യദൂതൻ

ഒരു നൂറ്റാണ്ടിനോടടുക്കുന്ന മലയാളത്തിലെ
ഏക ഇസ്‌ലാമിക പ്രസിദ്ധീകരണം

**സത്യദൂതൻ വരിക്കാരാവുക**

പ്രസിദ്ധീകരണത്തിന്റെ 89 വർഷങ്ങൾ പിന്നിട്ട സത്യദൂതൻ മാസികയുടെ നിലവിലെ വരിക്കാർ 2015 ലെ വരിസംഖ്യ അടച്ച് സബ്സ്ക്രിബ്ഷൻ പുതുക്കണമെന്നും കുടിശികയുള്ളവർ അടച്ചു തീർക്കണമെന്നും ഉണർത്തുന്നു.

എന്ന്
മാനേജർ, സത്യദൂതൻ

# ഇസ്‌ലാം മഹനീയ പാഠങ്ങളുടെ കലവറ

മനുഷ്യൻ വ്യക്തിപരവും സാമൂഹികവുമായി പാലിക്കേണ്ട അത്യു ന്നതവും സാർവത്രികവുമായ ധാർമിക മൂല്യങ്ങളുടെ കലവറയാണ് ഇസ്‌ലാം മതം.

മഹ്മൂദ് കൽക്കുളം

**ലോ**കം ഇന്ന് അശാന്തമാണ്. സങ്കീർണമായ പ്രശ്നങ്ങളുടെയും കലിയടങ്ങാത്ത പക പോക്കലുകളുടേയും ഭീതിദത്തമായ വാർത്തകളാണ് പുറത്ത് വന്നുകൊണ്ടിരിക്കുന്നത്. ലോക ജനത സമാധാനം തേടി അലയുകയാണ്. വാസ്തവത്തിൽ സ്വാസ്ഥ്യം നഷ്ടപ്പെട്ട ഹൃദയങ്ങളാണ് അശാന്തിയുടെ വിത്ത് ലോകത്ത് പാകുന്നത്. വ്യക്തിയിൽ നിന്നാണ് സമൂഹം രൂപം കൊള്ളുന്നത്. അതിനാൽ വ്യക്തിയുടെ സമാധാനം സമൂഹത്തിന്റെ കെട്ടുറപ്പിന് അനുപേക്ഷണീയമാണ്. വ്യക്തി നിഷ്ഠമോ സാമൂഹികമോ സാമുദാ യികമോ ദേശീയമോ അന്തർദേശീയമോ ആകട്ടെ എല്ലാ മേഖലകളിലും സമാധാനമാണ് ഇസ്‌ലാം ലക്ഷ്യമിടുന്നത്. അതിനുള്ള വഴികളും ഉപാധികളും ഇസ്‌ലാം നിർദേശിക്കുന്നു. സമാധാനത്തിന്റെ അഭിവാദനമാണ് ഇസ്‌ലാം ലോകസമക്ഷം സമർപ്പിച്ചിട്ടുള്ളത്. ഉൽകൃഷ്ടമായൊരു ഉപഹാരം.! കണ്ടുമുട്ടുമ്പോൾ അങ്ങേക്ക് സമാധാനമുണ്ടാവട്ടെ എന്ന പ്രാർഥനയിലൂടെ പരസ്പരം അഭിവാദനമർപ്പിക്കുവാൻ മുസ്‌ലിംകൾ നിഷ്ക്കർശിക്കപ്പെട്ടിരിക്കുന്നു. തന്നിൽ നിന്ന് ഏതെങ്കിലും വിധത്തിലുള്ള ദ്രോഹമോ പ്രയാസങ്ങളോ താങ്കൾക്കു ഉണ്ടാവില്ല. മറിച്ച് താങ്കളുടെ സമാധാനമാണ് ഞാൻ കാംക്ഷിക്കുന്നത് എന്ന സന്ദേശമാണ് ഇത് വഴി ഓരോ മുസ്‌ലിമും നൽകുന്നത്. ഇപ്രകാരം സമാധാനത്തിന്റെ അഭിവാദ്യം സമർപ്പിക്കുന്നത് വ്യാപകമാക്കുവാൻ നബി (സ) അരുളുകയുണ്ടായി. സമാധാനമെന്ന ശബ്ദം വാക്കുകളിലും പ്രവർത്തികളിലും സർവോപരി തങ്ങളുടെ പ്രാർഥനകളിലും ഉയർന്നു നിൽക്കുവാനാണ് അവിടുന്ന് ഉൽക്കടമായി ആഗ്രഹിച്ചിരുന്നത്.

കേവലം പ്രതിരോധത്തിന് വേണ്ടി യുദ്ധം ഇസ്‌ലാമിലും അനുവദിക്കപ്പെട്ടിട്ടുണ്ടെങ്കിലും സമാധാന സംസ്ഥാപനം തന്നെയാണ് അതിന്റെ അന്തിമലക്ഷ്യം. തദ്വിഷയകമായി ഇസ്‌ലാം നൽകുന്ന പാഠങ്ങൾ ശ്രദ്ധേയങ്ങളാണ്.

***'ഫിത്ന ഇല്ലാതാവുകയും മതം സ്വീകരിക്കുന്നത് തികച്ചും അല്ലാഹുവിന് വേണ്ടിയാവുകയും ചെയ്യുന്നത് വരെ നിങ്ങൾ അരോട് യുദ്ധം ചെയ്യുക. അങ്ങനെ അവർ വിരമിക്കു ന്നതായാൽ അവർ പ്രവർത്തിക്കുന്നത് തീർച്ചയായും അല്ലാഹു സൂക്ഷ്മമായി വീക്ഷിച്ചു കൊണ്ടിരിക്കുന്നനാണ്.' (8:40) 'അവർ സമാധാനത്തിലേക്ക് ചായുന്നുവെങ്കിൽ നീയും അതിലേക്ക് ചായുക. അല്ലാഹുവിൽ ഭരമേൽപ്പിക്കുകയും ചെയ്യുക. തീർച്ചയായും അവൻ എല്ലാം കേൾക്കുന്നവനും എല്ലാം അറിയുന്നവനുമാണ്.' (8:62) 'മനുഷ്യരിൽ ചിലർക്ക് മറ്റു ചിലരിൽ നിന്നുള്ള ആക്രമണത്തിൽ നിന്നും സ്വയം രക്ഷിക്കുന്നതിന് അല്ലാഹു അനുമതി നൽകിയില്ലായിരുന്നുവെങ്കിൽ സന്യാസി മഠങ്ങളും ക്രിസ്തീയ ദേവാലയങ്ങളും ജൂതപ്പള്ളികളും മസ്ജിദുകളുമെല്ലാം തകർക്കപ്പെടുമായിരുന്നു. അവയിൽ വെച്ച് അല്ലാഹുവിന്റെ നാമം ധാരാളമായി അനുസ്മരിക്കപ്പെടുന്നുണ്ട്.' (22:41)***

ചുരുക്കത്തിൽ അതിക്രമം കാട്ടാനോ അമർഷം തീർക്കാനോ പ്രദേശങ്ങൾ വെട്ടിപിടിക്കാനോ ഉള്ള യുദ്ധം ഇസ്‌ലാം ഒരിക്കലും അംഗീകരിക്കുന്നില്ല എന്ന കാര്യം സുവിദമാണ്.

**യുദ്ധമര്യാദകൾ ഇസ്‌ലാമിക പാഠങ്ങൾ**

യുദ്ധമര്യാദകളെ പറ്റി, മാനുഷിക മൂല്യങ്ങൾ അതിജയിച്ചു നിൽക്കുന്ന ഒട്ടേറേ ഉൽകൃഷ്ട പാഠങ്ങളാണ് ഇസ്‌ലാം സമർപ്പിച്ചിട്ടുള്ളത്. ലോകത്ത് ഇന്നേവരെക്കും ആരും സമർപ്പിച്ചിട്ടില്ലാത്ത അത്യുദാത്തമായ മാർഗദർശനങ്ങൾ ഇത് സംബന്ധമായി ഇസ്‌ലാം നൽകുന്നുണ്ട്. എന്നിട്ടും ഇതിന്റെ പേരിൽ ഇസ്‌ലാമിനെ പ്രതിസ്ഥാനത്ത് നിർത്താൻ പാഴ്‌വേല നടത്തുന്നവർ, പ്രതിയോഗികളുടെ മൃതശരീരം പോലും വികൃതമാക്കി അരിശം തീർക്കുന്ന അത്യന്തം പ്രാകൃതമായ വർത്തമാന കാല സാഹചര്യങ്ങളെ സൗകര്യപൂർവം കണ്ടില്ലെന്ന് നടിക്കുകയാണ്. ഇക്കാലത്ത് തടവുകാരോടും പ്രതിയോഗികളോടും മാത്രമല്ല നിരപരാധികളായ സ്ത്രീകളോടും കുഞ്ഞുങ്ങളോടുമെല്ലാം വൻ ശക്തികൾ നിർദാക്ഷിണ്യം കാട്ടുന്ന ക്രൂരമായ ചെയ്തികൾക്ക് നേരെ ഇസ്‌ലാം മത വിമർശകർ മൗനം ദീക്ഷിക്കുകയാണ്. ഇസ്‌ലാമിന്റെ അദ്ധ്യാപനങ്ങൾ ഇവയോടൊപ്പം ചേർത്തു വായിക്കുന്ന നിഷ്പക്ഷ മനസ്സുകൾക്ക് ഇസ്‌ലാമിന്റെ മഹനീയത ബോദ്ധ്യമാവുമെന്നത് സംശയമില്ല. യുദ്ധവേളയിൽ കെടുതികൾ പരമാവധി കുറക്കാനും നിഷ്ഠൂരമായ എല്ലാരീതിമുറകളും ഉപേക്ഷിക്കുവാനും റസൂൽ തിരുമേനി (സ) നിഷ്ക്കർഷിച്ചു. സ്ത്രീകൾ, കുട്ടികൾ,

വൃദ്ധർ, വശം കെട്ടവർ, നിരപരാധികൾ, മുറിവേറ്റവർ, മതനേതാക്കൾ എന്നിവരെ വധിക്കുന്നത് അവിടുന്ന് വിലക്കുകയുണ്ടായി. വ്യാപകമായ നാശനഷ്ടങ്ങൾ വരുത്താതെ പ്രത്യാക്രമണത്തിന്റെ പരിധിക്കുള്ളിൽ ഒതുക്കി നിർത്താനും ആരാധനാലയങ്ങൾക്കും അനുഷ്ഠാനങ്ങൾക്കും പരിരക്ഷ നൽകാനും അവിടുന്ന് ഉപദേശിച്ചു. പൊതുജനങ്ങൾക്ക് വിഷമം സൃഷ്ടിക്കുന്ന സ്ഥലങ്ങളിൽ പോരാളികൾ താവളമടിക്കുന്നത് ഒഴിവാക്കാനും സന്ദേശവാഹകരെയും തന്ത്ര പ്രതിനിനിധികളേയും അത്യാദരപൂർവം ഉപചരിക്കാനും അവിടുന്ന് നിർദേശിച്ചു. യുദ്ധങ്ങളിൽ പോലും ഏറ്റവും മാന്യമായ രീതികൾ അവലംബിക്കാനാണ് നബി (സ) തിരുമേനി (സ) പഠിപ്പിച്ചത്. സ്വന്തം സുഖങ്ങളെക്കാൾ തടവുകാരുടെ സുഖസൗകര്യങ്ങളിൽ ശ്രദ്ധചെലുത്താനും കസ്റ്റഡിയിൽ വെക്കുന്ന തടവുകാരന് താൻ ഉണ്ണുന്നതും ഉടുക്കുന്നതും പോലെ ഊട്ടുകയും ഉടുപ്പിക്കുകയും ചെയ്യാനും ഒരു മുസ്ലിം ബാദ്ധ്യസ്ഥനാണെന്ന് നബി (സ) ഉണർത്തുകയുണ്ടായി. ഒരു യുദ്ധതടവുകാരനെ ഒരു മുസ്ലിം ദ്രോഹിച്ചാൽ ആ കുറ്റത്തിന് പ്രായശ്ചിത്തമെന്നോണം ആ തടവുകാരനെ മോചന മൂല്യം നൽകി വിട്ടയക്കാനാണ് അവിടുന്ന് നിർദേശിച്ചത്. ഇസ്ലാമിന്റെ ഉൽകൃഷ്ടമായ പാഠങ്ങളാണ് മേൽ ഉദ്ധരിച്ചത്. ചുരുക്കത്തിൽ യുദ്ധ മര്യാദകളെ സംബന്ധിച്ച് ഇസ്ലാം മുന്നോട്ട് വെച്ചിരിക്കുന്ന അദ്ധ്യാപനങ്ങളിൽ നിന്നും ഗ്രഹിക്കാൻ കഴിയുന്നത് ഗത്യന്തരമില്ലാത്ത ഘട്ടങ്ങളിൽ മാത്രമാണ് യുദ്ധത്തിന് അനുവാദമുള്ളത് എന്നാണ്.

**വിശ്വാസകാര്യത്തിൽ ബലാൽക്കാരമില്ല**

വിശ്വാസം എന്ന് മൊഴിമാറ്റം ചെയ്യാൻ കഴിയുന്ന അറബി വാക്യം ഈമാൻ എന്നാകുന്നു. മനുഷ്യഹൃദയത്തിൽ ആഴത്തിൽ ഇഴുകി ചേർന്ന വിശ്വാസത്തെയാണ് ഈമാൻ എന്ന പദം ദ്യോദിപ്പിക്കുന്നത്. ഇത്തരം വിശ്വാസം അംഗീകരിച്ച വ്യക്തിക്ക് മുഅ്മിൻ എന്ന പദം വിശുദ്ധ ഖുർആനിൽ പ്രയുക്തമായിട്ടുണ്ട്. ഹൃദയവുമായി ബന്ധമില്ലാത്ത ഉപരിതല സ്പർശിയായ വിശ്വാസ പ്രഖ്യാപനം കപട ഹൃദയമുള്ളവരും നടത്തിയിരുന്നതായി വിശുദ്ധ ഖുർആൻ ഉദ്ധരിക്കുന്നുണ്ട്. ***'കപട വിശ്വാസികൾ നിന്റെയടുക്കൽ വരുമ്പോൾ താങ്കൾ അല്ലാഹുവിന്റെ ദൂതൻതന്നെയാണെന്ന് ഞങ്ങൾ സാക്ഷ്യം വഹിക്കുന്നു എന്നവർ പറയുന്നു. നീ അല്ലാഹുവിന്റെ ദൂതൻ തന്നെയാണെന്ന് അല്ലാഹുവിന്നറിയാം. എന്നാൽ കപട വിശ്വാസികൾ കളവ് പറയുന്നവർ തന്നെയാണെന്ന് അല്ലാഹു സാക്ഷ്യം വഹിക്കുന്നു.'*** *(വി: ഖുർആൻ 63:2)* വിശ്വാസം പ്രഖ്യാപനത്തിൽ മാത്രം പരിമിതപ്പെടുത്തിയ കപടന്മാർക്ക് കഠിനമായ ശിക്ഷയാണ് വിധിക്കപ്പെട്ടിട്ടുള്ളത്. കപട വിശ്വാസികൾ നരകത്തിന്റെ ഏറ്റവും അടിത്തട്ടിലായിരിക്കുമെന്ന് വിശുദ്ധ ഖുർആൻ ഓർമപ്പെടുത്തുന്നു. (4:146). ഈമാൻ എന്നത് ഹൃദയം കൊണ്ടുള്ള സാക്ഷ്യപ്പെടുത്തലാണെന്നതിനാൽ അടിച്ചേൽപ്പിക്കുന്ന വിശ്വാസത്തിന് മനുഷ്യന്റെ അസ്ഥിക്കും മാംസത്തിനുമപ്പുറം അവന്റെ ഹൃദയാന്തരങ്ങളിലേക്ക് ഇറങ്ങി ചെല്ലാൻ സാധിക്കുന്നതല്ല. ഇതാണ് ഇസ്ലാമിക വീക്ഷണം. ഈ വീക്ഷണഗതിയുടെ അടിസ്ഥാനത്തിലാണ് ***'മതത്തിൽ യാതൊരു ബലപ്രയോഗവുമില്ല' (2:257)*** എന്ന് വിശുദ്ധ ഖുർആൻ തുറന്നു പ്രഖ്യാപിച്ചത്. ഇഷ്ടമുള്ളത് വിശ്വസിക്കാനും ഇഷ്ടമുള്ളത് നിരാകരിക്കാനുമുള്ള സ്വാതന്ത്ര്യം ഇസ്ലാം മനുഷ്യന് നൽകുന്നു. ബലപ്രയോഗത്തെ തുടർന്നുള്ള വിശ്വാസം കേവലം ബാഹ്യതലത്തിൽ ഒതുങ്ങിനിൽക്കുന്നതും കാണിക്കാൻ വേണ്ടിയുള്ള കൃത്രിമ വിശ്വാസമായിരിക്കുമെന്ന് നിസ്സന്ദേഹമാണ്. ഇസ്ലാമിന്റെ അടി സ്ഥാന പാഠമിതായിരിക്കേ ഖഡ്ഗത്തിന്റെ പിൻബലത്താലാണ് ഇസ്ലാം പ്രചരിപ്പിക്കപ്പെട്ടതെന്ന് ആര് പറഞ്ഞാലും അവർ സാമാന്യബോധമില്ലാത്തവരാകുന്നു.

**മേന്മയുടെ മാനദണ്ഡം**

ജാതിവർഗദേശഭാഷകളെല്ലാം ബഹുവിധങ്ങളായ മാനവസമൂഹത്തെ പരസ്പരം സൗഹാർദത്തിലും സഹവർത്തിത്വത്തിലും കോർത്തിണക്കുന്നതിനുതകുന്ന അടിസ്ഥാന പാഠങ്ങൾ സമർപ്പിച്ചിട്ടുള്ളതും കേവലം ഇസ്ലാമാകുന്നു. ദൈവത്തിന്റെ സൃഷ്ടികളെന്ന നിലയിൽ മനുഷ്യരെല്ലാം തുല്യരാണെന്നും പണമോ കുലമഹിമയോ മറ്റിതര മാനദണ്ഡങ്ങളോ ഒന്നുമല്ല ദൈവഭക്തിയാണ് ഏതൊരാളുടെയും മേന്മയുടെ മാനദണ്ഡമെന്നും ഇസ്ലാം ഉദ്ഘോഷിക്കുന്നു. ***'മനുഷ്യ രേ, തീർച്ചയായും നാം നിങ്ങളെ ആണിൽ നിന്നും പെണ്ണിൽ നിന്നുമായി സൃഷ്ടിച്ചിരിക്കുന്നു. നിങ്ങളെ വിവിധ സമുദായങ്ങളും ഗോത്രങ്ങളുമാക്കിയിരിക്കുന്നു. നിങ്ങൾ അന്യോന്യം അറിയുന്നതിന് വേണ്ടി. തീർച്ചയായും അല്ലാഹുവിന്റെ അടുക്കൽ നിങ്ങളിൽ വെച്ചേറ്റവും ബഹുമാന്യൻ നിങ്ങളിൽ വെച്ചേറ്റവും ഭയഭക്തിയുള്ളവനാകുന്നു.'(43:14)*** നബി(സ) തിരുമേനി ഇപ്രകാരം അരുളി: ***'ജനങ്ങളെ, നിങ്ങളുടെയെല്ലാം രക്ഷിതാവ് ഏകനാകുന്നു. നിങ്ങളെല്ലാം ഒരു പിതാവിന്റെ സന്തതികളാകുന്നു. അതിനാൽ അറബിക്ക് അനറബിയെക്കാളും യാതൊരു മേന്മയുമില്ല. വെളുത്തവന് കറുത്തവന്റെ മേലും ഒരു മേന്മയുമില്ല. ദൈവഭക്തിയിലല്ലാതെ'(ബൈഹക്കി)*** ദൈവം സമസ്ത മനുഷ്യരുടേയും രക്ഷിതാവാണെന്നതിനാൽ മുഴുവൻ ജനവിഭാഗങ്ങളും അവന്റെ കാരുണ്യത്തിന് പാത്രീഭൂതരായിട്ടുണ്ടെന്നും വിശുദ്ധ ഖുർആൻ വിളംബരപ്പെടുത്തുന്നു. ***'എല്ലാ സമുദായങ്ങളിലും നാം ദൈവദൂതന്മാരെ നിയോഗിച്ചിട്ടുണ്ട്. നിങ്ങൾ ദൈവത്തെ ആരാധിക്കുക ദുശ്ശക്തികളെ വർജിക്കുക (എന്നതായിരുന്നു അവരുടെ സന്ദേശം)' (16:37) 'ഒരു ദൈവിക മുന്നറിയിപ്പുകാരൻ വന്നുകഴിഞ്ഞിട്ടിലാത്ത ഒരു സമുദായവുമില്ല. (35:26) 'എല്ലാ ഓരോ സമുദായത്തിലും മാർഗദർശകർ വന്നുകഴിഞ്ഞിട്ടുണ്ട്.'*** (13:8) ഇപ്രകാരം എല്ലാ മതത്തിന്റെയും മതഗുരുക്കളേയും ആദരിക്കുവാൻ

ഒരു മുസ്ലിം ബാദ്ധ്യസ്ഥനാകുന്നു.

**അദ്ധ്യാപനങ്ങളിലെ പരിപൂർണത**

യേശുവിൽ വിശ്വസിച്ചാൽ ഒരാൾക്ക് ക്രിസ്ത്യാനിയാകാം. ശ്രീകൃഷ്ണനിലും ശ്രീരാമ ചന്ദ്രനിലും വിശ്വസിക്കുന്ന ഒരാൾക്ക് ഒരുപക്ഷേ ഹിന്ദുവാകാം. എന്നാൽ മുഹമ്മദ് നബി(സ)യിൽ വിശ്വസിക്കുന്ന ഒരു മുസ്ലിമിന് തന്റെ വിശ്വാസം പൂർണമാകണമെങ്കിൽ യേശു, മോശെ, ശ്രീബുദ്ധൻ ശ്രീകൃഷ്ണൻ തുടങ്ങിയ ദൈവപ്രേഷിതരായ മുഴുവൻ മഹാത്മാക്കളിലും വിശ്വസിക്കേണ്ടത് അനിവാര്യമാണ്. ***'നിങ്ങൾ (മുസ്ലിംകൾ) പറയുക: 'ഞങ്ങൾ അല്ലാഹുവിലും ഞങ്ങൾക്ക് അവതരിപ്പിക്കപ്പെട്ടതിലും ഇബ്രാഹിമിനും ഇസ്മായിലിനും ഇസ്ഹാക്കിനും യഅ്ഖൂബിനും (അദ്ദേഹത്തിന്റെ) സന്തതികൾക്കും അവതരിപ്പിക്കപ്പെട്ടതിലും മൂസാക്കും ഈസാക്കും നൽകപ്പെട്ടതിലും മറ്റു പ്രവാചകന്മാർക്ക് അവരുടെ നാഥനിൽ നിന്ന് നൽകപ്പെട്ടതിലും വിശ്വസിച്ചിരിക്കുന്നു. അവരിൽ യാതൊരാളുടെ ഇടയിലും ഞങ്ങൾ വ്യത്യാസം കൽപ്പിക്കുന്നില്ല. ഞങ്ങൾ അല്ലാഹുവിന് മാത്രം കീഴ്പ്പെടുന്നവരുമാകുന്നു'(2:137)***

മതങ്ങളുടെയെല്ലാം ഉത്ഭവം ദൈവത്തിൽ നിന്നാണെന്ന വസ്തുത ഇസ്ലാം അംഗീകരിക്കുന്നു. അതുകൊണ്ട് തന്നെ അവയിൽ നന്മകളും മേന്മകളും കാണാവുന്നതാണ്. എന്നാൽ കാലക്രമേണ കൈകടത്തലുകളും മാറ്റത്തിരുത്തലുകളും സംഭവിച്ചതിനാൽ ആ മതങ്ങളുടെ തനത് രൂപം നഷ്ടപ്പെടുകയായിരുന്നു. ഇസ്ലാമിന് മുമ്പ് വന്ന ദൈവ പ്രേഷിതരുടെ ദൗത്യം സ്ഥലകാലവൃത്തങ്ങളിൽ പരിമിതപ്പെട്ടിരുന്നതിനാൽ അവർ നൽകിയിരുന്ന അധ്യാപനങ്ങളിലും ആചാരങ്ങളിലും ആ പരിമിതി ദർശിക്കാൻ കഴിയും. എന്നാൽ ലോക ജനത പരസ്പരം സമ്പർക്കം പുലർത്താൻ പ്രാപ്തമാവുകയും മാനവ സമൂഹം വിശ്വതലത്തിൽ ഒന്നാക്കപ്പെടുന്നതിനുള്ള സാഹചര്യം വന്നെത്തുകയും ചെയ്തപ്പോൾ സാർവ ലൗകികവും സാർവ ജനീനവുമായ ഒരു തത്ത്വസംഹിതയുടെ അനിവാര്യതയും ലോകത്ത് പ്രകടമായി. ഈ അനിവാര്യതയുടെ ദിവ്യമായ പുലർച്ചയാണ് ഇസ്ലാം മതം. ഇസ്ലാം മതം സർവ മതങ്ങളുടെയും സാരാംശം സമഗ്രമായി ഉൾക്കൊള്ളുന്നു. അതിലെ അപര്യാപ്തതകൾ നികത്തുകയും ചെയ്യുന്നു. ***'ഇന്നത്തെ ദിവസം നിങ്ങളുടെ മതത്തെ നിങ്ങൾക്ക് പൂർത്തിയാക്കിത്തരികയും ഇസ്ലാമിനെ നിങ്ങൾക്ക് മതമായി തൃപ്തിപ്പെടുകയും ചെയ്തിരിക്കുന്നു.' (5:4)***

'തീർച്ചയായും അല്ലാഹുവിന്റെ പക്കൽ സ്വീകാര്യമായ മതം ഇസ്ലാം (സമ്പൂർണ സമർപ്പണം) ആകുന്നു.'(3:20) ദൈവിക പരിരക്ഷയുള്ള മതവുമാണ് ഇസ്ലാം.

**സാമുദായിക സഹവർത്തിത്വം**

ഇതരമതങ്ങളുടെ വികാരങ്ങളമാനിക്കാൻ വിശാലമായ സമീപനം സ്വീകരിക്കാനാണ് ഇസ്ലാം പഠിപ്പിക്കുന്നത്. വിശ്വാസ വൈപരീത്യം സഹിഷ്ണുതയോടെ കാണുന്നതിനും അത് സാമുദായിക സഹവർത്തിത്വത്തിന് തടസ്സമാകാതിരിക്കുവാനും ഉപദേശിച്ച നബി (സ) തിരുമേനി സ്വജീവിതത്തിലൂടെ ഇതിന്റെ നിസ്തുലമാതൃക കാണിച്ചുതരികയും ചെയ്തു. ഒരിക്കൽ ഒരു യഹൂദിയുടെ ജനാസകൊണ്ടുവരുന്നത് കണ്ടപ്പോൾ ആദരം വെളിപ്പെടുത്തിക്കൊണ്ട് അവിടുന്ന് എഴുന്നേറ്റു നിന്നു. മറ്റൊരിക്കൽ നബി (സ) തിരുമേനിക്കെതിരെ ഹദ്റത്ത് മൂസാ നബിയുടെ മഹത്വം വിവരിച്ചതിൽ നിന്നും പ്രകോപിതനായ ഒരു സഹാബി യഹൂദിയെ പ്രഹരിക്കുകയുണ്ടായി.

ഈ വിവരമറിഞ്ഞ നബി (സ) തിരുമേനി അദ്ദേഹത്തെ ശാസിക്കുകയും പ്രവാചകന്മാരുടെ മഹത്വം പരസ്പരം താരതമ്യം ചെയ്ത് അഭിപ്രായം പുറപ്പെടുവിക്കരുതെന്ന് ഉപദേശിക്കുകയും ചെയ്തു. അഥവാ മറ്റുള്ളവരുടെ വികാരങ്ങൾക്ക് ക്ഷതമേൽപ്പിക്കപ്പെടും വിധം മൂസാക്ക് മേൽ തന്റെ മഹത്വം സ്ഥാപിക്കരുത് എന്ന് ശാസിക്കുകയും ചെയ്തു. വേറൊരു സന്ദർഭത്തിൽ നജറാനിൽ നിന്നും വന്ന ക്രിസ്തീയ സംഘത്തെ അവരുടെ ആരാധനാ സമയമായപ്പോൾ മസ്ജിദുന്നബവിയിൽ വെച്ച് ക്രൈസ്തവ രീതിയനുസരിച്ച് ആരാധന നടത്തുവാൻ അവിടുന്ന് അനുവാദം നൽകി. ഇസ്ലാമിനെതിരിൽ നബി (സ) യുമായി സംവാദത്തിനെത്തിയവരായിരുന്നു ആ ക്രിസ്തീയ സംഘം. മുമ്പ് താൻ ചെയ്തിരുന്ന ബിംബാരാധനയിൽ വിരക്തി പ്രകടിപ്പിക്കാനെന്നോണം ഒരു സഹാബി തന്റെ വീട്ടിന്റെ പ്രവേശന കവാടത്തിന്റെ ചവിട്ടുപടിയിൽ പ്രസ്തുത ബിംബത്തെ വെച്ചിരുന്നു. ബിംബത്തെ ചവിട്ടികൊണ്ടാണ് അദ്ദേഹം തന്റെ ഭവനത്തിൽ പ്രവേശിച്ചിരുന്നത്. ഇതറിഞ്ഞ റസൂൽ തിരുമേനി (സ) അങ്ങേയറ്റത്തെ നീരസം പ്രകടിപ്പിക്കുകയും ലോകത്ത് ബിംബാരാധകർ ഉള്ളേടത്തോളം കാലം ഇത്തരം പ്രവർത്തികൾ ചെയ്തു പോകരുതെന്ന് ആ സഹാബിയെ ഗുണദോഷിക്കുകയും ചെയ്തു. ഏക ദൈവ വിശ്വാസത്തെ ശക്തമായി പ്രബോധിക്കുന്ന ഇസ്ലാം മതം തന്നെയാണ് മറ്റുള്ളവർ ആരാധിക്കുന്ന ആരാധ്യ വസ്തുക്കളെ അപവദിക്കരുതെന്ന് ആജ്ഞാപിച്ചിട്ടുള്ളതും എനിക്ക് എന്റെ മതം നിങ്ങൾക്ക് നിങ്ങളുടെ മതം എന്ന വിശാലമായ കാഴ്ച്ചപ്പാട് അവതരിപ്പിച്ചതും. മറ്റുള്ളവരുടെ ആചാര സമ്പ്രദായങ്ങളെ അപഹസിക്കാത്ത വിധം ഏറ്റവും മാന്യമായ രീതിയിൽ അവരുമായി ആശയ സംവാദം നടത്തുവാനാണ് വിശുദ്ധ ഖുർആൻ നിർദേശിക്കുന്നത്. ***'തത്ത്വജ്ഞാനവും സദുപദേശവും കൊണ്ട് നിന്റെ നാഥന്റെ മാർഗത്തിലേക്ക് നീ (ജനങ്ങളെ) ക്ഷണിക്കുക. ഏറ്റവും ഉൽകൃഷ്ടമായ രീതിയിൽ അവരോട് സംവാദം നടത്തുകയും ചെയ്യുക. തന്റെ മാർഗത്തിൽ നിന്ന് വ്യതിചലിച്ചു പോകുന്നവരെ പറ്റി അല്ലാഹു നന്നായി അറിയുന്നു.'(16:126)***

വിവിധ മതാനുയായികൾ അതാത് മതങ്ങളിലെ വൈശിഷ്ട്യങ്ങൾ


മാത്രം പ്രതിപാദിക്കുന്ന ഒരു രീതി അവലംബിക്കുകയാണെങ്കിൽ ദിവ്യ പരിരക്ഷയുള്ള ജീവൽ മതത്തെ വിവേചിച്ചറിയാൻ നിഷ്പക്ഷ ഹൃദയർക്ക് പ്രയാസമുണ്ടാവില്ല. ഇക്കാര്യത്തിൽ സന്ദർഭൗചിത്യമനുസരിച്ചുള്ള എല്ലാ ഉത്തമ മാർഗങ്ങളും സ്വീകരിക്കുക എന്നതാണ് ഇസ്‌ലാമിന്റെ കാഴ്ച്ചപ്പാട്. ചുരുക്കത്തിൽ സാമുദായിക സൗഹാർദം ഊട്ടിയുറപ്പിക്കുന്നതിനുതകുന്ന വിധം അത്യുദാരമായ മാർഗദർശനങ്ങൾ ഇസ്‌ലാം നൽകുന്നു.

**ഇസ്‌ലാംമതം ജീവനുള്ള മതം**

സൃഷ്ടിയെ സ്രഷ്ടാവുമായി ബന്ധിപ്പിക്കുക എന്നതാണ് മതത്തിന്റെ അന്തസ്സാരം. മതംകൊണ്ട് മനുഷ്യൻ നിർണയിക്കുന്ന അത്യന്തിക ലക്ഷ്യവും ഇത് തന്നെയാണ്. പാരത്രികോൽക്കർഷത്തെ കുറിച്ച് വിവിധ മതങ്ങൾ വാഗ്ദാനം ചെയ്യുന്നുണ്ട്. എന്നാൽ ഇസ്‌ലാമിക മാർഗദർശന പ്രകാരം സൂക്ഷ്മ ജീവിതം നയിക്കുന്നവർക്ക് ഐഹിക ജീവിതത്തിൽ വെച്ച് തന്നെ സംപ്രാപ്തമാകുന്ന സ്വർഗീയാനുഗ്രഹങ്ങളെ കുറിച്ച് അത് വാഗ്ദാനം ചെയ്യുന്നു. ***'തന്റെ നാഥന്റെ സ്ഥാനത്തെഭയപ്പെടുന്നവന് രണ്ട് ആരാമങ്ങളുണ്ട്.'*** *(വി.ഖു:55:47)* ***'ഞങ്ങളുടെ നാഥൻ അല്ലാഹുവാണെന്ന് പറയുകയും എന്നിട്ട് സ്ഥിരചിത്തരായി നിലകൊള്ളുകയും ചെയ്യുന്നവരാരോ അവരുടെയടുക്കൽ മലക്കുകളിറങ്ങും. (ആ മലക്കുകൾ പറയും) നിങ്ങൾ ഭയപ്പെടേണ്ട നിങ്ങൾ വ്യസനിക്കുകയും വേണ്ട. നിങ്ങൾക്ക് വാഗ്ദാനം ചെയ്യപ്പെട്ടിരുന്ന സ്വർഗം ലഭിച്ചതിൽ നിങ്ങൾ സന്തുഷ്ടരാവുക.(എന്നവർക്ക് സുവിശേഷം നൽകുകയും ചെയ്യുന്നു.)'*** *(41:31)* ഇപ്രകാരം സ്വർഗീയാനുഗ്രഹങ്ങൾ ലഭിച്ച ലക്ഷക്കണക്കിനാളുകൾ ഇസ്‌ലാമിൽ കഴിഞ്ഞുപോയിട്ടുണ്ട്. ഇസ്‌ലാം ജീവനുള്ള മതമാണെന്നതിലേക്കുള്ള അനിഷേധ്യമായ സാക്ഷ്യമാണിത്.

# അബൂതൽഹ (റ)

പി. കെ. മുഹമ്മദ് ബശീർ, ഐരാപുരം



അസ്ത്രങ്ങൾ തറച്ചെന്റെ
ഹസ്തങ്ങൾ വികലമായി
ചെന്നിറം പൂശിയ പരിചയായി
ഒഹ്–എന്നൊരധരചലനം പോലും
ഒരുവേള കരങ്ങളിളക്കിയാലോ?
വേദന പല്ലുകൾക്കിടയിൽ ഞെരിച്ച്
യാതന സധൈര്യം മനസാവരിച്ച്
ശഹാദത്തിന്നൗന്നത്യ പദവികൾ
കൊതിച്ച്
ആ മുഖകമലത്തിനൊപ്പം ചലിച്ച് .

ഇമയൊന്നനങ്ങിയാൽ !
കരളൊന്നിടറിയാൽ !
പിന്നെഞാനെന്തിന്?
എന്റെ ഉയിരെന്തിന്?
ഒഹ്–എന്നൊരധരചലനം പോലും
ഒരുവേള കരങ്ങളിളക്കിയാലോ?

************

നമുക്ക് തൽഹയാകാം (റ)
പ്രകാശക്കാവലാളാകാം
തമസ്സിൻ കുതന്ത്രം ചെറുക്കാം
അപവാദ ശരങ്ങൾ തടുക്കാം

കഷ്ടം തവക്കുലാൽ വഹിക്കാം
നഷ്ടം സബ്റാൽ സഹിക്കാം
സ്വത്തും സമയവും മുടക്കാം
മാനവും ജീവനും ത്യജിക്കാം

ചെയ്തികൾ തിരുചര്യയിലാക്കാം
മതത്തിനന്തസ്സു കാക്കാം
വാശി വൈരാഗ്യം മെരുക്കാം
കളവും ചതിയും വെറുക്കാം

ഓഹ്–എന്നൊരലസഭാവം പോലും
ഉലച്ചിടാമിസ്‌ലാമിൻ സൗന്ദര്യത്തെ
പടച്ചട്ടയണിഞ്ഞു നാം ഒരുങ്ങി
നിൽക്കാം
ജാഗരൂകരായ് സദാ ശിരസ്സുയർത്തി.

# വിശ്വാസിയും അവിശ്വാസിയും ഒരു നിയമ വിചിന്തനം

അഹ്മദിയ്യാ മുസ്‌ലിം ജമാഅത്തിൽ പ്രവേശിച്ചതിനെ തുടർന്ന് മതമുപേക്ഷിച്ചവനായി കണക്കാക്കി വിവാഹ മോചനം നടത്താതെ അഹ്മദിയുടെ ഭാര്യയെ മറ്റൊരാൾക്ക് വിവാഹം ചെയ്ത് കൊടുത്ത ഹീനമായ സംഭവത്തിൽ വിധി പറഞ്ഞ വി. ആർ. കൃഷ്ണയ്യർ തന്റെ വിധിന്യായത്തിൽ നീതിയുടെ താൽപര്യം ഉയർത്തിപ്പിടിക്കുകയും അഹ്മദിയ്യത്തിന്റെ സത്യം വെളിപ്പെടുത്തുകയും ചെയ്യുന്നു.

ഡോ. കൗസർ എടപ്പകത്ത്

**അ**നഹ്മദി മുസ്‌ലിം അഹ്മദിയ്യാ മുസ്‌ലിം ജമാഅത്തിൽ ചേർന്നാൽ അയാൾ ഇസ്‌ലാം മതം ഉപേക്ഷിച്ച് അന്യമതം സ്വീകരിച്ചവനായി കണക്കാക്കുവാൻ പാടുണ്ടോ എന്ന കാതലായ നിയമ പ്രശ്നം വളരെ വിശദമായി ചർച്ച ചെയ്ത ഒരു വിധിന്യായമാണ് 1971 ൽ ജസ്റ്റീസ് വി. ആർ കൃഷ്ണയ്യർ വിധിപറഞ്ഞ ശിഹാബുദ്ദീൻ ഇമ്പിച്ചിക്കോയ തങ്ങൾ Vs അഹ്മദ് കോയ കേസ്, 1972 ലെ അഹ്മദ് കോയ Vs ആമിന ബീവി കേസ് എന്നിവ.

ഭർത്താവ് നിലനിൽക്കെ രണ്ടാമതും വിവാഹം ചെയ്തതിന് രണ്ടാമത്തെ ഭർത്താവിനും ഭാര്യയുടെ പിതാവിനും നിക്കാഹ് കർമം നിർവഹിച്ച ഖാളിക്കുമെതിരെ ഇന്ത്യൻ ശിക്ഷാ നിയമം 494-ാം വകുപ്പ് പ്രകാരം കുറ്റം ചുമത്തപ്പെട്ട കേസുകളായിരുന്നു രണ്ടും. ഇന്ത്യൻ ശിക്ഷാ നിയമ പ്രകാരം 494-ാം വകുപ്പ് പ്രകാരം ഒരു സ്ത്രീയോ പുരുഷനോ തന്റെ കളത്രം ജീവിച്ചിരിക്കെ രണ്ടാം വിവാഹത്തിൽ ഏർപ്പെടുന്നത് ഏഴു വർഷം വരെ ശിക്ഷ അനുഭവിക്കേണ്ടി വരുന്ന കുറ്റകൃത്യമായി കണക്കാക്കപ്പെടുന്നു. ഒരു മുസ്‌ലിം പുരുഷനെ സംബന്ധിച്ചിടത്തോളം ഒന്നിൽ കൂടുതൽ ഭാര്യമാരെ ഒരേ സമയം വച്ചു പുലർത്താൻ (വിശുദ്ധ ഖുർആൻ അനുശാസിക്കുന്ന നിബന്ധനകൾക്കനുസൃതമായി) അനുവാദമുള്ളത് കൊണ്ട് ഈ നിയമം ബാധകമല്ല. എന്നാൽ ഇന്ത്യൻ ശിക്ഷാനിയമത്തിലെ 494-ാം വകുപ്പ് മുസ്‌ലിം സ്ത്രീകൾക്ക് ബാധകമാണുതാനും. ശരീഅത്ത് പ്രകാരം ഭർത്താവ് അന്യമതം സ്വീകരിച്ചാൽ ഭാര്യയുമായുള്ള ബന്ധം വേർപെട്ടതായി കണക്കാക്കപ്പെടുന്നു. മേൽ പ്രസ്താവിക്കപ്പെട്ട രണ്ടു കേസു കളിലും തങ്ങളുടെ ആദ്യ ഭർത്താക്കന്മാർ അഹ്മദിയ്യാ ജമാഅത്ത് സ്വീകരിച്ചിരുന്നതിനാൽ അതിനു ശേഷമായിരുന്നു ഭാര്യമാർ രണ്ടാം വിവാഹത്തിലേർപ്പെട്ടത്. ഭർത്താക്കന്മാർ അഹ്മദിയ്യാ ജമാഅത്ത് സ്വീകരിച്ചതിനാൽ തങ്ങളുടെ വിവാഹ ബന്ധം വേർപെട്ടുവെന്നും ആയതിനാൽ രണ്ടാം വിവാഹം കുറ്റകരമല്ലെന്നുമായിരുന്നു അവരുടെ വാദം. മനപ്പൂർവമല്ലാതെ ഉത്തമ വിശ്വാസത്തോടെയുള്ള തെറ്റായ ധാരണകളുടെ അടിസ്ഥാനത്തിലാണ് വിവാഹം ചെയ്തതെന്ന കാരണത്താൽ, ഇരു കേസുകളിലും എല്ലാപ്രതികളെയും കുറ്റക്കാരല്ലെന്ന് കണ്ട് കോടതി വെറുതെവിട്ടെങ്കിലും സർവശക്തനായ ദൈവത്തിന്റെ ഏകത്വത്തിലും മുഹമ്മദ് നബി (സ) യുടെ പ്രവാചകത്വത്തിലും അടിയുറച്ച് വിശ്വസിക്കുന്ന യഥാർഥ മുസ്‌ലിംകളാണ് അഹ്മദികളെന്ന് ആധികാരികമായ തെളിവുകളുടെ അടിസ്ഥാനത്തിൽ രണ്ടു വിധിന്യായങ്ങളും അസന്ദിഗ്ധമായി വ്യക്തമാക്കുന്നുണ്ട്. അഹ്മദിയ്യാ വിശ്വാസപ്രമാണത്തിന്റെ മുഴുവൻ സത്തയും ഇമ്പിച്ചിക്കോയ തങ്ങൾ & അഹ്മദ് കോയ എന്ന കേസിന്റെ വിധിന്യായത്തിൽ ജസ്റ്റീസ് കൃഷ്ണയ്യരുടെ സാരഗംഭീരമായ വചനങ്ങളിൽ പ്രതിഫലിക്കുന്നുണ്ട്. അത് ഇങ്ങനെ സംഗ്രഹിക്കാം: 'ഹദ്റത്ത് മിർസാ ഗുലാം അഹ്മദ് മുഗൾ നേതാക്കന്മാരുടെ കുടുംബത്തിൽ 1835 ൽഖാദി യാനിൽ ഭൂജാതനായി. കുട്ടിക്കാലം തൊട്ടേ ഹദ്റത്ത് അഹ്മദ് വിശുദ്ധ ഖുർആൻ പഠിക്കുന്നതിൽ മുഴുകിയിരുന്നതായും തന്റെ സമയത്തിന്റെ സിംഹഭാഗവും പ്രാർഥനയിലും ധ്യാനത്തിലും ചിലവഴിച്ചതായും പറയപ്പെടുന്നു. ഇസ്‌ലാമിക ലോകത്ത് സംശയങ്ങളും സന്ദേഹങ്ങളും പടർന്ന് പിടിക്കുകയും മതപരമായ വൈകാരികത ഉപരി തലത്തിൽ മാത്രം ഒതുങ്ങുന്നതും കണ്ടപ്പോൾ ഹദ്റത്ത് ഏറെ ദുഃഖിതനാകുകയും ഇസ്‌ലാമിക സിദ്ധാന്തങ്ങളും അദ്ധ്യാപനങ്ങളും ജനങ്ങൾക്ക് വെളിപ്പെടുത്തി കൊടുക്കാനും അവ തീർത്തും ശരിയാണെന്ന് തെളിയിക്കുവാനുമുള്ള ഉത്തരവാദിത്വം അദ്ദേഹം സ്വയം ഏറ്റെടുക്കുകയും ചെയ്തു. *'ബറാ*

***ഹീനെ അഹ്മദിയ്യ'*** എന്ന ഒരു കൃതി അദ്ദേഹം പ്രസിദ്ധീകരിച്ചു. ഈ പ്രസിദ്ധീകരണത്തിൽ അദ്ദേഹം ഉൾക്കൊള്ളിച്ച സിദ്ധാന്തം ഇസ്ലാമിക വിശ്വാസം ജീവനുള്ള ഒന്നാണെന്നാണ്. സത്യസന്ധമായ ദൈവിക വെളിപാടുകൾ സ്വീകരിക്കാനാണ് താൻ അവതരിച്ചതെന്നും ഹദ്റത്ത് അഹ്മദ് അവകാശപ്പെട്ടു. ബൈബിളിലും ഖുർആനിലും പ്രവചിക്കപ്പെട്ട മിശിഹയാണ് താനെന്ന് അദ്ദേഹം പ്രഖ്യാപിച്ചു. 1889 ൽ അദ്ദേഹം തന്റെ അനുയായികളെ സംഘടിപ്പിച്ച് അഹ്മദിയ്യാ പ്രസ്ഥാനത്തിന് രൂപം നൽകി. ഈ പ്രസ്ഥാനത്തിലെ അംഗങ്ങൾ ഇപ്പോൾ ലോകം മുഴുവൻ ചിതറിക്കിടക്കുന്നതായും ഇപ്പോഴത്തെ ഖലീഫയുടെ നിർദേശ പ്രകാരം ഒട്ടേറെ പാശ്ചാത്യ പൗരസ്ത്യ നാടുകളിൽ മിഷണറി സ്ഥാപിക്കപ്പെട്ടതായും പറയുന്നു. ഹദ്റത്ത് അഹ്മദ് തന്റെ ഓരോ അവകാശവാദത്തിനും അടിസ്ഥാനമാക്കിയത് ദൈവിക വചനമായ വിശുദ്ധ ഖുർആൻ ആണെന്ന് തീർത്തും പറയാവു ന്നതാണ്. ഈ പാശ്ചാത്തലത്തിൽ വേണം പ്രവാചകനായ മുഹമ്മദിനെ അന്ത്യപ്രവാചകനായി അംഗീകരിക്കുന്നില്ല എന്ന കാരണത്താൽ അഹ്മദിയ്യാ വിഭാഗം പുറത്താണെന്ന പ്രശ്നത്തെ നാം സമീപിക്കേണ്ടത്. ഖുർആനിലെ 61-ാം അധ്യായത്തിൽ 7-ാം സൂക്തത്തിൽ പ്രവചിക്കുന്ന കാര്യം തീർച്ചയായും ശ്രദ്ധിക്കേണ്ടതുണ്ട്. മർയമിന്റെ മകനായ യേശു പറഞ്ഞതോർക്കുക. ***'ഓ! ഇസ്റായേൽ സന്തതികളെ, തീർച്ചയായും ഞാൻ അല്ലാഹുവിന്റെസന്ദേശവാഹകനാണ്. എന്റെ മുമ്പിലിരിക്കുന്ന തൗറാത്തിനെ സാക്ഷാത്ക്കരിക്കുന്നവനായും എനിക്ക് ശേഷം വരുന്ന അഹ്മദ് എന്നു പേരുള്ള ഒരു സന്ദേശവാഹകനെക്കുറിച്ച് സന്തോഷ വാർത്ത അറിയിക്കുന്നവനായും ഞാൻ നിങ്ങളുടെ മേൽ വന്നിരിക്കുന്നു.'*** ഈ പ്രവചനം ഹദ്റത്ത് അഹ്മദിനാൽ നിറവേറ്റപ്പെട്ടുവെന്നാണ് അഹ്മദികൾ വാദിക്കുന്നത്.

ക്രൈസ്തവർ ക്രിസ്തുവിന്റെ ഉയിർത്തെഴുന്നേൽപ്പിൽ വിശ്വസിക്കുന്നു. യേശു വീണ്ടും വരുമെന്ന് മുസ്ലിംകളും വിശ്വസിക്കുന്നു. ഒരു സ്വതന്ത്ര പ്രവാചകനായിട്ടല്ല, മുഹമ്മദിന്റെ അനുയായിയായിട്ടാണ്. കാരണം പുണ്യ പ്രവാചകൻ ന്യായ പ്രമാണവുമായി വന്ന അവസാനത്തെ പ്രവാചകനാണെന്ന് ഓരോ മുസൽമാന്റേയും അചഞ്ചലമായ വിശ്വാസമാണ്.'

മതപരമായ ഒരു പ്രശ്നം നീതിന്യായ കോടതി മുമ്പാകെ പരിഗണനക്ക് വരുമ്പോൾ ആ മതസമൂഹത്തിന്റെ അടിസ്ഥാനപരമായ വ്യക്തിത്വത്തെ നിർബന്ധമായും പരിശോധിച്ച് തീർപ്പ് കൽപ്പിക്കണമെന്ന പൊതു നിയമതത്ത്വത്തെ ആസ്പദമാക്കി വിധി പുറപ്പെടുവിച്ചിട്ടുള്ള മേൽ വിധി ന്യായങ്ങൾ മുസ്ലിം സമുദായം പഠിച്ചിരിക്കേണ്ടതാണ്.


MTA INTERNATIONAL

Reaching the corners of the Earth

## ജുമുഅ ഖുത്വ്ബ

എല്ലാ വെള്ളിയാഴ്ചകളിലും പള്ളികളിൽ പ്രാർഥനയ്ക്കായ് ഒരുമിച്ചു കൂടാൻ മുസ്ലിംകൾ നിഷ്കർഷിക്കപ്പെട്ടിരിക്കുന്നു. ഈ വെള്ളിയാഴ്ച പ്രാർഥനയിലൂടെ വ്യക്തിപരവും സമൂഹപരവുമായ പ്രശ്നങ്ങൾ ചർച്ച ചെയ്യാനും ആവശ്യമായ പരിഹാരങ്ങൾ തേടാനും മുസ്ലിംകൾക്ക് അവസരം കൈവരുന്നു.

ആഗോള അഹ്മദിയ്യാ മുസ്ലിം ജമാഅത്തിന്റെ പരമാദ്ധ്യക്ഷൻ ഖലീഫത്തുൽ മസീഹ് അഞ്ചാമൻ ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് (അയ്യദഹു) ആഴ്ചതോറും നിർവഹിച്ചു വരുന്ന ജുമുഅ പ്രഭാഷണം **മുസ്ലിം ടെലിവിഷൻ അഹ്മദിയ്യ** (MTA)യിലൂടെ ലോകം മുഴുവൻ വിവിധ ഭാഷകളിലുള്ള തർജമ സഹിതം സംപ്രേഷണം ചെയ്യപ്പെടുന്നു. ഇതിലൂടെ അഹ്മദിയ്യാ ഇമാം, പള്ളിയിൽ ഒരുമിച്ചു കൂടിയവരെ മാത്രമല്ല മറിച്ച് മുഴുലോകത്തേയുമാണ് അഭിസംബോധന ചെയ്യുന്നത്. ഈ സംവിധാനം മുഖേന കാലത്തിന്റെ ഇമാമിന് ആഗോള മുസ്ലിം സമുദായത്തെ ഉപദേശിക്കാനും അവരെ അലട്ടിക്കൊണ്ടിരിക്കുന്ന കാലിക പ്രശ്നങ്ങൾക്കുള്ള പരിഹാരം കൃത്യസമയത്തുതന്നെ നിർദേശിക്കാനും ഔദാര്യവാനായ അല്ലാഹു വഴിയൊരുക്കിയിരിക്കുന്നു.



Every Friday live at 13.00 GMT on MTA International

**Live Translations:**
English, French, Arabic, German, Bengali

**Translations on repeat**
Russian, Turkish, Swahili, Tamil, Malayalam

**www.mta.tv**

# ചൗധരി സർ മുഹമ്മദ് സഫറുല്ലാഹ് ഖാൻ സാഹിബും
# ഒരു ദിവ്യദർശനവും

ഇബ്നു വഫ

സർ മുഹമ്മദ് സഫറുല്ലാഹ് ഖാൻ സാഹിബിന് 1953 നവംബറിൽ ഹദ്റത്ത് മുസ്ലിഹ് മൗഊദ്(റ)ന്റെ ഒരു കമ്പി സന്ദേശം കിട്ടി. പാകിസ്താൻ വിദേശകാര്യ മന്ത്രിയായ അദ്ദേഹം ഐക്യരാഷ്ട്ര സഭയുടെ ജനറൽ അസംബ്ലിയിൽ പങ്കെടുക്കാനായി ആ സമയം ന്യൂയോർക്കിലായിരുന്നു. മകൾ ആഗ്രഹം പ്രകടിപ്പിച്ചതനുസരിച്ച് ന്യൂയോർക്ക് യാത്രയിൽ മകളേയും കൂടെ കൊണ്ടുപോയിരുന്നു. കമ്പി കിട്ടിയ ഉടനെ തന്നെ അല്ലാഹുവിന്റെ മാർഗത്തിൽ സദഖ കൊടുക്കണമെന്നും ന്യുയോർക്കിലെ ദൗത്യം പൂർത്തിയാക്കി പാകിസ്താനിലേക്ക് യാത്രതിരിക്കുന്നതിനു മുമ്പും സദഖ നൽകണമെന്നുമായിരുന്നു സന്ദേശത്തിലെ ഉള്ളടക്കം.

ഹദ്റത്ത് മുസ്ലിഹ് മൗഊദ് എന്തോ ചില ദു:സൂചനകളടങ്ങിയ സ്വപ്നം കണ്ടിരിക്കാമെന്ന് ചൗധരി സഫറുല്ലാഹ് ഖാൻ സാഹിബ് മനസ്സിലാക്കി. ഹുസൂറിന്റെ നിർദേശപ്രകാരം അൽപം പോലും വൈകാതെ സദഖ നൽകാനുള്ള ഏർപാട് അദ്ദേഹം ചെയ്തു. മാത്രമല്ല എല്ലാ അനർഥങ്ങളിൽ നിന്നും രക്ഷപെടുവാനായി ദുആ ചെയ്തു കൊണ്ടിരിക്കാനും തുടങ്ങി.

കുറച്ച് ദിവസങ്ങൾക്ക് ശേഷം ഹദ്റത്ത് മുസ്ലിഹ് മൗഊദ്(റ)ന്റെ വിശദമായ ഒരു കത്ത് ചൗധരി സഫറുല്ലാഹ് ഖാൻ സാഹിബിന് ന്യൂയോർക്കിൽ വെച്ച് തന്നെ കിട്ടുകയും കാര്യങ്ങൾ മുഴുവനും മനസ്സിലാക്കുകയും ചെയ്തു. ഹുസൂർ(റ) സഫറുല്ലാഹ് ഖാൻ സാഹിബിനെ കുറിച്ച് കണ്ട ഒരു ദു:സ്വപ്നമായിരുന്നു വിഷയം. അതിഭയാനകമായ ഒരപകടത്തിൽ സഫറുല്ലഹ് ഖാൻ സാഹിബ് പെട്ടതായി ഹുസൂർ സ്വപ്നം കണ്ടത് കൊണ്ട് തന്നെയായിരുന്നു അദ്ദേഹത്തോട് സദഖ കൊടുക്കാനും പ്രത്യേകം ദുആ ചെയ്യാനും ആവശ്യപ്പെട്ടത്.

ഈ വിവരങ്ങൾ സ്വപ്നം കണ്ടതിനു തൊട്ടടുത്ത വെള്ളിയാഴ്ച്ച ജുമുആ ഖുത്ബയിൽ ഹദ്റത്ത് മുസ്ലിഹ് മൗഊദ്(റ) വിവരിക്കുകയുണ്ടായി. ഹുസൂർ പറയുകയാണ്: ഈ കഴിഞ്ഞ ദിവസം (1953 നവംബർ 17) ഞാൻ ഒരു സ്വപ്നം കണ്ടു.

ഞാൻ ഏതോ ഒരു സ്ഥലത്താണുള്ളത്. മിയാൻ ബശീർ അഹ്മദ് സാഹിബും ജനാബ് ദർദ് സാഹിബും എന്നോടൊപ്പം ഉണ്ട് . ആരോ ഒരാൾ ചൗധരി സഫറുല്ലാഹ് ഖാൻ സാഹിബ് അയച്ച ഒരു കത്തെനിക്ക് കൊണ്ടു തന്നു. കത്തു തുറന്നു നോക്കാതെ തന്നെ, കത്തിൽ അത്യധികം ആപൽകരമായ ഒരു അപകടത്തെ കുറിച്ചുള്ള വിവരമാണ് ഉള്ളതെന്നും ആ അപകടം ചൗധരി സഫറുല്ലാഹ് ഖാൻ സാഹിബിന്റെ മരണത്തിന് തന്നെ കാരണമായിട്ടുള്ളതാകാ മെന്നും ഞാൻ സ്വയം മനസ്സിലാക്കുന്നതായും എനിക്ക് തോന്നി.

ഞാൻ ദർദ് സാഹിബിനോടു കവർ തുറന്ന് അതിനകത്തുള്ള കടലാസ് വേഗം തന്നെ പുറത്തെടുക്കാൻ ആവശ്യപെട്ടു. കവറിനകത്ത് ധാരാളം കടലാസു കളുണ്ട്. കടലാസുകൾ പുറത്തെടുത്ത് തിരിച്ചും മറിച്ചും ഞാൻ നോക്കി. അപകടത്തെ കുറിച്ച് എഴുതിയ കടലാസ്



സർ മുഹമ്മദ് സഫറുല്ലാഹ് ഖാൻ

കത്തിൽ കാണുന്നില്ല. അവസാനം കവറിൽ രണ്ട് കടലാസ് മാത്രം ബാക്കിയായി. എന്റെ അടുക്കൽ ഇരിക്കുകയായിരുന്ന മിയാൻ ബശീർ അഹ്മദ് സാഹിബ് പറയുകയാണ് "ഈ ചൗധരി സാഹിബിന് എന്തുപറ്റി, ഒരു പ്രധാനപെട്ടകാര്യം എഴുതുമ്പോൾ ശ്രദ്ധിച്ചും വിശദമായും എഴുതേണ്ടതല്ലേ? " ഞാൻ പറഞ്ഞു, "സാരമില്ല, പരിഭ്രമത്തിനിടയിൽ എഴുതുമ്പോൾ ഇങ്ങനെയൊക്കെ സംഭവിക്കുന്നത് സാധാരണയാണ് ".

അങ്ങനെ ബാക്കിയായ രണ്ട് കടലാസ്, കവറിൽ നിന്നും ഞാൻ പുറത്തെടുത്തു. അതിലൊന്നിൽ പേരുകളുടെ ഒരു പട്ടികയാണ് ഉണ്ടായിരുന്നത്. അതിലൊരു പേരെനിക്കു ഓർമയുണ്ട്. മൂന്ന് വാക്കുകൾ ചേർന്ന ഒരു പേരായിരുന്നു അത്. ഗുലാം മുഹമ്മദ്. ഇടയിലുള്ള വാക്ക് വായിക്കാൻ സാധിക്കുന്നില്ല. ഈ കടലാസ് കിട്ടിയപ്പോഴും മറ്റെന്തോ

ഒരു അതിപ്രധാന കാര്യം എന്നെ അറിയിക്കാനുള്ളതായി തന്നെ എനിക്ക് മനസ്സിലായെങ്കിലും യഥാർ ഥ കാര്യം ഇപ്പോഴും ചൗധരി സാഹിബ് എഴുതിയതായി കത്തിൽ കണ്ടെത്താൻ സാധിച്ചില്ല അങ്ങനെ ബാക്കിയുള്ള അവസാന കടലാസും ഞാനെടുത്തു. അതൊരു tracing paper പോലുള്ള സുതാര്യമായ കടലാസായിരുന്നു.

ഞാൻ കൂടെ ഉള്ളവരോട്, ഇതാണ് യഥാർത്ഥ സംഭവങ്ങൾ അടങ്ങിയ കത്ത് എന്ന് പറഞ്ഞ്കൊണ്ട് കടലാസ് നിവർത്തി. പക്ഷേ ആ കടലാസിലും സംഭവങ്ങൾ വിവരിക്കുന്നതിന് പകരം നീളത്തിലുള്ള ഒരു വര മാത്രമാണ് ഉണ്ടായിരുന്നത്. പിന്നീട്

ആ വര ഒരു വിമാനമായും ആ വിമാനം കിഴക്ക് നിന്ന് പടിഞ്ഞാറേക്ക് പറക്കുന്നതായും എനിക്ക് തോന്നി. അതിന് ശേഷം പൊടുന്നനെ ആ വിമാനം തീ പിടിച്ചു ഉരുണ്ടു മറിഞ്ഞു താഴെ വീണു. വീണ സ്ഥലത്ത് അപ്പോൾ തന്നെ crashed എന്ന വാക്കും എന്റെ മുന്നിൽ മിന്നി തെളിയുകയും ചെയ്തു.

പിന്നെ ഞാൻ കാണുന്നത് ചുറ്റു ഭാഗവും സമുദ്രമാണ്. അതിൽ തിരമാലകൾ അടിക്കുന്നുണ്ട്. ആ പ്രദേശത്ത് കുറേ ദ്വീപുകൾ ഉള്ളതായും എനിക്ക് തോന്നി. അല്ലെങ്കിൽ അതൊരുദ്വീപ് പോലുള്ള പ്രദേശമാണെന്ന് ഞാൻ മനസ്സിലാക്കി. പിന്നെ ഞാൻ സ്വയം പറയുകയാണ് ചൗധരി സാഹിബിന് നീന്തൽ വശമുണ്ടോ എന്നറിഞ്ഞില്ല, അല്ലാഹുവേ, ഈ അപകടത്തെക്കുറിച്ച് സർക്കാറിന് കൃത്യസമയം തന്നെ വിവരം ലഭിച്ചിട്ടുണ്ടാവുമോ? എങ്കിൽ, അവർ ചൗധരി സാഹിബിനേയും സഹയാത്രികരേയും രക്ഷിക്കാനായി വല്ല വിമാനമോ കപ്പലോ അയക്കുമല്ലോ?

ഹുസൂർ ഖുത്ബ തുടർന്ന് കൊണ്ട് അരുൾ ചെയ്യുകയാണ്, ഇതിന് ശേഷം ഞാൻ ഞെട്ടി ഉണർന്നു. എഴുന്നേറ്റ് സമയം നോക്കി. രാത്രി രണ്ട് മണി. അടുത്ത കട്ടിലിൽ എന്റെ ഭാര്യ മറിയം സിദ്ധീഖ സാഹിബ സുഖമായി ഉറങ്ങുകയാണ്. ഞാൻ അവരെ വിളിച്ചുണർത്തി. സ്വപ്നത്തിലെ മുഴുവൻ കാര്യങ്ങളും അവരെ ധരിപ്പിച്ച് കൊണ്ട് അപ്പോൾ തന്നെ ചൗധരി സഫറുല്ലാഹ് ഖാൻ സാഹിബിന് ഒരു കത്തെഴുതാൻ ആവശ്യപ്പെട്ടു. അതിൽ ഈ കത്ത് കിട്ടിയാൽ ഉടനെ തന്നെ സദഖ കൊടുക്കുവാനും ദുആ ചെയ്തു കൊണ്ടിരിക്കുവാനും നിർദേശിക്കുകയും ചെയ്തു. മാത്രവുമല്ല സ്വപ്നം എപ്പോഴും വ്യാഖ്യാനത്തിനത്തിന് വിധേയമാണെന്ന കാര്യം ഞാൻ അദ്ദേഹത്തെ ഓർമപെടുത്തുകയും ചെയ്തു. ഈ കത്ത് ന്യൂ യോർക്കിലുള്ള സഫറുല്ലാഹ് ഖാൻ സാഹിബിന് ലഭിക്കാൻ ദിവസങ്ങൾ എടുക്കുമെന്ന നിലക്ക് രാവിലെ തന്നെ ന്യൂയോർക്കിലേക്ക് ടെലിഗ്രാം അയക്കുകയും ചെയ്തു.

സ്വപ്നത്തിൽ ചൗധരി സഫറുല്ലാഹ് ഖാൻ സാഹിബ് കിഴക്ക് നിന്ന് പടിഞ്ഞാറു ഭാഗത്തേക്ക് പോകുമ്പോഴായിരുന്നു അപകടം സംഭവിച്ചത്. ന്യൂയോർക്കിലുള്ള ചൗധരി സാഹിബ് അമേരിക്കയിൽ നിന്ന് തിരിച്ചു പാകിസ്താനിലേക്ക് വരുന്ന സമയത്തുള്ള വല്ല അപകടവുമാണെങ്കിൽ ആ യാത്ര കിഴക്കുനിന്ന് പടിഞ്ഞാറു ഭാഗത്തെക്കല്ല, മറിച്ച് പടിഞ്ഞാറു നിന്ന് കിഴക്കോട്ടേക്കായിരുന്നു വേണ്ടിയിരുന്നത്. മറ്റൊരു കാര്യം ഭയാനകമായ ഈ അപകടത്തെക്കുറിച്ച് ചൗധരി സഫറുല്ലാഹ് ഖാൻ സാഹിബ് തന്നെയാണ് കത്തിലൂടെ വിവരം നൽകുന്നത് . ഇതിൽനിന്നും ഹുസൂർ സ്വന്തമായി സ്വപ്നത്തിന് മൂന്ന് വ്യാഖ്യാന ങ്ങൾ കണ്ടെത്തി. ഒന്ന്; അതിഭീകര മായ എന്തോ ഒരപകടം ചൗധരി സാഹിബിന് നേരിടാൻ പോവുകയാണ്.അതിൽ നിന്നും അല്ലാഹു അദ്ദേഹത്തെ അത്ഭുതകരമായ രീതിയിൽ രക്ഷപ്പെടുത്തും. കാരണം അപകടത്തിൽ നിന്നും രക്ഷപ്പെട്ടതുകൊണ്ടാണല്ലോ അദ്ദേഹം സ്വയം കത്തിലൂടെ ആ വിവരം നൽകിയത്.

രണ്ട്; സ്വപ്നത്തിൽ അപകടസമയത്ത് ഗുലാം മുഹമ്മദ് എന്ന പേരുക ണ്ടിരുന്നു. ഇടയിലുള്ള പേര് വായി ക്കാൻ സാധിച്ചില്ല. അതുകൊണ്ട് ആ പേരുള്ള ആൾക്ക് ഈ അപകട ത്തിൽ എന്തോ ബന്ധമുണ്ട്; അല്ലെ ങ്കിൽ അയാളും ഈ അപകടത്തിൽ ഉൾപ്പെടും. പാകിസ്താൻ ഗവർണർ ജനറലായ മാലിക്ക് ഗുലാം മുഹമ്മദ് സാഹിബിനെ ആയിരിക്കാം ആ പേരു കൊണ്ട് ഉദ്ദേശിച്ചതെന്നു മനസ്സിലാക്കിക്കൊണ്ട് അദ്ദേഹത്തിനും അപകടം പറ്റാൻ സാധ്യതയുള്ളതായി ഹുസൂർ അനുമാനിച്ചു.

പാകിസ്താൻ ഗവർണർ ജനറലായ മാലിക്ക് ഗുലാം മുഹമ്മദ് സാഹിബ്, ചൗധരി സഫറുല്ലാഹ് ഖാൻ സാഹിബിന്റെ അടുത്ത സുഹൃത്താണ്. ആ സ്ഥിതിക്ക് അടുത്ത സുഹൃത്തിന് നേരിടുന്ന അപകടം ചൗധരി സാഹിബിനെ മാനസികമായി വിഷമിപ്പിച്ചേക്കാമെന്ന് കരുതി ഹുസൂർ ഗവർണർ ജനറലായ മാലിക്ക് ഗുലാം മുഹമ്മദ് സാഹിബിന് ഒരു ടെലിഗ്രാം കൊടുത്തു. കാരണം അദ്ദേഹവും ഒരു ദീർഘയാത്രക്ക് പുറപ്പെടാൻ പോകുന്നതായി ഹുസൂറിന് വിവരം ലഭിച്ചിരുന്നു.

മാലിക്ക് ഗുലാം മുഹമ്മദ് സാഹിബ് ഒരു അഹ്മദിയല്ല. അത്കൊണ്ട് ഞാൻ ഒരു സ്വപ്നം കണ്ടെന്നും, സ്വപ്നത്തിൽ താങ്കളുടെ പേര് കണ്ടെന്നും അതൊരു ഭീകരമായ വിമാനാപകടമായിരുന്നുവെന്നും മറ്റുമുള്ള യാതൊരു കാര്യവും ഹുസൂർ അദ്ദേഹത്തിന് എഴുതിയില്ല. മറിച്ച് താങ്കൾ ദൂര യാത്രക്ക് പുറപ്പെടുന്നതായി അറിയാൻ സാധിച്ചു എന്നും അല്ലാഹു യാത്രയിൽ താങ്കളെ എല്ലാ തരത്തിലും സംരക്ഷിക്കുമാറാകട്ടെ എന്ന് ഞാൻ ദുആ ചെയ്യുന്നു എന്ന് മാത്രമാണ് ഹുസൂർ ടെലിഗ്രാം സന്ദേശം അദ്ദേഹത്തിനു നൽകിയത്.

ഹുസൂറിന്റെ ടെലിഗ്രാം ഗവർണർ ജനറലിന് കിട്ടുന്നതിനു മുമ്പ് തന്നെ അദ്ദേഹം യാത്രപുറപ്പെട്ടിരുന്നു. ടെലിഗ്രാം ഡപ്യൂട്ടി ഗവർണർ ജനറലിന് കിട്ടി. അതൊരു അനുമോദന സന്ദേശമാണെന്ന് തെറ്റിദ്ധരിച്ചുകൊണ്ട് അദ്ദേഹം ടെലിഗ്രാമിന് നന്ദി പറഞ്ഞു കൊണ്ട് ഹുസൂറിന് മറുപടി കത്തയച്ചു. ഏതാനും ദിവസ

ങ്ങൾക്ക് ശേഷം ഹുസൂറിന് ആകത്ത് ലഭിക്കുകയും ചെയ്തു.

മൂന്ന്; ഹുസൂർ ഈ സ്വപ്നത്തിന് മറ്റൊരു വ്യാഖ്യാനമാണ് ആലോചിച്ചത്. ഹുസൂർ അരുൾ ചെയ്യുകയാണ്, വിമാനം അപകട സമയത്ത് കിഴക്ക് നിന്ന് പടിഞ്ഞാറ് ഭാഗത്തേക്കാണ് യാത്ര ചെയ്തിരുന്നത്. സഫറുല്ലാഹ് ഖാൻ സാഹിബിന്റെ അത്തരത്തിലുള്ള യാത്ര എതായാലും പൂർത്തിയായിരിക്കുന്നു. അത്കൊണ്ട് ഇതിന്റെ അർഥം സഫറുല്ലാഹ് ഖാൻ സാഹിബ് മൊറൊക്കൊ, ടുണീഷ്യമുതലായ രാജ്യങ്ങൾക്ക് വേണ്ടി ചെയ്ത് കൊണ്ടിരിക്കുന്ന ദൗത്യത്തിൽ അമ്പേ പരാജയപെടുമെന്നായിരിക്കാം എന്നു ഹുസൂർ വ്യാഖ്യാനം കണ്ടെത്താൻ ശ്രമിച്ചു.

ആ സമയം ചൗധരി സഫറുല്ലാഹ് ഖാൻ സാഹിബ് ഐക്യ രാഷ്ട്രസഭയുടെ സെക്യൂരിറ്റി കൗൺസിലിൽ ഫ്രാൻസിന്റെ അധീനത്തിൽ നിന്ന് ഈ രാജ്യങ്ങൾക്ക് സ്വാതന്ത്ര്യം നേടികൊടുക്കാൻ പരിശ്രമിച്ച് കൊണ്ടിരിക്കുകയായിരുന്നു. എന്നാലിത് തങ്ങളുടെ ആഭ്യന്തര കാര്യമാണെന്ന് വാദിച്ച്കൊണ്ട് ഫ്രാൻസ് വഴങ്ങുന്നില്ലായിരുന്നു. ഈ കാര്യത്തിൽ ചൗധരി സഹിബിന് പരാജയം സംഭവിച്ചേക്കാം എന്നാണ് സ്വപ്ന വ്യാഖ്യാനമെന്ന നിലക്ക് ഹുസൂർ ആലോചിച്ചത്. കാരണം സ്വപ്നം വ്യാഖ്യാനിച്ച് അർഥം ഗ്രഹിക്കേണ്ട ഒരു കാര്യമാണ് എന്ന് ഹുസൂർ എപ്പോഴും പറയുമായിരുന്നുവല്ലൊ. എന്നാൽ ടുണീഷ്യയുടെയും മൊറൊക്കൊയുടെയും കാര്യത്തിൽ സഫറുല്ലാഹ് ഖാൻ സാഹിബിന് വിജയം തന്നെ കൈവരിക്കാൻ സാധിച്ചിരുന്നു. എന്നാൽ ആ വിജയം പിന്നെയും ഏറെ നാളുകൾക്ക് ശേഷമാണ് വെളിപ്പെട്ടതെന്ന് മാത്രം.

ഏതായാലും ഹുസൂറും ഒരു ആടിനെ അറുത്ത് സദഖ കൊടുത്തു, **ദുആ** തുടർന്ന് കൊണ്ടിരിക്കാനും തുടങ്ങി. ഈ സ്വപ്നത്തിന് ശേഷം ഹുസൂർ ലാഹോറിൽ പോയപ്പോൾ സഫറുല്ലാഹ് ഖാൻ സാഹിബിന്റെ ഭാര്യയെ കാണുകയും അവരോടും സ്വപ്ന വിവരം പറയുകയും സദഖ കൊടുക്കു വാനും ദുആ ചെയ്തു കൊണ്ടിരിക്കുവാനും നിർദേശിക്കുകയും ചെയ് തിരുന്നു. ചൗധരി സാഹിബി നോടൊപ്പം മകളും അമേരിക്കയിൽ പോയിരുന്നതിനാൽ ഭർത്താവിനും മകൾക്കും വല്ല അപകടവും നേരിട്ടേക്കുമോ എന്ന് കരുതി അവർ കൂടുതൽ വേവലാതിപെട്ടു. അതുകാരണം അവരും ദുആ ചെയ്തു കൊണ്ടിരിക്കുന്നതോടൊപ്പം എല്ലാ ദിവസവും ആടിനെ അറുത്ത് സദഖ കൊടുത്തു കൊണ്ടിരുന്നു. ചില ദിവസങ്ങളിൽ ഒന്നിൽ കൂടുതൽ ആടുകളേ അറുത്ത് സദഖ കൊടുക്കുകയുണ്ടായി. 3 4 ആഴ്ചകൾക്ക് ശേഷം ചൗധരി സഫറുല്ലാഹ് ഖാൻ സാഹിബും മകളും ന്യുയോർക്കിൽ നിന്നും അല്ലാഹുവിന്റെ സഹായത്താൽ സുരക്ഷിതരായി കറാച്ചിയിൽ തിരിച്ചെത്തി. അപ്പോഴേക്കും സഫറുല്ലാഹ് ഖാൻ സാഹിബിന്റെ ഭാര്യ 61 ആടുകളെ അറുത്ത് സദഖ കൊടുത്തു കഴിഞ്ഞിരുന്നു.

ന്യൂയോർക്കിൽ നിന്ന് തിരിക്കുന്നതിന് മുമ്പും ഹുസൂർ നിർദേശിച്ചതനുസരിച്ച് ഒരാട് അറുത്ത് സദഖ കൊടുക്കാൻ ചൗധരി സാഹിബ് പാകിസ്താനിലുള്ള ഒരു ബന്ധുവിനെ ഫോൺ ചെയ്തു ഏൽപ്പിച്ചിട്ടുണ്ടായിരുന്നു. അതിന് ശേഷമാണ് ന്യുയോർക്കിൽ നിന്ന് യാത്ര പുറപ്പെട്ടത്.

പിന്നീട് ദിവസങ്ങളും ആഴ്ചകളും കടന്നുപോയി. 1953 ഡിസംബർ അവസാനത്തിൽ ഇറാൻ, സിറിയ, ജോർദാൻ തുടങ്ങിയ ചില രാജ്യങ്ങളിലേക്ക് സഫറുല്ലാഹ് ഖാൻ സാഹിബിന് യാത്ര ചെയ്യേണ്ടിവന്നു. ടെഹ്റാനിൽ നിന്ന് ഡമസ്ക്കസിലേക്കുള്ള യാത്ര കിഴക്ക് നിന്ന് പടിഞ്ഞാറ് ഭാഗത്തേക്കായിരുന്നു. അതിനാൽ ആ യാത്രക്ക് മുമ്പും അദ്ദേഹം ഒരാടിനെ അറുത്ത് പാവങ്ങൾക്ക് സദഖ കൊടുക്കുകയുണ്ടായി. ഈ രാജ്യങ്ങളിലെ യാത്രയ്ക്ക് ശേഷവും പരിപാടി പ്രകാരം തന്നെ അദ്ദേഹം കറാച്ചിയിൽ സുരക്ഷിതനായി തിരിച്ചെത്തി. അവിടെ ഏതാനും ദിവസം തങ്ങിയ ശേഷം ചൗധരി സാഹിബ് ജനുവരി ആദ്യ വാരത്തിൽ ലാഹോറിൽ വന്നു. അങ്ങനെ ഹുസൂർ സ്വപ്നം കണ്ടതിന് ശേഷമുള്ള സഫറുല്ലാഹ് ഖാൻ സാഹിബിന്റെ എല്ലാ യാത്രകളും അല്ലാഹുവിന്റെ സഹായത്താൽ മംഗളമായി അവസാനിച്ചു.

ഏതാനും ദിവസങ്ങൾക്ക് ശേഷം ചില അത്യാവശ്യ കാര്യങ്ങൾക്കായി സഫറുല്ലാഹ് ഖാൻ സാഹിബിന് കറാച്ചിയിൽ പോകേണ്ടിവന്നു. അതിനായി അദ്ദേഹം ജനുവരി 20-ാം തീയതി (1954) ലാഹോറിൽ നിന്നും കറാച്ചിക്ക് പുറപ്പെട്ടു. രാജ്യത്തിനകത്ത് ചൗധരി സഫറുല്ലാഹ് ഖാൻ സാഹിബിനെ പോലെയുള്ള അതിവിശിഷ്ട വ്യക്തികൾക്ക് (വിവിഐപി)) യാത്രചെയ്യാനായി പ്രത്യേകം സജ്ജീകരിച്ച സലൂൺ കാർ എന്ന് വിളിക്കപ്പെടുന്ന റെയിൽവെ ബോഗികൾ ഉണ്ട്. അത്തരം ബോഗിയിലായിരുന്നു പാകിസ്താൻ വിദേശ മന്ത്രിയായിരുന്ന ചൗധരി സർ മുഹമ്മദ് സഫറുല്ലാഹ് ഖാൻ സാഹിബും കൂടുതലായി യാത്ര ചെയ്യാറുണ്ടായിരുന്നത്. അന്നേദിവസം പിശാവറിൽ നിന്നും ലാഹോർ വഴി കറാച്ചിക്ക് പോകുന്ന മെയിൽ വണ്ടിക്കാണ് യാത്ര നിശ്ചയിച്ചത്. വണ്ടി ലാഹോർ സ്റ്റേഷനിൽ എത്തിയപ്പോൾ നേരത്തെ അവിടെ ഉണ്ടായിരുന്ന ചൗധരി സാഹിബിന്റെ സലൂൺ കാർ റെയിൽവെ ജീവനക്കാർ തീവണ്ടിയുടെ ഏറ്റവും പിന്നിൽ ഗാർഡിന്റെ ബോഗിക്കും പുറകിൽ ഘടിപ്പിച്ചു.

സഫറുല്ലാഹ് ഖാൻ സാഹിബ് യാത്രയ്ക്കായ് പ്ലാറ്റ് ഫോമിൽ എത്തിയപ്പോൾ അസിസ്റ്റന്റ് സ്റ്റേഷൻ മാസ്റ്റർ അദ്ദേഹത്തിന്റെ അടുക്കൽ വന്നു, താങ്കളുടെ സലൂൺ കാർ തീവണ്ടിയുടെ ഏറ്റവും പുറകിലാണ് ഘടിപ്പിച്ചിട്ടുള്ളതെന്നും അതുകാരണം യാത്രയിൽ ജർക്കും കുലുക്കവും കൂടുതൽ അനുവപ്പെടുമെന്നും, താങ്കൾ പറയുക

യാണെങ്കിൽ താമസിയാതെ തന്നെ എൻജിനിൽ നിന്ന് 12 കമ്പാർട്ട് മെന്റുകൾക്കു പുറകിൽ ഘടിപ്പിക്കാമെന്നും എങ്കിൽ കുലുക്കം നന്നായി കുറയുമെന്നും മറ്റ് പല മന്ത്രിമാരും അങ്ങനെ ചെയ്യാറുണ്ടെന്നും പറയുകയുണ്ടായി.

എന്റെ യാത്രാ സുഖത്തെക്കുറിച്ച് താങ്കൾ ശ്രദ്ധിച്ചതിന് വളരെ നന്ദിയുണ്ടെന്നും, സലൂൺ കാർ എൻജിന് പുറകിൽ ഘടിപ്പിക്കാനായി മറ്റ് ബോഗികൾ അഴിച്ച് മുന്നോട്ടും പുറകോട്ടും ആക്കുന്നതിലൂടെ കുറെ സമയം നഷ്ടപ്പെടുമെന്നും അതുമറ്റു യാത്രക്കാർക്ക് അലോസരമുണ്ടാക്കുമെന്നും അത്തരത്തിൽ മറ്റുള്ളവരെ ബുദ്ധിമുട്ടിക്കുന്നത് താൻ ഇഷ്ടപെടുന്നില്ലെന്നും, അതുകൊണ്ട് സലൂൺ കാർ ഇപ്പോൾ എവിടെയാണോ ഘടിപ്പിച്ചിട്ടുള്ളത് അതവിടെ തന്നെ ഇരുന്നോട്ടെയെന്നും സ്റ്റേഷൻ മാസ്റ്ററോട് സഫറുല്ലാഹ് ഖാൻ സാഹിബ് മറുപടി പറഞ്ഞു.

**വണ്ടി യഥാസമയം ലാഹോർ സ്റ്റേഷനിൽ നിന്നും പുറ പ്പെട്ടു. പക്ഷേ വണ്ടി വല്ലാത്തൊരു ജർക്കോടു കൂടിയാണ് നീങ്ങിയത്. കുറച്ച് കഴിഞ്ഞപ്പോൾ അടുത്ത സ്റ്റേഷൻ എത്തി. അവിടെ നിന്ന് പുറപ്പെട്ടപ്പോഴും അതേ ജർക്ക് അല്ലെങ്കിൽ അതിലും ശക്തമായ** ജർക്ക് അനുഭവപ്പെട്ടു. സഫറുല്ലാഹ് ഖാൻ സാഹിബിന് അതൊരു ബുദ്ധിമുട്ടായി തോന്നിയെങ്കിലും ആരോടും അദ്ദേഹം പരാതി പറഞ്ഞില്ല.

അടുത്ത സ്റ്റേഷനായ 'റായ്വന്ത്'ൽ വണ്ടി എത്തിയപ്പോൾ സഫറുല്ലാഹ് ഖാൻ സാഹിബ് വണ്ടിയിൽ നിന്ന് താഴെ ഇറങ്ങി. തൊട്ടടുത്ത് തന്നെ പ്ലാറ്റ് ഫോമിൽ കൈയിൽ കൊടിയും പിടിച്ച് ഗാർഡ് നിൽക്കുന്നതു കണ്ടു. അദ്ദേഹത്തോട്, കഴിഞ്ഞ രണ്ട് സ്റ്റേഷനിൽ നിന്ന് വണ്ടി പുറപ്പെടുമ്പോൾ ഉണ്ടായ ശക്തമായ കുലുക്കം ഓർമപ്പെടുത്തുകയും അതു കാരണം യാത്രക്കാരിൽ ചിലർക്കെങ്കിലും വീണ് പരിക്ക് പറ്റിയിരിക്കുമോ എന്ന് ഭയപ്പെടുന്നതായും, അതിനാൽ എൻജിൻ ഡ്രൈവർക്ക് (ലോക്കോ പൈലറ്റ്) വേണ്ട നിർദേശം നല്കണമെന്നും ഗാർഡിനോട് സഫറുല്ലാഹ് ഖാൻ സാഹിബ് പറഞ്ഞു. അദ്ദേഹം തലകുലുക്കി സമ്മതിച്ചു. അതിനു ശേഷം സഫറുല്ലാഹ് ഖാൻ സാഹിബ് തന്റെ ബോഗിയിൽ തിരിച്ചുവന്നു. പതിവ് ചര്യകളൊക്കെ പൂർത്തിയാക്കിയ ശേഷം രാത്രി അധികം വൈകാതെ തന്നെ കിടന്നുറങ്ങി.

രാവിലെ സഫറുല്ലാഹ് ഖാൻ സാഹിബ് നമസ്കാരത്തിനായി എഴുന്നേറ്റു. വണ്ടി നല്ല വേഗതയിൽ ഓടിക്കൊണ്ടിരിക്കുകയാണ്. എല്ലാം സാധാരണപോലെ. ജനുവരി മാസത്തെ അതിശൈത്യത്താൽ യാത്രക്കാരിൽ അധികവും മൂടിപുതച്ച് ഉറങ്ങുകയാണ്. കറാച്ചി എത്താൻ ഇനിയും മണിക്കൂറുകളെടുക്കും. സമയം രാവിലെ അഞ്ചര കഴിഞ്ഞെങ്കിലും വെളിയിൽ ഇരുട്ട് തന്നെ.കിഴക്ക് ചക്രവാളത്തിൽ പ്രകാശം പരക്കാൻ ഇനിയും കാത്തിരിക്കണം.

സഫറുല്ലാഹ് ഖാൻ സാഹിബ് പറയുകയാണ്... ഞാൻ നമസ്കാരം തുടങ്ങി. വണ്ടിയുടെ ഇളക്കം കാരണംവീണു പോയെങ്കിലോ എന്ന് കരുതി ഇരുന്നു കൊണ്ടായിരുന്നു നമസ്കരിക്കാൻ തുടങ്ങിയത്. സാധാരണ ഫജ്ർ നമസ്കാരത്തിന്റെ സുന്നത്തിന്റെ രണ്ടാമത്തെ റകഅത്തിൽ സൂറാ ഫാതിഹായ്ക്ക് ശേഷം സൂറാ ഇഖ്ലാസാണ് ഞാൻ ഓതാറ്. ഒന്നാമത്തെ റകഅത്ത് പൂർത്തിയാക്കി രണ്ടാമത്തെ റകഅത്തിൽ സൂറാ ഫാതിഹയ്ക്ക് ശേഷം... കുൽഹുവള്ളാഹു അഹദ് ...എന്ന് ഓതുവാനായി ..കുൽ... എന്ന് ഓതിയപ്പോഴേയ്ക്കും അതിശക്തമായ ഇടിമുഴക്കത്തിന്റെ ശബ്ദവും കുലുക്കവുമുണ്ടായി. ആ കുലുക്കത്തിൽ ഞാൻ വലതു വശത്തേക്ക് എടുത്ത് എറിയപ്പെട്ടു. അതോടെ വണ്ടി പെട്ടെന്ന് തന്നെ നിശ്ചലമാവുകയും ചെയ്തു. എന്റെ കൈമുട്ട് രണ്ടിനും പരിക്ക് പറ്റി. എന്നാലും ഞാൻ വീണിടത്ത് നിന്ന് എഴുന്നേറ്റു വീണ്ടും നമസ്കാരത്തിനായി ഇരുന്നുകൊണ്ട് കുൽഹുവള്ളാഹു അഹദ്..... എന്ന് തുടർന്ന് ഓതുകയും സുന്നത്തും ഫർളും നമസ്കാരങ്ങൾ പൂർത്തിയാക്കുകയും ചെയ്തു.

അദ്ദേഹം തുടരുകയാണ്.. വെളിയിൽ എന്തൊക്കെയൊ ഒച്ചയും ബഹളവും കേൾക്കുന്നുണ്ട്. എനിക്ക് ഒന്നും മനസ്സിലായില്ല. ഞാൻ നമസ്കാരത്തിനു ശേഷം വീണ്ടും വന്ന് കിടക്കയിൽ കിടന്നു. കിടന്നതേയുള്ളൂ എന്റെ സഹായി വന്ന് എന്റെ വാതിലിന് ശക്തിയായി മുട്ടിക്കൊണ്ട് വണ്ടിക്ക് തീപിടിച്ചെന്നും പെട്ടെന്ന് തന്നെ പുറത്തേക്ക് വരണമെന്നും ആവശ്യപ്പെട്ടു. നമ്മുടെ ബോഗിക്ക് മാത്രമാണോ തീപിടിച്ചതെന്ന് ഞാൻ ചോദിച്ചപ്പോൾ അല്ല മുഴുവൻ വണ്ടിക്കും തീ പിടിച്ചിരിക്കുന്നു എന്ന് സഹായി പ്രതിവചിച്ചു. അപ്പോഴേക്കും "അദ്ദേഹത്തോട് ഉടനെ പുറത്തേക്ക് വരാൻ പറയൂ" എന്ന് മറ്റു ചിലരും വെളിയിൽ നിന്ന് ഉറക്കെവിളിച്ചു പറയുന്നത് ഞാൻ കേട്ടു.

ഞാനുടനെ വസ്ത്രം മാറി പുറത്തേക്ക് വന്നു. ഞാൻ എന്താണ് കാണുന്നത്! എൻജിനു പുറകിലുള്ള ബോഗികൾ നിന്ന് കത്തുകയാണ്. യാത്രികർ വാവിട്ട് നിലവിളിക്കുന്നു. എന്ത് സംഭവിച്ചുവെന്നും എന്താണ് ചെയ്യേണ്ടതെന്നും അറിയാതെ അവർ അങ്ങോട്ടുമിങ്ങോട്ടും ഓടുകയാണ്. മെയിൽ വണ്ടിയുടെ എൻജിനും കുറെ ബോഗികളും പാളത്തിൽ നിന്നും ഉരുണ്ട് മറിഞ്ഞ് അൽപം അകലെ കിടപ്പുണ്ട്.

തീ നാളങ്ങൾ ആകാശത്തോളം ഉയർന്നിരിക്കുന്നു. എൻജിനു പുറകിലുള്ള മൂന്ന് ബോഗികൾ നിമിഷനേരം കൊണ്ട് കത്തി ചാമ്പലായി. അതിലുള്ള യാത്രക്കാർ ആരുംതന്നെ രക്ഷപെട്ടിട്ടില്ല. 300 അടി ഉയരത്തിൽ അന്തരീക്ഷം മുഴുവൻ കറുത്ത പുകകൊണ്ട് നിറഞ്ഞു കഴിഞ്ഞു. ശക്തമായ കാറ്റ് കാരണം തീ വളരെ വേഗം തന്നെ വണ്ടിയുടെ പുറകിലുള്ള ബോഗി കളിലേക്കും പടർന്നു കൊണ്ടിരിക്കുകയാണ്. അത് കൊണ്ട് ഏറ്റവും പുറകിലുള്ള

സഫറുല്ലാഹ് ഖാൻ സാഹിബിന്റെ ബോഗി അടക്കം മൂന്ന് ബോഗികളെ വേർപെടുത്താൻ ഗാർഡ് ചിലർക്ക് നിർദേശം കൊടുത്തു. കത്തി ചാമ്പലായ മൂന്ന് ബോഗികളിൽ ഒന്ന് ലേഡീസ് കംപാർട്ട്മെന്റായിരുന്നു. അതിൽ യാത്ര ചെയ്യുകയായിരുന്ന സ്ത്രീകളും കുട്ടികളും എന്ത് സംഭവിച്ചു എന്ന് മനസ്സിലാക്കുന്നതിനു മുമ്പ് അഗ്നിക്കിരയായി. അവരുടെ അന്ത്യം അതിദാരുണമായിരുന്നു. അവരെ രക്ഷിക്കാനുള്ള യാതൊരു ശ്രമവും കൈകൊള്ളാൻ സാധിച്ചില്ല. ആ സ്ത്രീകളുടേയും കുട്ടികളുടേയും ഭർത്താക്കന്മാരും പിതാക്കളും മറ്റുബന്ധുക്കളും പുറകിലുള്ള ബോഗികളിൽ യാത്ര ചെയ്യുകയായിരുന്നു. അവർ അലമുറയിട്ട് ഓടി നടക്കുന്നുണ്ട്. വെളിച്ചക്കുറവും അതിശൈത്യവും മൂടൽ മഞ്ഞും ശക്തമായ കാറ്റും ആദ്യഘട്ടത്തിൽ രക്ഷാപ്രവർത്തനം അതീവ ദുഷ്കരമാക്കി.

എന്താണ് സംഭവിച്ചത്?. കറാച്ചിയിൽ നിന്നും ഹൈദ്രബാദിലേക്ക് പെട്രോൾ നിറച്ച കണ്ടയ്നറുകൾ (ടാങ്കർ) വഹിച്ച് പോവുകയായിരുന്ന ഒരു ചരക്കു വണ്ടിയുമായി കറാച്ചി മെയിൽ കൂട്ടി ഇടിച്ചിരിക്കുകയാണ്. ഇടിയുടെ ആഘാതത്തിൽ പെട്രോൾ കണ്ടയ്നറുകൾ തകർന്നു അതിലുള്ള പെട്രോൾ പുറത്തേക്ക് ഒഴുകാൻ തുടങ്ങി. നിമിഷ നേരം കൊണ്ട് കറാച്ചി മെയിൽ വണ്ടിക്ക് തീ പിടിക്കുകയും ചെയ്തു. ആ സമയം കറാച്ചി മെയിൽ വളരെ കൃത്യമായി കിഴക്ക് നിന്ന് പടിഞ്ഞാറ് ഭാഗത്തേക്ക് ഓടികൊണ്ടിരിക്കുകയായിരുന്നു.

ജിംപീറിനും ബറോദാബാദ് സ്റ്റേഷനുമിടയിലാണ് അപകടം സംഭവിച്ചത്. കറാച്ചിക്ക് പോകുമ്പോൾ ഹൈദ്രബാദിന് ശേഷമുള്ള ഒരു ചെറിയ സ്റ്റേഷനാണ് ജിംപീർ. സിന്ധ് പ്രൊവിൻസിലെ 'തട്ട' ജില്ലയിലെ ഒരു ഗ്രാമം. വല്ല അത്യാഹിതവും നേരിട്ടാൽ യാത്രക്കാരെ സഹായിക്കാൻ തക്ക യാതൊരുവിധ സൗകര്യമോ സംവിധാനമോ ഇല്ലാത്ത ഒരു കൊച്ചു സ്റ്റേഷൻ. വലിയ സ്റ്റേഷനായ ഹൈദ്രബാദ് ആണെങ്കിൽ വണ്ടി കഴിഞ്ഞ് കടന്ന് കുറേ മുന്നോട്ട് എത്തിയിരിക്കുന്നു. ഇവിടെ നിന്ന് കറാച്ചിക്ക് 114 കിലോമീറ്റർ ഇനിയും ദൂരമുണ്ട്.

അപ്പോഴേക്കും നേരം നന്നായി പുലർന്നു. വെളിച്ചം കുറെ കൂടി വന്നു. വേർപെടുത്തിയ മൂന്ന് ബോഗികളിൽ പരിക്കേറ്റവരേയും പൊള്ളലേറ്റവരേയും കയറ്റി പുറകിലേക്ക് തള്ളികൊണ്ട് ജിംപീർ സ്റ്റേഷനിൽ എത്തിച്ചു. പക്ഷേ കറാച്ചി മെയിൽ നിൽക്കുന്ന ഭാഗം താരതമ്യേന അൽപം താഴ്ന്ന സ്ഥലമായതിനാൽ പെട്രോൾ ആ ഭാഗത്തേക്കാണ് ഒഴുകുന്നത്. അങ്ങനെ അടുത്ത നാല് ബോഗികൾ ക്ക് കൂടി തീപിടിച്ചു. മെല്ലെ മെല്ലെ മുഴുവൻ വണ്ടിക്കും തീപിടിച്ചു. സഫറുല്ലാഹ് ഖാൻ സാഹിബിന്റെ ബോഗി മെയിൽ വണ്ടിയുടെ ഏറ്റവും പുറകിലായതിനാൽ അദ്ദേഹത്തിന്റെ ബോഗിക്ക് ഒന്നും പറ്റിയില്ല എന്നുമാത്രമല്ല അപകട വിവരമോ അതിന്റെ വ്യാപ്തിയോ ആദ്യം അദ്ദേഹത്തിന് മനസ്സിലാക്കാൻ സാധിച്ചിരുന്നുമില്ല. പക്ഷേ അദ്ദേഹം അപകട വിവരം അറിഞ്ഞതു മുതൽ അവിടെതന്നെ നിന്നുകൊണ്ട് രക്ഷാപ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകികൊണ്ടേ ഇരുന്നു

അപകട വിവരം കറാച്ചിയിലുള്ള റെയിൽവേ അധികൃതർക്ക് എത്തിയെങ്കിലും അവിടെനിന്ന് സഹായമെത്താൻ വീണ്ടും മണിക്കൂറുകൾ വേണ്ടിവരും. മാത്രവുമല്ല ഈ പ്രദേശത്തുകൂടി കടന്നു പോകുന്ന റെയിൽ പാളം ഉള്ളത് തികച്ചും ഒരു ഒറ്റപ്പെട്ട പ്രദേശത്തായിരുന്നു. സാധാരണ റോഡ് 15 മുതൽ 20 കിലോമീറ്റർ ദൂരെയാണ് സ്ഥിതി ചെയ്യുന്നത്. തികച്ചും ഒരു ദ്വീപിനെ ഓർമ്മപ്പെടുത്തുന്ന പ്രദേശം. ചുറ്റുഭാഗവും വെള്ളം ഇല്ലായെന്ന് മാത്രമെ ഒരു വ്യത്യാസമുള്ളൂ. അതു കൊണ്ട് രക്ഷാപ്രവർത്തകർക്ക് അപകട സ്ഥലത്ത് എത്തുക എന്നത് തികച്ചും സാഹസികവും അത്യധികം ക്ലേശകരവുമായിരുന്നു.

അപകടത്തിൽ ധാരാളം പേർ സംഭവസ്ഥലത്ത് വെച്ചും കുറെപേർ ആശുപത്രിയിൽ വെച്ചും മരണമടഞ്ഞു. ഗുലാം മുഹമ്മദ് എന്ന് പേരുള്ള കറാച്ചി മെയിൽ വണ്ടിയുടെ ഡ്രൈവർ (ലോക്കോ പൈലറ്റ്) അത്ഭുതകരമായി രക്ഷപ്പെട്ടു. കൂടെയുള്ള അദ്ദേഹത്തിന്റെ അസിസ്റ്റന്റ് മരണമടഞ്ഞു. ജീംപിറിൽ താല്കാലിക മെഡിക്കൽ ക്യാമ്പ് ആരംഭിച്ചു. വിവരമറിഞ്ഞ് സംഭവ സ്ഥലത്ത് എങ്ങനെയൊക്കെയൊ എത്തിപ്പെട്ട വാഹനങ്ങളിൽ പരിക്കേറ്റവരെ ജീംപിറിൽ എത്തിക്കാൻ തുടങ്ങി. ഈ എല്ലാ രക്ഷാപ്രവർത്തനങ്ങൾക്കും നേതൃത്വം നൽകുവാനായി ചൗധരി സഫറുല്ലാഹ് ഖാൻ സാഹിബ് ഉച്ചയ്ക്ക് 2..3 മണിവരെ അവിടെ തന്നെ നിന്നുകൊണ്ട് റെയിൽവേ അധികൃതർക്ക് നിർദേശം നൽകികൊണ്ടിരുന്നു. തന്റെ മേൽനോട്ടത്തിൽ പരിക്കേറ്റവരേയും മറ്റു യാത്രക്കാരെയും ലക്ഷ്യസ്ഥാനത്ത് എത്തിച്ചശേഷം മാത്രമാണ് അദ്ദേഹം അവിടെ നിന്ന് ഒരു ബന്ധുവിന്റെ കാറിൽ കറാച്ചിക്ക് പുറപ്പെട്ടത്.

സ്വപ്നത്തിൽ കണ്ട വിമാനപകടം തീവണ്ടി അപകടമായി മാറിയെന്നതൊഴിച്ചാൽ സ്വപ്നം എല്ലാ അർഥത്തിലും പൂർത്തിയായിരിക്കുന്നു. കറാച്ചിയിലേക്കുള്ള യാത്ര പൊതുവിൽ കിഴക്കുനിന്ന് പടിഞ്ഞാറു ഭാഗത്തേക്കാണെന്ന് പറയാം. അപകടത്തിന് ഏതാനും നിമിഷം മുമ്പ് വണ്ടി ഒരു വളവിലായിരുന്നു. ആ വളവ് തിരിഞ്ഞശേഷം തീവണ്ടിയുടെ ഗതി തികച്ചും, കണിശമായും കിഴക്ക് നിന്ന് പടിഞ്ഞാറ് ഭാഗത്തേക്കായിരുന്നു. ഗുലാം മുഹമ്മദ് എന്ന് പേരുള്ള ഒരു വ്യക്തിക്കും ഈ അപകടവുമായി ബന്ധമുള്ളതായി ഹുസൂർ സ്വപ്നം കണ്ടിരുന്നു. അത് അപകടത്തിൽ നിന്നും അത്ഭുതകരമായി രക്ഷപ്പെട്ട എൻജിൻ ഡ്രൈവറല്ലാതെ മറ്റാരുമായിരുന്നില്ല. അപകടം നടന്ന സ്ഥലം ഒരു ദ്വീപ് പോലുള്ള പ്രദേശമായി ഹുസൂറിന് തോന്നിയിരുന്നു. ഈ റെയിൽ പാളം കടന്ന് പോകുന്ന പ്രദേശം സാധാരണ റോഡിൽ നിന്നും വളരെ അക

ന്നതു കൊണ്ടും ഇവിടംവരെ എത്തു കയെന്നത് ദുഷ്കരമായതു കൊണ്ടും ഈ പ്രദേശം മറ്റ് ജനവാസ പ്രദേശങ്ങളുമായി വിഛേദിക്കപ്പെട്ടതു പോലെയും ആയതുകൊണ്ട് ഈ പ്രദേശം തികച്ചും ഒരു ദ്വീപിനെ ഓർമപ്പെടുത്തിയിരുന്നു. നാലു ഭാഗവും വെള്ളമില്ല എന്നുമാത്രം. സ്വപ്നത്തിൽ അപകടം നടന്നയുടനെ Crashed എന്ന വാക്ക് ഹുസൂറിന്റെ മുന്നിൽ മിന്നിതെളിഞ്ഞതായി ഹുസൂർ കണ്ടിരുന്നു. ആൾ ഇന്ത്യ റേഡിയോ അവരുടെ ഇംഗ്ലീഷ് വാർത്തയിൽ ഈ അപകടത്തെക്കുറിച്ച് വിവരിച്ചുകൊണ്ട് crashed എന്ന പദമാണ് ഉപയോഗിച്ചത്. സ്വപ്ന ത്തിൽ അപകടത്തെക്കുറിച്ച് വിവരം നൽകിയത് സഫറുല്ലാഹ് ഖാൻ സാഹിബായതു കൊണ്ട് അദ്ദേഹത്തിന് നേരിടാൻ പോകുന്ന അപകടത്തിൽ നിന്നും അല്ലാഹു അദ്ദേഹത്തെ അത്ഭുതകരമായ രീതിയിൽ രക്ഷപ്പെടുത്തുമെന്ന് ഹുസൂർ വ്യാഖ്യാനം കണ്ടിരുന്നു. അല്ലാഹു അദ്ദേഹത്തെ രക്ഷിച്ചു എന്ന് മാത്രമല്ല അപകടത്തിന് ശേഷം സഹയാത്രികർക്ക് ആവശ്യമായ എല്ലാ സഹായ സഹകരണങ്ങളും ചെയ്യാൻ അദ്ദേഹത്തിന് ഭാഗ്യവുമുണ്ടായി. സുബ്ഹാനല്ലാഹ്.

തീവണ്ടി അപകടത്തിനു ശേഷം 1954 ഫിബ്രവരിയിൽ ചെയ്ത ഒരു ഖുത്ബയിൽ ഹുസൂർ അരുൾ ചെയ്യുകയാണ്..ഇതൊരു തഖ്ദീറെ മുബ്റം (നിശ്ചയിച്ചുറച്ച അന്തിമമായ ദൈവീകവിധി) ആയിരുന്നു. സ്വപ്നം എല്ലാ അർഥത്തിലും പൂർത്തിയായി എന്നതിലുപരി നമ്മുടെ എല്ലാവരുടേയും അങ്ങേയറ്റം ശ്രദ്ധയോടും വിനയത്തോടെയുമുള്ള ദുആയുടേയും സദഖയുടേയും ഫലമായി അല്ലാഹു ആ തഖ്ദീറെ മുബ്റമിനെ ഈ രൂപത്തിൽ മാറ്റിക്കൊണ്ട് വെളിപ്പെടുത്തിയിരിക്കുന്നു എന്നതാണ് പ്രധാനം. ഇവിടെ റെയിൽ അപകടത്തിലൂടെ അല്ലാഹു തന്റെ തഖ്ദീറെ മുബ്റമിനെ നടപ്പിൽ വരുത്തുകയും നമ്മുടെ എല്ലാവരുടെയും ദുആ സ്വീകരിക്കുകയും ചെയ്തിരിക്കുന്നു. രണ്ടും ഒരേ സമയം പൂർത്തിയായിരിക്കുന്നു. മസീഹ് മൗഊദി(അ) ന്റെ കാലത്തും ഇത്തരം സംഭവങ്ങൾ ഉണ്ടായിട്ടുണ്ട്. ചിലരുടെ മരണത്തെക്കുറിച്ച് അത് തഖ്ദീറെ മുബ്റമാണെന്ന്മസീഹ് മഊദി(അ)ന് അല്ലാഹുവിൽ നിന്ന് വിവരം ലഭിച്ച ശേഷം മസീഹ് മൗഊദിന്റെ പ്രത്യേകമായ ദുആയുടെ ഫലമായി അവർ രോഗത്തിൽ നിന്നും ശാന്തിനേടുകയും പിന്നീട് വളരെ കാലം ജീവിക്കുകയും ചെയ്തിട്ടുണ്ട്. ഇവിടേയും നമ്മുടെ ദുആയുടെ ഫലമായി തഖ്ദീറെ മുബ്റമിനെ അല്ലാഹുമാറ്റിയിരിക്കുന്നു. സാധാരണ നിലയിൽ അത്തരത്തിൽ മാറ്റാറില്ല. സ്വപ്നത്തിൽ കണ്ടതു പോലുള്ള ഒരു വിമാന പകടമായിരുന്നുവെങ്കിൽ സാധാരണനിലയിൽ അതിൽ നിന്നും ആരും തന്നെ രക്ഷപ്പെടാൻ സാധ്യതയില്ല. ഇത് നമ്മുടെ ഈമാന്റെ വർധനവിനും ദൃഢതയ്ക്കും സഹായകരമായിരിക്കുന്നു.

ഹുസൂർ തുടർന്നു അരുൾ ചെയ്യുകയാണ്: അല്ലാഹു നമ്മുടെ ഈമാന്റെ വർധനവിനും ദൃഢതയ്ക്കുമായി പലവിധ ദൃഷ്ടാന്തങ്ങൾ ഒരുക്കിത്തരികയാണ്. അതിനു ശേഷവും നാം നമ്മുടെകർത്തവ്യങ്ങളെ മനസ്സിലാക്കാതിരിക്കുകയും അതിൽ അലസത കാണിക്കുകയും ചെയ്യുകയാണെങ്കിൽ നാം അങ്ങേയറ്റം നിർഭാഗ്യവാന്മാരായി പോകും. ലോകം ഇപ്പോഴും അന്ധകാരത്തിലാണ്. അല്ലാഹുവിന്റെ ആസ്തിക്യത്തെക്കുറിച്ച് അവർക്കറിയില്ല. അവൻ സംസാരിക്കുമോ എന്നവർക്കറിയില്ല. അവൻ സത്യവാനാണോ എന്നവർക്കറിയില്ല. എന്നാൽ നമ്മെ സംബന്ധിച്ചിടത്തോളം അവന്റെ ആസ്തിക്യവും അവൻ സംസാരിക്കാറുണ്ട്, അവൻ കേൾക്കാറുണ്ട് എന്ന യാഥാർഥ്യവും നേരത്തെ തന്നെ സ്ഥിരീകരിക്ക പ്പെട്ടതാണെന്ന് മാത്രമല്ല അവൻ ഇപ്പോഴും സംസാരിക്കുകയും കേൾക്കുകയും തന്റെ ദാസരെ സഹായിക്കുന്നവനുമാണെന്ന് നമ്മെ കാണിക്കുകയാണ് ചെയ്തത്. ആകയാൽ ഈ അനുഗൃഹീത കാലഘട്ടത്തിൽ നിന്നും നമുക്ക് പാഠം ഉൾകൊള്ളാൻ സാധിക്കണം. അല്ലാഹു തന്റെ വാതിലുകൾ തുറന്ന് കൊണ്ട് തന്റെ സാമീപ്യത്തിന്റെ മാർഗങ്ങൾ എളുപ്പമാക്കിയിരിക്കുകയാണ്. അതിനെ ഉപയോഗപ്പെടുത്തേണ്ടത് നമ്മുടെ കടമയാണ്.

അപകടത്തിൽപെട്ടവർക്ക് വേണ്ട സഹായ സഹകരണങ്ങൾ ചെയ്തതിന് ചൗധരി മുഹമ്മദ് സഫറുല്ലാഹ് ഖാൻ സാഹിബിനെ പാകിസ്താൻ പത്രങ്ങൾ മുക്തകണ്ഠം പ്രശംസിക്കുകയുണ്ടായി. മാത്രവുമല്ല അപകട സമയത്ത് നമ്മുടെ വിദേശ കാര്യമന്ത്രി സുബ്ഹി നമസ്കരിക്കുകയായിരുന്നു എന്നും വളരെ ബഹു മാനപുരസ്സരം പല പത്രങ്ങളും സ്മരിക്കുകയുണ്ടായി.

ആത്മീയമായും ഭൗതികമായും ഉത്തുംഗ ശ്രേണിയിലായിരുന്ന ആ മഹാത്മാവ് ഇന്ന് ജീവിച്ചിരിപ്പില്ല. ഉണ്ടായിരുന്നുവെങ്കിൽ പാക്ക് പത്രങ്ങളുടെ പ്രശംസയുടെ പ്രത്യാഘാതം എന്തായിരിക്കുമെന്ന് കണ്ടറിയണം. ഒരഹ്മദി താൻ ഒരു മുസ്ലീമാണെന്ന് പരോക്ഷമായോ പ്രത്യക്ഷമായോ തന്റെ വാക്കിലൂടെയോ തന്റെ ഏതെങ്കിലും പ്രവൃത്തിയിലൂടേയോ പറയുകയോ കാണിക്കുകയോ ചെയ്തുകൊണ്ട് മറ്റ് മുസ്ലിമീങ്ങളുടെ മതവികാരത്തെ വ്രണപ്പെടുത്തുകയോ തന്റെ വിശ്വാസം പ്രചരിപ്പിക്കുകയോ ചെയ്യുന്നത് പാകിസ്താൻ ശിക്ഷാനിയമം PPC 298C അനുസരിച്ച് മൂന്ന് വർഷം വരെ കഠിന തടവും പിഴയും ലഭിക്കാവുന്ന കുറ്റമാണ്.

ചൗധരി സഫറുല്ലാഹ് ഖാൻ സാഹിബ് (റ) സുബ്ഹി നമസ്കരിച്ച് കൊണ്ട് മതവികാരം വ്രണപ്പെടുത്തിയിരിക്കുന്നു, അഹോ കഷ്ടം ......കഷ്ടം.


കടപ്പാട്:

1.താരീഖെ അഹ്മദിയ്യത്ത്, വാള്യം..10, By മർഹും മൗലാനാ ദോസ്ത് മുഹമ്മദ് ശാഹിദ് സാഹിബ്., 2. തഹ്ദീസെ നിഅ് മത്ത്...By സർ മുഹമ്മദ് സഫറുല്ലാഹ് ഖാൻ സാഹിബ് (റ)., 3.പാകിസ്താൻ റെയിൽ & റൂട്ട് By. വിക്കി പീഡിയ. 4..അൽമുസ്ലീഹ് ഉറുദു ദിനപത്രം, കറാച്ചി 1954 ഫിബ്രവരി.

ജൂതജനതയും ആധുനിക കാലവും- 4

# മതവിമുക്തമായ യൂറോപ്പും യഹൂദവിമോചനവും

ക്രിസ്തു മതത്തിന്റെ സ്വാധീനത്തിൽ നിന്ന് വിമുക്തമായ സെക്കുലർ യുറോ പ്പാണ് യഹൂദ പീഡനത്തിന് അറുതിവരുത്തിയത്. യൂറോപ്യൻ നവോത്ഥാനത്തിന് സമാന്തരമായി യഹൂദ സമുദായത്തിൽ ഉണ്ടായ'ഹസ്ക്കലാത്ത്' എന്ന സാംസ്കാരിക ഉണർവ് യഹൂദരിൽ ആഭ്യന്തര പരിഷ്ക്കരണവും ദേശീയ മുഖ്യധാരയോട് അടുക്കാനുള്ള പ്രവണതയും സംജാതമാക്കി.

ഏ. എം മുഹമ്മദ് സലീം

**പു**രാതന റോമാ സാമ്രാജ്യത്തിന്റെ തകർച്ച യുറോപ്പിൽ ഒരു രാഷ്ട്രീയ ശൂന്യത സൃഷ്ടിച്ചിരുന്നു. ആ ശൂന്യത നികത്തിക്കൊണ്ടാണ് യൂറോപ്പിൽ ക്രിസ്തുമതം ഒരു രാഷ്ട്രീയ ശക്തിയായി ഉയർന്നു വന്നത്. കോൺസ്റ്റന്റയിൻ ചക്രവർത്തി (എ.ഡി. 306-337) യുടെ ക്രിസ്തുമത സ്വീകരണത്തോടെയാണ് റോമാ സാമ്രാജ്യവും ക്രിസ്തുമതവുമായുള്ള ബാന്ധവം ആരംഭിക്കുന്നത്. തന്റെ തലസ്ഥാനം റോമിന്റെ കിഴക്ക് ഭാഗത്തുള്ള തുർക്കിയിലെ ബൈസാന്റിയം എന്ന പുരാതന ഗ്രീക്ക് നഗരിയിലേക്ക് അദ്ദേഹം മാറ്റി. തന്റെ പേരിന്റെ സ്മരണ നിലനിർത്താൻ കോൺസ്റ്റാന്റിനോപ്പിൾ എന്ന പേരു നൽകി. (കോൺസ്റ്റന്റയിന്റെ നഗരം എന്നർഥം-ഇന്നത്തെ ഇസ്താംബൂൾ) കോൺസ്റ്റാന്റിനോപ്പിൾ ആസ്ഥാനമായി കിഴക്കൻ റോമാ സാമ്രാജ്യവും അഥവാ ബൈസാന്റിയം സാമ്രാജ്യം എന്നും റോം ആസ്ഥാനമായി പടിഞ്ഞാറൻ റോമാസാമ്രാജ്യവും അങ്ങനെ നിലവിൽ വന്നു. റോമ സാമ്രാജ്യത്തിന്റെ ഔദ്യോഗികമതം ക്രിസ്തുമതമായി കോൺസ്റ്റന്റയിൻ ചക്രവർത്തി പ്രഖ്യാപിച്ചു.

പടിഞ്ഞാറൻ റോം ചക്രവർത്തിയുടെ നേരിട്ടുള്ള ഭരണത്തിലായിരുന്നില്ല. മൈത്രാന്മാരെയായിരുന്നു ചക്രവർത്തിക്ക് പകരം അവിടെ ഭരണം നടത്താൻ നിയമിച്ചത്. അവർക്ക് മജിസ്ട്രേറ്റിന്റെ അധികാരവും നൽകി. റോമ സാമ്രാജ്യത്തിലെ വൻ തോതിലുള്ള ക്രൈസ്തവ സമാജങ്ങളെ പാത്രിയാക്കീസുകൾ എന്നായിരുന്നു വിളിച്ചിരുന്നത്. അതിന്റെ മേധാവികളായിരുന്നു മൈത്രോ പോലീത്ത അഥവാ മൈത്രാൻ. റോം, അലക്സാണ്ട്രിയ അന്തിയോക്യാമുതലായ അക്കാലത്തെ പാത്രിയാക്കീസുകളായിരുന്നു. എല്ലാ പാത്രിയാക്കേറ്റുകളും തുല്യാധികാരങ്ങളുള്ള സ്വതന്ത്ര സ്ഥാപനങ്ങളായിരുന്നു. പിന്നീട് ക്രമേണ രാഷ്ട്രീയാധി കാരവും സാമ്പത്തിക ശേഷിയും കൈവരിച്ച് റോമൻ പാത്രിയാക്ക് റോമൻ ചക്രവർത്തിയുടെ സഹായത്തോടെ പോപ്പിന്റെ പദവിലേക്കുയരുകയായിരുന്നു. ഈ കാലഘട്ടത്തിൽ റോമാസാമ്രാജ്യത്തിന്റെ വടക്കേ അതിർത്തിക്കപ്പുറം അക്രമണ സ്വഭാവമുള്ള ഒരു ജനത വസിച്ചിരുന്നു. അപരിഷ്കൃതരായ ഇവർ ബാർബേറിയന്മാർ എന്നായിരുന്നു വിളിക്കപ്പെട്ടിരുന്നത്. ജർമാനിക്ക് വംശജരായ ബാർബേറിയന്മാർ റോമിനേയും ഇറ്റലിയേയും ഇടക്കിടെ ആക്രമിച്ചു കൊണ്ടിരുന്നു. പിന്നീട് ഇസ്ലാമിന്റെ അപ്രതിരോധ്യമായ ശക്തിക്ക് മുമ്പിൽ വിറങ്ങലിച്ചു നിന്ന കിഴക്കൻ റോമാ സാമ്രാജ്യത്തിന് പടിഞ്ഞാറൻ റോമിനെ ശ്രദ്ധിക്കാനായില്ല. ഈ സാഹചര്യങ്ങളെല്ലാം ഉപയോഗപ്പെടുത്തിയാണ് റോമിലെ ക്രിസ്തുസഭ വമ്പിച്ച ഒരു രാഷ്ട്രീയ ശക്തിയായി യൂറോപ്പിൽ ഉദയം കൊണ്ടത്. തന്ത്രശാലിയും ബുദ്ധിമാനുമായിരുന്ന ഗ്രിഗറി ഒന്നാമൻ (590-604) മാർപാപ്പ ബാർബേറിയൻ വർഗക്കാരായ ലെംബാർഡുകളെ (Lombards) സന്ധി സംഭാഷണങ്ങളിലൂടെ അനുനയിപ്പിച്ച് സമാധാനം സ്ഥാപിച്ചതോടെ മാർപാപ്പയുടെ നേതൃത്വം ഇറ്റലിയിലെ രാഷ്ട്രീയ മണ്ഡലം അംഗീകരിക്കുകയും പേപ്പൽ ഭരണത്തിന് അടിസ്ഥാനമിടുകയും ചെയ്തു.

എട്ടാം നൂറ്റാണ്ടിൽ പോപ്പ് ലിയോ മൂന്നാമന്റെ കാലത്ത് പോപ്പിന്റെ ശത്രുക്കളായ ലെംബാർഡ് രാജാക്കന്മാർ അദ്ദേഹത്തെ റോമിൽ നിന്ന് പുറത്താക്കുകയുണ്ടായി. ലിയോ മൂന്നാമൻ വിശുദ്ധ പത്രോസിന്റെ പേരിൽ നടത്തിയ അഭ്യർഥനമാനിച്ച് യൂറോപ്യൻ ചരിത്രത്തിലെ വിഖ്യാതനായ ഫ്രാങ്കിഷ് സാമ്രാട്ട് ചാർലമെയിൻ (766-814) ഇറ്റലിയിൽ ഇടപെട്ടു. ഇറ്റലിയിലെ അരാജകത്വം അവസാനിപ്പിച്ചു പോപ്പിനെ തിരികെ റോമൻ സിംഹാസനത്തിൽ പുനപ്രതിഷ്ഠിച്ചു. യൂറോപ്പിലെ മുഴുവൻ രാജ്യങ്ങളെയും ഏകീകരിച്ചു. യൂറോപ്പിനെയാകെ ഉൾക്കൊള്ളുന്ന ഒരു സാമ്രാജ്യ മാക്കി മാറ്റാൻ കഴിഞ്ഞ ശക്തനായ ഭരണാധികാരിയായിരുന്നു ചാർലമെയിൻ. മാർപാപ്പയുടെ സിംഹാസനം വീണ്ടെടുത്തതിന് പ്രത്യുപകാരമായി അതുല്യ വ്യക്തിപ്രഭാവ മുണ്ടായിരുന്ന ചാർലമെയിൻ എ. ഡി. 800-മാണ്ടിൽ ഇറ്റലിയിലെ ഒരു പള്ളിയിൽ മുട്ടുകുത്തി പ്രാർഥിച്ചുകൊണ്ടിരിക്കവേ പോപ്പ് ലിയോ അദ്ദേഹത്തിന്റെ ശിരസ്സിൽ യാതൊരു മുന്നറിയിപ്പുമില്ലാതെ കിരീടമണിയിച്ചു അനുഗ്രഹിക്കുകയും വിശുദ്ധ റോമാ സാമ്രാജ്യത്തിന്റെ സാമ്രാട്ടായി അദ്ദേഹത്തെ പ്രഖ്യാപിക്കുകയും ചെയ്തു. അങ്ങനെ ചരിത്രത്തിന്റെ വിസ്മൃതിയിലേക്ക് മറഞ്ഞു



ചാർലമെയിൻ

പോയിരുന്ന യൂറോപ്പിലെ പുരാതന റോമാ സാമ്രാജ്യത്തെ വിശുദ്ധ റോമാ സാമ്രാജ്യത്തിലൂടെ പുനസ്ഥാപി ക്കാൻ ക്രിസ്തു സഭക്ക് കഴിഞ്ഞു. ഭരണ നിപുണനും ശക്തനും സഹൃദയനു മായിരുന്ന ചാർലമെയിൻ യഹൂദിക ളോട് വളരെ ഉദാരമായിട്ടാണ് പെരുമാറി യിരുന്നത് എന്നത് പ്രത്യേകം സ്മരണീ യമാണ്. യൂറോപ്പിൽ ആട്ടിയകറ്റിയ യഹൂദികളെ അദ്ദേഹം തന്റെ സാമ്രാജ്യ ത്തിലേക്ക് ക്ഷണിച്ചു വരുത്തി കുടിയി രുത്തുകയുണ്ടായി. തന്റെ വ്യക്തി പരമായ സ്വഭാവവിശേഷത്തിന്റെ ഭാഗമായി എല്ലാവരോടും ഔദാര്യത്തോ ടെപെരുമാറിയ ചാർലമെയിൻ യഹൂദിക ളോടും വളരെ മാന്യതയാണ് പെരു മാറിയത്. യഹൂദ വിരോധം ക്രിസ്ത്യാനി കളുടെ ജനിതക ഘടനയിൽ മുദ്രിതമായ ഒരു സാമുഹ്യ പ്രതിഭാസമായിരുന്നു. ചാർലമെയിനു ശേഷം യഹൂദ പീഡനം നിർബാധം തുടർന്നു. വിശുദ്ധ റോമാ സാമ്രാജ്യം എന്ന പദവി ക്രിസ്തു സഭ യുടെ ദാനം എന്ന നിലക്ക് മതപരമായ ഒരു പരിവേഷത്തിലാണ് നിലവിൽ വന്നത്. ഫ്രാൻസ് ആസ്ഥാനമായ ചാർലമെയി നിന്റെ വിശാലമായ വിശുദ്ധ റോമാ സാമ്രാജ്യം പിന്നീട് ഛിന്നഭിന്ന മായെങ്കിലും ക്രിസ്തു സഭയിൽ നിന്നും ലഭിച്ച ദാനം എന്ന നിലക്ക് പിന്നീടുണ്ടായ രാജ്യങ്ങളെല്ലാം ക്രിസ്തുസഭക്ക് വിധേയമായിട്ടായി രുന്നു ഭരണം നടത്തിയത്. കത്തോലി ക്കാ സഭക്കെതിരെ കലാപം അഴിച്ചുവിട്ട മാർട്ടിൻ ലൂതറുടെ സിദ്ധാന്തങ്ങൾ കത്തോലിക്കരുടേതിനേക്കാൾ പിന്തിരി പ്പനും യാഥാസ്ഥിതിക വുമായിരുന്നു. യഹൂദരോടുള്ള ലൂഥറൻ മനോഭാവം ഒട്ടും അയവുള്ളതായിരുന്നില്ല. ചാർല മെയിനു ശേഷം ആയിരത്തിലധികം വർഷം രാഷ്ട്രീയ രംഗത്ത് ക്രിസ്തു മതത്തിന്റെ സ്വാധീനം തുടർന്നു. 800-ാമാണ്ടിൽ ചാർലമെയി നിലൂടെ ക്രിസ്തു സഭതുടക്കം കുറിച്ച വിശുദ്ധ റോമാ സാമ്രാജ്യം ഫ്രാൻസിലെ നെപ്പോളിയൻ ബോണോപ്പാട്ടിലൂടെ യാണ് 1806 ൽ അവസാനിച്ചത്. മതാധിഷ്ഠിത മായ യറോപ്പിന്റെ ഈ പശ്ചാത്തലത്തി ലാണ് യഹൂദന്മാരുടെ പീഡനങ്ങൾക്ക് വേദിയായത്. മദ്ധ്യ കാലഘട്ടത്തിൽ പൗരത്വവും ഭരണകൂ ടവും തമ്മിലുള്ള ബന്ധം നിർണയിച്ചത് ക്രിസ്തുമതത്തിന്റെയടിസ്ഥാനത്തിലാ യിരുന്നു.

**നവോത്ഥാനം**

വിശുദ്ധ റോമാ സാമ്രാജ്യം നില വിൽ വന്നതിന് ശേഷം യൂറോപ്പിലെ രാജ്യങ്ങളുടെ അധികാരത്തെ സംബ ന്ധിച്ച തർക്കം ഉയർന്നുവന്നു. ക്രിസ്തു സഭയുടെ പൗരോഹിത്യം ഒരു ഭാഗത്തും രാജാധിപത്യം മറുഭാഗത്തു നിന്നും അധികാരത്തിന് വേണ്ടി വടംവലി നടത്തി. ആത്മാവ് ശരീര ത്തേക്കാൾ ശ്രേഷ്ഠമായതിനാൽ പൗരോഹി ത്യമാണ് രാജത്വത്തേക്കാൾ ശ്രേഷ്ഠതര മെന്ന വാദം ക്രിസ്തു സഭ ഉയർത്തി. മദ്ധ്യകാലഘട്ട ത്തിലുടനീളം ക്രിസ്തു സഭരാജധി കാരത്തേക്കാൾ മേൽകൈ നേടി. യൂറോപ്യൻ രാജ്യങ്ങളിൽ സഭയുടെ അധികാര പരിധിയിൽ പലവിധത്തിലുള്ള നിയമങ്ങളും ഉൾപ്പെട്ടിരുന്നു. പരമാധികാരി പല പ്പോഴും സഭ തന്നെയായിരുന്നു. ജനങ്ങ ളുടെ മനോഭാവവും സഭക്ക് വിധേയ പ്പെട്ടു കൊണ്ടുള്ളതായിരുന്നു. അങ്ങനെ മനുഷ്യ സ്വാതന്ത്ര്യത്തേയും ബുദ്ധിപര മായ പ്രവർത്തനത്തേയും കെട്ടിവരി ഞ്ഞു അടക്കി ഭരിച്ച സഭ സാധാരണ മനുഷ്യരുടെയും പ്രത്യേകിച്ച് യഹൂദിക ളുടെയും സ്വാതന്ത്ര്യത്തിന്റെ ഏറ്റവും വലിയ അന്തകരായി മാറി.

ക്രിസ്തു മത മേധാവിത്വം കൊണ്ട് പൊറുതിമുട്ടിയ യൂറോപ്പിലെ സാധാര ണക്കാർ തത്വ ജ്ഞാനികളുടെയും സാംസ്ക്കാരിക നേതാക്കന്മാരുടെയും നേതൃത്വത്തിൽ മനുഷ്യത്ത്വത്തി ന്റെയും ധൈഷണിക പ്രബുദ്ധതയുടെയും പ്രചോദനത്താൽ നടത്തിയ സാമൂഹിക മായ ഉത്ഥാനമായിരുന്നു നവോത്ഥാനം ക്രിസ്തുമതത്തിനെതിരെ സെക്കുലറി സത്തിന്റെയും വിജയമായിരുന്നു അത്. ശാസ്ത്രീയ ചിന്ത, ശാസ്ത്രീയമായ കണ്ടു പിടുത്തങ്ങൾ, പുതിയ രാജ്യങ്ങൾ കണ്ടെത്താനുള്ള സമുദ്ര പര്യവേഷ ണങ്ങൾ, പുതിയ ചിന്താധാരകളുടെ ആവിഷ്ക്കാരങ്ങൾ, പ്രൊട്ടസ്റ്റന്റിസ ത്തിൽ കലാശിച്ച മതനവീകരണ പ്രസ്ഥാനം (Reforamation Movement) കത്തോലിക്കാ സഭയിൽ തന്നെയുണ്ടായ പ്രതിനവീകരണം (Counter Reformation) എന്നിവ യെല്ലാം നവോത്ഥാനത്തിന് ആക്കം കൂട്ടി.. അവസാനം അമേരിക്കൻ വിപ്ലവം, ഫ്രഞ്ച് വിപ്ലവം മുതലായ മഹാ വിപ്ലവങ്ങളിൽ നവോത്ഥാനം എത്തി ച്ചേർന്നു. ക്രിസ്തുമതത്തിന്റെയടിസ്ഥാ നത്തിൽ കെട്ടിപ്പടുത്ത യൂറോപ്യൻ സാമൂഹിക സംവിധാനം ആകെ തകിടം മറിഞ്ഞു. ക്രിസ്തുമതത്തിന് പകരം യൂറോപ്പിലെ വിവിധ ജനവർഗങ്ങൾ തങ്ങളുടെ ദേശീയതയുടെ അടിസ്ഥാന ത്തിൽ പുനസംഘടിക്കാൻ ആരംഭിക്കു കയും അതിന്റെ അടിസ്ഥാനത്തിൽ ദേശരാഷ്ട്രങ്ങൾ ആവിർഭവിക്കുകയും ചെയ്തു. മതത്തിന് പകരം ദേശീയത സമൂഹത്തിന്റെ നൈതികതയും രാഷ്ട്ര ത്തിന്റെ ധാർമികതയുമായി മാറി. രാഷ്ട്രീയ ഘടന ദേശീയരാഷ്ട്ര ങ്ങൾക്ക് വഴിമാറി. സഭയും സമൂഹവും എന്നതിന് പകരം മതപരമായ പരിഗണ നകളില്ലാത്ത പൗരനും രാഷ്ട്രവും എന്ന രീതിയിൽ അത് തിരുത്തിയെഴുതപ്പെട്ടു. മതാധി ഷ്ഠിതമായിരുന്ന യൂറോപ്പ് ക്രിസ്തുമതത്തെ തൂത്തെറിഞ്ഞു കൊണ്ട്സെക്കുലറിസത്തിലേക്കും ദേശീയതയിലേക്കും കുതിച്ചു. വ്യക്തി യും സമൂഹവും തമ്മിലുള്ള സാമൂഹിക കരാറിന്റെയടി സ്ഥാനത്തിലാണ് പൗര ത്വം നിർണയിക്കപ്പെടുന്നത് എന്ന രാഷ്ട്രീയ ദർശനം യൂറോപ്യൻ സമൂഹ ത്തിൽ വേരോടി. ജീൻ ജാക്വിസ് റൂസ്സോയുടെ സാമൂഹ്യക്കരാർ (Social Contract) എന്ന ഗ്രന്ഥം യൂറോപ്പിന്റെ വേദപുസ്ത കമായി മാറി. ഈ മതപരമായ പൊളിച്ചെഴുത്തിന്റെയും തകിടം മറിച്ചിലിന്റെയു മെല്ലാം ഏറ്റവും വലിയ ഗുണഭോക്താക്കൾ യഹൂദി കളായി രുന്നു ക്രിസ്തു മതത്തിന്റെ സ്വാധീനം യൂറോപ്പിലെ സാമൂഹിക ഭൂമികയിൽ നിന്നും മാഞ്ഞു പോകുന്നത് ഏറ്റവും ആശ്വാസകരമായി ഭവിച്ചത് യഹൂദികൾ ക്കായിരുന്നു. നവോത്ഥാന കാലത്തും അതിന് ശേഷവുമുണ്ടായ മതേതര സാമൂഹ്യ ദർശനങ്ങൾക്കെല്ലാം യഹൂദ പണ്ഡിതന്മാർ അനൽപ്പമായ സംഭാവനകളാണ് നൽകിയത്. നവ ത്ഥാനത്തിനിടെ വളർന്നുവന്ന സെക്കുല റിസ്റ്റ് ചിന്തകളുടെ വളർച്ച യഹൂദരുടെ അതി ജീവനത്തിന്റെ പ്രശ്നം കൂടിയാ യിരുന്നു.

**ഹസ്ക്കലാത്ത്**

നവോത്ഥാനത്തിന് സമാന്തരമായി



മോസസ്സ് മെൻൽ സോഹൻ



സ്പിനോസ

യൂറോപ്പിലെ യഹൂദ സമുദായത്തിലും ഉണർവിന്റെയും ഉയിർത്തെഴുന്നേൽപ്പിന്റെയും ചലനങ്ങളുണ്ടായി . ഇതിനെയാണ് '***ഹസ്ക്കലാത്ത്***' എന്ന് പറയുന്നത്. 'ജ്ഞാനപരമായ പ്രബുദ്ധത' എന്നാണ് ഈ ഹിബ്രു പദത്തിന്റെ അർഥം. യൂറോപ്പിൽ ഗട്ടോ എന്നറിയപ്പെടുന്ന അത്യന്തം വൃത്തിഹീനവും യാഥാസ്ഥി തികവുമായ കോളനികളിലായിരുന്നു യഹൂദർ ഒറ്റപ്പെട്ടു താമസിച്ചിരുന്നത്. മറ്റേതൊരു സമുദായത്തെക്കാളും പൗരോഹിത്യവും തൽമുദിസ്റ്റ് മൗലിക വാദവും യാഥാസ്ഥി തികത്വവും യഹൂദ സമുദായത്തെ അടക്കി വാണിരുന്ന മദ്ധ്യകാലത്ത് ഹിബ്രുവും ബൈബിളു മല്ലാതെ യൂറോപ്പിലെ യഹൂദികൾ മറ്റൊന്നും പഠിക്കാൻ കൂട്ടാക്കിയില്ല. യൂറോപ്പിലെ ഒരു രാജ്യത്തും അവർ മുഖ്യ ധാരയിലേക്ക് വന്നില്ല. ഉൾവലിഞ്ഞ് അന്തർമുഖരും വംശാഭിമാനികളുമായിക്കഴിഞ്ഞിരുന്ന യഹൂദികൾ പിന്നോക്കാവസ്ഥയിലായിരുന്നു. പിന്നീട് യൂറോപ്യൻ നവോത്ഥാനത്തിന്റെ കിരണങ്ങൾ മെല്ലെ യഹൂദികളിലേക്ക് അരിച്ചിറങ്ങി. അതായിരുന്നു ഹസ്ക്കലാത്ത്. ജർമനിയിലായിരുന്നു ഹസ്ക്കലാത്ത് ആദ്യം പുഷ്ക്കലമായത്. യഹൂദികൾക്ക് മതപരമായ യാഥാസ്ഥി തികത്വത്തിൽ നിന്നും നവോത്ഥാനം മുഖേന സംജാതമായ പുതിയ സാമൂഹി കാവസ്ഥയെ സ്വാംശീകരിക്കാനും ഹസ്ക്കലാത്ത് സഹായകമായി. ഇതാണ് പിന്നീട് യഹൂദികളുടെ രാഷ്ട്രീയ വിമോചനത്തി (Emancipation)ലേക്ക് നയിച്ചത്. വിശ്വസാഹിത്യത്തിൽ മഹത്തായ സംഭാവനകളർപ്പിച്ച തത്ത്വശാ സ്ത്രജ്ഞനും യഹൂദ യാഥാസ്ഥിതി കത്വത്തിനെതിരെ ആഞ്ഞടിച്ച വിഗ്രഹ ഭഞ്ജകനുമായ ഡച്ച് തത്ത്വജ്ഞാനി ബറൂച് സ്പിനോസ (Barukh Spinoza 1632-1677) യഹൂദ നവോത്ഥാനത്തിന്റെ പ്രാതസ്മരണീയനാണ്. യൂറോപ്പിൽ സെക്കുലറിസ്റ്റ് ആശയങ്ങൾക്ക് പ്രചാരം നൽകാൻ സ്പിനോസയുടെ യുക്തിവാദത്തിലും മനുഷ്യത്വത്തിലു മധിഷ്ഠിതമായ ചിന്തകൾക്ക് വലിയ പങ്കുണ്ട്. യഹൂദമതത്തിന് ആധുനികതയുടെ വെളിച്ചം പകരാൻ ഇത് സഹായകരമായി. യഹൂദ സമുദായത്തെയൂറോപ്പിലെ പൊതു സമൂഹവുമായി കൂട്ടിയിണക്കാൻ പ്രയത്നിച്ച മറ്റൊരു യഹൂദ പരിഷ്ക്കർത്താവായിരുന്നു ജർമൻ കാരനായിരുന്ന മോസസ്സ് മെന്റൽ സോഹൻ (Moses Mental Sohen). സ്പിനോസയിൽ നിന്നും വിഭിന്നമായി ജൂതമതത്തിൽ അഭിമാനം കൊണ്ട ഇദ്ദേഹം തികച്ചും മതപരമായ പരിധിയിൽ നിന്നുകൊണ്ടു തന്നെ യഹൂദരിൽ ആധുനികതയുടെ ചൈതന്യം പകരാൻ കഴിവതും ശ്രമിച്ചു. ആധുനിക ജൂതൻ (Modern Jew) എന്നറിയപ്പെടുന്ന മെൻഡൽ സോഹൻ മതേതരമായ സെക്കുലർ ആശയങ്ങളിൽ ആകൃഷ്ടനായിരുന്നു. പൊതു സമൂഹവു മായുള്ള യഹൂദികളുടെ കൂടിക്കലരൽ ജൂതമതത്തിന്റെ നിഷേധമല്ല എന്ന് യഹൂദ സമുദായത്തെ അദ്ദേഹം പഠിപ്പിച്ചു. ഹിബ്രുവിന് പകരം യിദ്ദിഷ് ഭാഷ പഠിപ്പിക്കുകയും ആധുനിക വിഷയങ്ങളും ശാസ്ത്രവും പഠിക്കാൻ യഹൂദരെ ആഹ്വാനം ചെയ്യുകയും ചെയ്തു. ജർമനിയിലെ വിശ്വ പ്രസിദ്ധ ഫിലോസഫർ ഇമ്മാനുവൽ കാന്റ് മെന്റൽ സോഹന്റെ സുഹൃത്തായിരുന്നു. സോഹന്റെ സുഹൃത്തുക്കളും ചിന്താലോകത്തെ സെക്കുലർ നേതാക്കളുമായ ക്രിസ്ത്യാനികൾ യഹൂദ പീഡനങ്ങളും മതാധിപത്യവും അവസാ നിപ്പിക്കാൻ ആഹ്വാനം ചെയ്തവരായിരുന്നു. യൂറോപ്യൻ നവോത്ഥാനത്തിന് സമാന്തരമായി ഉടലെടുത്ത ജൂതന്മാരുടെ ഹസ്ക്കലാത്ത് ഖുർആൻ വിവരിച്ച ജനങ്ങളുമായുള്ള കരാറിന്റെ അടിസ്ഥാനത്തിലുള്ള യഹൂദ വിമോചനത്തിന് നാന്ദികുറിച്ചു.( തുടരും)


*Reference:*

1.Jews God and History- Max -I. Dimont, 2. Religious Encyclopeadia under the title of 'Jewish thought and Philosophy', 3 Story of Civilisation - Will Durant, 4 History of Political Theories -William Archibald Dunning. vol 1, 5 പേപ്പസി: ചരിത്ര പരമായ പഠനം, ജോസഫ് പുലിക്കന്നേൽ,7 വിശുദ്ധ ബൈബിൾ, 8 വിശുദ്ധ ഖുർആൻ

9 ലോക ചരിത്രം: പ്രൊഫ: ശ്രീധരൻ, കെ.പി ദേവദാസ്.


## ചരിത്ര പഠനം വിശുദ്ധ ഖുർആനിൽ

ഇവർ ഭൂമിയിൽ സഞ്ചരിച്ചിട്ടില്ലേ?. എങ്കിൽ ഇവർക്കു മുമ്പുണ്ടായിരുന്നവരുടെ അന്ത്യം എങ്ങനെയായിരുന്നുവെന്ന് ഇവർക്ക് നോക്കിക്കാണാമായിരുന്നു. അവർ ശക്തിയിലും ഭൂമിയിൽ അവർ വിട്ടുപോയ അടയാളങ്ങളിലും ഇവരേക്കാൾ പ്രബലരായിരുന്നു. പക്ഷേ, അവരുടെ പാപങ്ങൾ നിമിത്തം അല്ലാഹു അവരെ പിടികൂടി. എന്നാൽ അല്ലാഹുവിനെതിരിൽ അവർക്കൊരു രക്ഷകനുമുണ്ടായിരുന്നില്ല.

(വി.ഖു. 40:22)

# വിചിന്തനം

എച്ച്. എസ് കാവശ്ശേരി

വിദ്വേഷം വിട്ടൽപ്പം ചിന്തിച്ചുനോക്കുവിൻ
വിദ്വജ്ജനങ്ങളെ തെല്ലുനേരം
അന്തിമ വേദ സൂക്തങ്ങളിലാകവേ
അന്തർഭവിച്ചുള്ള ജ്ഞാന സാരം

കാലാന്ത്യത്തോളവും സന്മാർഗ ദർശന
കാരണമാകുമപ്പുണ്യഗ്രന്ഥം
പൂർവ പ്രവാചക വൃത്താന്തമാവർത്തി-
ച്ചാവർത്തിച്ചോതുവാനെന്തു ബന്ധം!

സത്യത്തിൻ പാതയിൽ സഞ്ചരിച്ചിടേണം
സംപ്രീത ദാസരിലുൾപ്പെടണം
സത്യവിരോധികളാപതിച്ചുള്ള വൻ
ഗർത്തത്തിൽ വീഴാതെ സൂക്ഷിക്കേണം

പാഠമിതേകുവാനല്ലെങ്കിലീ വിധം
പൂർവ കഥകൾക്കൊണ്ടെന്ത് കാര്യം?
വിദ്വേഷം വിട്ടൽപ്പം ചിന്തിച്ചു നോക്കുവിൻ
വിദ്വജ്ജനങ്ങളേ തെല്ലു നേരം

നൂറ്റാണ്ടു കാലമായ് മഹ്ദി തൻ സന്ദേശം
മാറ്റൊലിക്കൊള്ളുന്നു ഭൂവിലെങ്ങും
കേൾക്കാത്ത മട്ടിലിരിക്കുകിൽ ദൈവിക
കോപത്തിൽ നിന്നുണ്ടോ രക്ഷ പാരിൽ!

ഉത്തമ ഉമ്മത്തിന്നെത്തിയിരിക്കുന്ന
ദുസ്ഥിതിയെങ്ങിനെ ചൊല്ലിടുവാൻ
തിന്മയിൽ മുൻകടന്നേകുന്നു നാൾക്കുനാൾ
തമ്മിലടിച്ചു നശിച്ചിടുന്നു!

നായകനില്ല നയിക്കുവാനോരോരോ
നാശങ്ങൾ വേറെയും വന്നിടുന്നു
ആയുധ, മാൾബല, മർഥവുമുള്ളവ-
രീവിധമാകുവാനെന്തു കാര്യം?

സത്യനിഷേധമൊന്നല്ലാതീ ദുസ്ഥിതി-
ക്കുത്തരമെന്തുണ്ട് ചൊല്ലീടുവാൻ
വിദ്വേഷം വിട്ടൽപ്പം ചിന്തിച്ച് നോക്കുവീൻ
വിദ്വജ്ജനങ്ങളേ തെല്ലു നേരം

അന്തുമുല്ലഅ്  ലൗന ഇൻകുന്തും മുഅ്മിനീൻ (3:140)
ചിന്തിച്ചുണരേണം മീവചനം
ഈമാനിലേക്കു ക്ഷണിക്കുമൊരീദിവ്യ -
ദൂതനിൽ വിശ്വസമർപ്പിക്കേണം.

നാശത്തിൽ നിന്നു കരേറുവാനീ ദിവ്യ
പാശം മുറുകേ പിടിച്ചിടേണം.
വിദ്വേഷം വിട്ടുടൻ ചിന്തിച്ചുണരുവിൻ
വിദ്വജ്ജനങ്ങളെ സോദരരെ.

പേജ് 6 ൽ നിന്നും തുടർച്ച

നിന്ന് സുരക്ഷിതനായിരിക്കാൻ സാധ്യമല്ല. ഏതെങ്കിലും അവസരത്തിൽ ഈ മുല്ലാവർഗം ശാഖാപരമായ കാര്യത്തിൽ അമീറിന് തന്നെയും വിരോധം പുലർത്തി കൊണ്ട് അദ്ദേഹത്തെയും ഇസ്ലാമിക വൃത്തത്തിൽ നിന്ന് പുറത്താക്കിയെന്നും വരും. അദ്ദേഹത്തിന്റെ കാര്യത്തിലും കുഫ്ഫാറിനെ കുറിച്ചുള്ള ഫത്വ നടപ്പാക്കാൻ തുനിഞ്ഞേക്കുകയും ചെയ്യും. ആകയാൽ മുഅ്മിനിനേയും കാഫിറിനേയും പടച്ചു വിടുകയും അവരുടെ പേരിൽ ജിഹാദ് ഫത്വ പുറപ്പെടുവിക്കു കയും ചെയ്യുന്ന അവകാശാധികാര ങ്ങൾ ആരുടെ കൈയിലാണോ ആ ജനവിഭാഗം അമീർ അവർകൾക്കും വെറുതെ ഇരിക്കാൻ കഴിയാത്ത വിധം ആപൽക്കാരിയായ ഒരു ജനവിഭാഗമാകുന്നു. ഏതൊരു ഗവൺമെന്റിനും എതിരായ രാജ്യദ്രോഹ പ്രവർത്തനങ്ങളുടെയും വിപ്ലവങ്ങളുടെയും ഉറവിടങ്ങൾ ഇത്തരം ആൾക്കാർ തന്നെയാണെന്നതിൽ സംശയമേ ഇല്ല. സാമാന്യജനം ഇത്തരമാളുകളുടെ സ്വാധീനത്തിലാണുള്ളത്. അവരുടെ ഹൃദയങ്ങളെ പ്രവർത്തിപ്പിക്കുന്ന യന്ത്രഘടകം ഇവരുടെ കൈയിലാണുള്ളത്. അവർ ഇഷ്ടപ്പെടുന്ന ഭാഗത്തേക്ക് അവയെ തിരിച്ചു വിടാനും അങ്ങനെ ഒരു തരം ഖിയാമത്തിന്റെ കാഴ്ച്ചകൾ പെട്ടെന്ന് സൃഷ്ടിക്കാനും അവർക്ക് കഴിഞ്ഞേക്കും. ആകയാൽ സമാന്യ ജനത്തെ ഇവരുടെ പിടിയിൽ നിന്നും വിടുവിക്കുകയെന്നത് കുറ്റമോ പാപമോ അല്ല. വളരെ ശാന്തമായ മാർഗത്തിൽ അവർക്ക് ജിഹാദിന്റെ യാഥാർഥ്യം മനസ്സിലാക്കി കൊടുക്കുകയാണ് വേണ്ടത്. (ജിഹാദ്)

കുറിപ്പുകൾ

# പാകിസ്താൻ:
# ഘോരകൃത്യങ്ങളുടെ അധോലോകം



മുസാഫിർ

**ഇ**സ്‌ലാമിക ശരീഅത്തും ഇസ്‌ലാമിക ഭരണവും പാകിസ്താനിൽ ഉടൻ വരണമെന്ന് ശാഠ്യമുള്ളവരാണ് അവർ. ഇസ്‌ലാമല്ലാത്തതെല്ലാം അവർക്ക് പൈശാചികവും അസഹനീയവുമാണ്. ഇസ്‌ലാമിക രാഷ്ട്രത്തിൽ കുറഞ്ഞ മറ്റൊന്നുകൊണ്ടും അവർ തൃപ്തരല്ല. ഇസ്‌ലാമിന്റെ കുത്തക തങ്ങൾക്കാണെന്ന നാട്യത്തിൽ മസ്തിഷ്ക്കത്തിൽ ജിഹാദും കയ്യിൽ കലാനിഷ്ക്കോവുമായി സമൂഹത്തിൽ ഭീതി വിതക്കുന്ന ഒരു ഇസ്‌ലാമിക പരിവാര സംഘം പാകിസ്താനിലുണ്ട്. അത്തരത്തിൽ ഇസ്‌ലാമിക രാഷ്ട്രവാദി കുടുബത്തിലെ ഏറ്റവും തീവ്രവിഭാഗമാണ് തഹ്‌രീക്കെ താലിബാൻ പാകിസ്താൻ. അവരാണ് കഴിഞ്ഞ ഡിസംബർ 16-ാം തീയതി പെഷാവാറിൽ സൈനികരുടെ കുട്ടികൾ പഠിക്കുന്ന സ്കൂളിൽ ഇരച്ചു കയറി 5 മുതൽ 13 വയസ്സ് വരെ പ്രായമുള്ള 132 കുട്ടികളടക്കം 141 പേരെ നിഷ്ക്കരുണം വെടിവെച്ചു കൊന്നത്. ഇസ്‌ലാമിന്റെ പേരിൽ ചെയ്ത അതിഘോരമയ ഈ ഹീന കൃത്യം കണ്ട് ലോകം മുഴുവൻ വിറങ്ങലിച്ച് നിൽക്കുമ്പോൾ, പിഞ്ച് പൈതങ്ങളുടെ കൂട്ടക്കുരുതി നടത്തിയത് തങ്ങളാണെന്ന് തഹ്‌രീകെ താലീബാൻ അഭിമാനത്തോടെ അവകാശവാദമുന്നയിച്ചിരിക്കയാണ്. തലപ്പാവും താടിയും ധരിച്ച ഈ പിശാചിന്റെ മനുഷ്യക്കോലങ്ങൾ അധികാരം പിടിച്ചെടുത്ത് ഇസ്‌ലാമിക ഭരണം നടത്താൻ പേയിളകി ഇറങ്ങി തിരിച്ചവരാണ്. ഇസ്‌ലാമിനെ പറ്റി ഏറ്റവും ഉച്ചത്തിൽ സംസാരിക്കുന്നത് അവരായിരിക്കും. ലോകത്തെല്ലായിടത്തുമുള്ള മുസ്‌ലിം തീവ്രവാദികളുടെ സ്വഭാവമനുസരിച്ച്, തങ്ങളാണ് മറ്റെല്ലാവരെക്കാളും ഇസ്‌ലാമിനെ സ്നേഹിക്കുന്നവരും ഇസ്‌ലാമിന്റെ അധികൃത വക്താക്കളും എന്ന് വരുത്തിതീർക്കാൻ തീവ്രവാദം പറയുകയും പ്രവർത്തിക്കുകയും അസഹിഷ്ണുത പ്രകടിപ്പിക്കുകയും ചെയ്യുക എന്നത് തീവ്രവാദികളുടെ ഒരു പൊതു നയമാണ്. കാർക്കശ്യം നടിക്കുന്ന ഇക്കൂട്ടർ കാപട്യത്തിന്റെ അപ്പോസ്തലന്മാരാണ്. അന്യരോടുള്ള പകയും വിദ്വേഷവും കലർന്ന ഫാസിസ്റ്റ് മനോഘടനയുള്ള ഇക്കൂട്ടർക്ക് ഇസ്‌ലാമിന്റെ ഉന്നതമായ നീതിബോധം, സമാധാന വാഞ്ഛ മുതലായ ധാർമികമൂല്യങ്ങളുമായി യാതൊരു ബന്ധവുമില്ല. മിതത്വം പാലിക്കുന്നവരും യുക്തി പൂർവം സംസാരിക്കുന്നവരുമെല്ലാം, ഇസ്‌ലാമിനോട് കൂറ്കുറഞ്ഞവരും ഒറ്റുകാരായും ഇവർ ചിത്രീകരിച്ച് കളയും. മുസ്‌ലിം സമൂഹത്തിന്റെ നേതൃത്വം കയ്യിലെടുക്കാൻ ഭീതി വിതച്ച് സമൂഹത്തെ ചകിതരാക്കി ഈ കപട ശിരോമണികൾ നടത്തുന്ന തന്ത്രങ്ങൾ പാവം മുസ്‌ലിം പൊതു ജനത്തിന് എളുപ്പത്തിൽ തിരിച്ചറിയാൻ സാദ്ധ്യമല്ല. ലോകം മുഴുവൻ കാരുണ്യവുമായി വന്ന റസൂൽ തിരുമേനി(സ)യുടെ പാവനമായ ഇസ്‌ലാം മതത്തിന്റെ വക്താക്കളായാണ് ഈ നരാധമന്മാർ അറിയപ്പെടുന്നത് എന്നതാണ് ഏറെ ദുഃഖകരം.

പാകിസ്താൻ ഇന്ന് ഭീകരവാദി

കളുടെ പറുദീസയാണ്. പ്രത്യേകിച്ച് പാകിസ്താൻ അഫ്ഗാനിസ്ഥാൻ അതിർത്തിയിൽ സ്ഥിതിചെയ്യുന്ന കൈബർ പക്തൂൺ ഖവാ പ്രവിശ്യ. പാകിസ്താനിൽ മുഴുവനായും മറ്റു ദേശങ്ങളിലേക്കും ഭീകരതകയറ്റു മതി ചെയ്യുന്ന പ്രദേശമാണിത്. ലക്ഷ്ഷറെ ഒമർ, സിപ്പായെ സഹാബ, തഹ്രീകെ ജഫ്രിയ, തഹ്രികെ നഫാസെ ശരീയത്തെ മുഹമ്മദി, ലക്ഷ്ഷറെ ജംഗ്‌വി, സിപ്പായെ മുഹമ്മദ്, ജമാഅത്തുൽ ഫുഖ്റ, നദീം കമ്മാന്റോ, പോപ്പുലർ ഫ്രണ്ട് ഫോർ ആംഡ് റസിസ്റ്റൻസ്, മുസ്‌ലിം യുണൈറ്റഡ് ആർമി, ഹർഖത്തുൽ മുജാഹിദീൻ മുതലായ സംഘടനകളാണ് പാകിസ്താനെ കിടുകിടാ വിറപ്പിച്ചു കൊണ്ടിരിക്കുന്ന സുന്നികളുടെയും ശിയാക്കളുടെയും ഭീകര പ്രസ്ഥാനങ്ങൾ. ഈ ഇസ്‌ലാമിക തീവ്രവാദ പരിവാര സംഘടനകൾക്കെല്ലാം ശക്തമായ ദാർശനികാടിസ്ഥാനം നൽകുന്നത് ഇവരുടെയെല്ലാം മാതൃസംഘടനയെന്ന് വിശേഷിപ്പിക്കാവുന്ന ജമാഅത്തെ ഇസ്‌ലാമിയാണ്. തങ്ങളുടെ യഥാർഥ മുഖം മറച്ചു വെക്കാൻ അസാമാന്യമായ വിരുതുള്ള ജമാഅത്തെ ഇസ്‌ലാമി ഇപ്പറഞ്ഞ തീവ്രവാദി ഗ്രൂപ്പുകളോടെല്ലാം മൃദുസമീപനവുമായി പാകിസ്താനിലെ മുഖ്യധാരാ രാഷ്ട്രീയത്തിൽ രാഷ്ട്ര സേവനവുമായി മാന്യസ്ഥാനത്ത് കഴിയുകയാണ്.

പാകിസ്താനിലെ താലീബാനികളെ അക്രമിക്കുന്ന പാകിസ്താൻ പട്ടാളത്തിനും അമേരിക്കക്കും നാറ്റോ സഖ്യത്തിനുമുള്ള തിരിച്ചടിയാണ് പെഷവാറിലെ നിരപരാധികളും നിഷ്ക്കളങ്കരുമായ മുസ്‌ലിം കുട്ടികളെ വധിച്ചു കൊണ്ട് തങ്ങൾ നൽകുന്നത് എന്ന താലീബാൻ ജിഹാദികളുടെ ന്യായം മുല്ലമാർക്ക് മാത്രം ദഹിക്കുന്ന യുക്തിശാസ്ത്രമാണ്. അക്രമിക്കുന്നവരോട് ചെയ്യുന്ന പ്രത്യാക്രമണം അവരോട് തന്നെയായിരിക്കണം. പകരം അങ്ങേയറ്റം നിസ്സഹായരായ കുരുന്നുകളെ വധിച്ച് പ്രതികാരം തീർക്കുന്നത് കാട്ടാളത്തമാണ്. നീയല്ലെങ്കിൽ നിന്റെ മുത്തഛൻ പണ്ട് കുളം കലക്കിയിരുന്നു എന്ന് പറഞ്ഞ് ആട്ടിൻകുട്ടിയെ കൊന്നുതിന്ന കഥയിലെ ചെന്നായയുടെ ന്യായവാദമാണിത്. ജിഹാദ് സിദ്ധാന്തത്തെയും ഇസ്‌ലാമിന്റെ പേരിൽ നടത്തുന്ന ആക്രമണങ്ങളെയും പാകിസ് താനിൽ പൂർണമായും അപലപിക്കപ്പെടുന്നില്ല. പകരം അമേരിക്കയുടെ പയലറ്റില്ലാ വിമാനങ്ങളുടെ ആക്രമണത്തിനോടുള്ള സ്വഭാവിക പ്രതികരണമാണ് ഇതെന്നാണ് പാകിസ്താനിലെ മതഭരണത്തെ ഉപാസിക്കുന്ന ആളുകളുടെ നിലപാട്. ഇസ്‌ലാമിക ഭരണം നടത്താൻ ഇറങ്ങി പുറപ്പെട്ട താലിബാനികളുടെ ഇത്തരം വിശുദ്ധ കർമങ്ങൾ കണ്ട് സമൂഹം തങ്ങളെ ഭരിക്കാനുള്ള സമസ്താവകാശങ്ങളും മുല്ലമാർക്ക് അടിയറവെച്ച് ഞങ്ങൾക്ക് ഇസ്‌ലാമിക ഭരണം മതിയെന്ന് പറയും എന്നാണോ ഇവർ പ്രതീക്ഷിക്കുന്നത്?!!

പാകിസ്താനിൽ ഭീകരതയുടെ പരമ്പരകൾ സൃഷ്ടിക്കുന്ന തഹ്രീകെ താലീബാൻ പാകിസ്താന്റെ അസ്തിത്വം തന്നെ അപകടത്തിലാക്കുന്ന മഹാവിപത്തായി മാറിയിരിക്കുകയാണ്. താലീബാൻ എന്ന വിദ്യാർഥി സംഘടനയുടെ പിറവി അഫ്ഘാനിസ്ഥാനിലാണ് നടന്നത്. വിദ്യാർഥി എന്ന അർഥമുള്ള 'ത്വാലിബ്'എന്ന അറബി വാക്കിൽ നിന്നുമാണ് ത്വാലിബാൻ(താലിബാൻ) എന്ന പദം ഉരുത്തിരിഞ്ഞത്. പക്ഷേ ആധുനിക വിദ്യാഭ്യാസത്തിന്റെയും പ്രത്യേകിച്ച് സ്ത്രീ വിദ്യാഭ്യാസത്തിന്റെ എതിർ വാക്കായാണ് താലിബാൻ എന്ന വിദ്യാർഥി സംഘടന അറിയപ്പെടുന്നത്. 1979ൽ സോവ്യറ്റ് യൂണിയന്റെ കമ്യൂണിസ്റ്റ് ചെമ്പട അഫ്ഗാനിസ്ഥാനിൽ പ്രവേശിക്കുകയുണ്ടായി. അതിന് ശേഷം അഫ്ഘാനിസ്ഥാനിൽ നിന്നും അഭയാർഥികളായി പാകിസ്താനിലെത്തിയ പഷ്തൂൺ ഭാഷ സംസാരിക്കുന്ന യുവാക്കൾക്ക് അമേരിക്കയുടെ നേതൃത്വത്തിൽ പാകിസ്താനിലെ പട്ടാള സ്വേച്ഛാധിപതി സിയാഉൽ ഹക്കും ജമാഅത്തെ ഇസ്‌ലാമിയടക്കം പാകിസ്താനിലെ ജിഹാദിൽ വിശ്വസിക്കുന്ന വിവിധ തീവ്രവാദി സംഘടനകളും സൈനിക പരിശീലനവും മതവിദ്യാഭ്യാസവും നൽകിയാണ് അഫ്ഗാൻ ജിഹാദിന് സജ്ജമാക്കിയത്. 1990 കളിൽ സോവ്യറ്റ് ചെമ്പട അഫ്ഗാനിസ്ഥാനിൽ നിന്ന് പിൻവാങ്ങുകയും ഭരണമേറ്റെടുത്ത ജിഹാദി ഗ്രൂപ്പുകൾ പരസ്പരം അതിഘോരമായ ജിഹാദ് ആരംഭിക്കുകയും ചെയ്ത പശ്ചാത്തലത്തിൽ 1991 ൽ മുല്ലാ ഉമറിന്റെ നേതൃത്വത്തിലാണ് താലിബാൻ ഒരു സംഘടനയായി രൂപീകരിക്കപ്പെട്ടത്. അന്ന് അതൊരു ചെറിയ പോരാട്ട സംഘം മാത്രമായിരുന്നു. 1994 കളിലാണ് പാകിസ്താനിൻ നിന്ന് സൈനിക പരിശീലനം ലഭിച്ച ഈ മത പാഠശാലയിലെ ആയിരക്കണക്കിന് വിദ്യാർഥികൾ ചേർന്ന് താലീബാൻ എന്ന ഒരു മത സൈനിക രാഷ്ട്രീയ ശക്തിയായി രംഗ പ്രവേശം ചെയ്യുന്നത്. 1996 മുതൽ 2001 വരെ അഫ്ഗാനിസ്ഥാനിൽ അവർ ഭരണം നടത്തുകയും ചെയ്തു. താലിബാൻ ഭരണത്തെ പാകിസ്താൻ, സഊദി അറേബ്യ, യു. എ. ഇ. എന്നീ മൂന്ന് രാജ്യങ്ങൾ മാത്രമായിരുന്നു അംഗീകരിച്ചത്. കൂട്ടക്കൊലകൾ, കടുത്ത സ്ത്രീ വിരുദ്ധത, കർശനവും തീവ്രവുമായി വ്യാഖ്യാനിക്കുകയും നടപ്പാക്കുകയും ചെയ്യുന്ന ശരീഅത്ത് ശിക്ഷാ നിയമങ്ങൾ, അന്യസംസ്കാരങ്ങളോടും മതങ്ങളോടുമുള്ള അസഹിഷ്ണുത, അന്യ സംസ്കാരിക ചിഹ്നങ്ങൾ തകർക്കൽ മുതലായ വിധ്വംസനാത്മകവും മനുഷ്യത്വര ഹിതവു മായ ഫാസിസ്റ്റ് പ്രവണതകൾ ഇസ്‌ലാമിക പരിപാടിയായി അവതരിപ്പിച്ച താലിബാനെ ലോക സമൂഹം വെറുക്കാൻ തുടങ്ങി. ഐക്യ രാഷ്ട്ര സഭ 2001-ൽ താലിബാൻ ഭരണത്തിനെതിരെ ആരോപിച്ച മനുഷ്യാവകാശ ലംഘന റിപ്പോർട്ടിൽ 15 ഓളം ആസൂത്രിത കൂട്ട മനുഷ്യക്കുരുതികൾ അവർ നടത്തിയിട്ടുണ്ട് എന്ന് തെളിവ് സഹിതം ആരോപിക്കുന്നുണ്ട്.

താലിബാന്റെ പാകിസ്താൻ പതിപ്പാണ് തഹ്രിക്കെ താലിബാൻ പാകിസ്താൻ. ക്രൂരതയിലും കാർക്ക

ശ്യത്തിലും അഫ്ഗാനിസ്ഥാൻ താലിബാനെ കടത്തി വെട്ടുന്നവരാണ് അവർ. താലിബാൻ സ്ഥാപകൻ മുല്ലാഉമറിനെയാണ് പാകിസ്താൻ താലിബാനും ആചാര്യനായി ഗണിക്കുന്നത്. അഫ്ഗാൻ താലിബാന് പാകിസ്താൻ താലിബാനുമായി നേരിട്ട് ബന്ധമൊന്നുമില്ല. 2007 ഡിസംബറിൽ പാകിസ്താനിലെ 13 തീവ്രവാദ ഗ്രൂപ്പുകൾ ബൈത്തുല്ലാ മസ്ഊദ് എന്ന ഭീകരവാദിയുടെ കീഴിൽ ഒത്തുകൂടിയാണ് തഹ്‌രീകെ താലിബാൻ പാകിസ്താൻ എന്ന കൂട്ടായ്മ രൂപീകരിച്ചത്. പാകിസ്താനിലെ നാല് പ്രവിശ്യകളിലൊന്നും അഫ്ഗാനിസ്ഥാൻ അതിർത്തിയോട് ചേർന്ന് നിൽക്കുന്നതുമായ ഖൈബർ പക്ത്തൂൺ ഖവാ എന്ന് ഇപ്പോൾ അറിയപ്പെടുന്ന പഴയ വടക്ക് പടിഞ്ഞാറൻ അതിർത്തി സംസ്ഥാനത്തിലെ സ്വയം ഭരണ ഗോത്ര മേഖലയിലാണ് (Federally Administered Tribal Areas (FATA) പാകിസ്താൻ താലിബാന്റെ പ്രവർത്തന കേന്ദ്രം. സ്വിസ്റ്റർലന്റിനോട് കിടപിടിക്കുന്ന പ്രകൃതി ഭംഗി കൊണ്ട് അനുഗൃഹീതമായ ഈ പ്രദേശം ഒരു കാലത്ത് ടൂറിസ്റ്റുകളുടെ പറുദീസയായിരുന്നു. വിശ്വപ്രശസ്തയായ നോബേൽ സമ്മാന ജേതാവും താലിബാന്റെ കണ്ണിലെ കരടുമായ മലാല യൂസുഫ് സായിയുടെ ജന്മദേശം ഈ പ്രോവിൻസിലെ സ്വാത് മേഖലയിലാണ്. ഭരണഘടനാപരമായി തന്നെ അവിടുത്തെ പ്രൊവിൻഷ്യൽ അസംബ്ലിക്കും പാകിസ്താൻ കോടതികൾക്കും ഈ ഗോത്ര സ്വയം ഭരണ പ്രദേശത്ത് (FATA) അധികാരമില്ല. അവിടുത്തെ ഗോത്ര വർഗ സഭകളും അവരുടെ പ്രത്യേക നിയമങ്ങളുമാണ് ഭരണം നടത്തുന്നത്. ബ്രിട്ടീഷുകാരുടെ കാലം മുതൽ ഈ വ്യവസ്ഥയാണ് പിന്തുടരുന്നത്. പാകിസ്താൻ പാർലമെന്റിൽ ഈ പ്രദേശത്തിന്റെ ഒരു പ്രതിനിധി ഉണ്ടാകുമെന്ന് മാത്രം. അഫ്ഗാനിസ്ഥാനിൽ താലിബാൻ അധികാരത്തിൽ വന്നത് മുതൽക്കാണ് ഇവിടെ പ്രശ്നങ്ങൾ ആരംഭിക്കുന്നത്. അത്‌വരെ പാകിസ്താൻ ഗവൺമെന്റുമായി നല്ല ബന്ധമായിരുന്നു ഈ ഗോത്ര സ്വയം ഭരണ മേഖലക്കുണ്ടായിരുന്നത്. തഹ്‌രീകെ പാകിസ്താന്റെ ആവിർഭാവത്തോടെ സംഗതി വീണ്ടും അതിസങ്കീർണമായി. ബേനസീറിന്റെ വധമടക്കം പാകിസ്താനിലുടനീളം എണ്ണമറ്റ ബോംബ് സ്ഫോടനങ്ങൾ,പട്ടാള ക്യാമ്പ് ആക്രമണങ്ങൾ, കൂട്ടക്കുരുതികൾ, വെടിവെച്ചു കൊലപ്പെടുത്തലുകൾ, സ്കൂൾ ബോംബിങ്ങ്, ഐക്യരാഷ്ട്രസഭയുടെ പാവപ്പെട്ടവർക്കുള്ള ഫുഡ് പ്രോഗ്രാം ആക്രമണം, പോളിയോ വാക്സിന് എതിരെയുള്ള ആക്രമണം അങ്ങനെ പോകുന്നു ആക്രമണങ്ങൾ!!. ഖൈബർ പക്ത്തൂൺ ഖവാ പ്രവിശ്യയുടെ തലസ്ഥാനമായ പെഷവാറിലെ സൈനിക സ്കൂളിലെ കുട്ടികളാണ് താലിബാൻ എന്ന ഭീകര വ്യാഘ്രത്തിന്റെ ദംശനമേറ്റ അവസാനത്തെ ഹതഭാഗ്യർ.! പാകിസ്താനെ മനുഷ്യരക്തത്തിൽ മുക്കി കൊല്ലാനാണ് ഈ തീവ്രവാദി സംഘടനയുടെ ശ്രമം.

2010 മെയ് 28-ാം തീയതി ലാഹോറിലുള്ള ബൈത്തു നൂർ, ദാറുദ്ദിക്റ് എന്നീ രണ്ട് അഹ്മദിയ്യാ മസ്ജിദുകളിൽ ജുമാനമസ്കാരം നിർവഹിച്ചു കഴിഞ്ഞ അഹ്മദികളുടെ നേർക്ക് ബോംബ് എറിയുകയും വെടിവെക്കുകയും ചെയ്തത് പാകിസ്താനിലെ താലിബാൻ ഭീകരരാണ്. ഈ ആക്രമണത്തിൽ 86 പേർ ശഹീദാവുകയുണ്ടായി. ഈ കിരാതകൃത്യത്തെ അപലപിച്ചുകൊണ്ട് പാകിസ്താനിൽ അന്ന് ഒരു ശബ്ദവും ഉയർന്നില്ല. അന്ന് അഹ്മദികളെ ആശ്വസിപ്പിക്കാൻ വന്ന ഭരണതലത്തിലുണ്ടായിരുന്ന ഒരേയൊരാൾ പഞ്ചാബ് ഗവർണറായിരുന്ന സൽമാൻ തഅ്സീർ സാഹിബ് ആയിരുന്നു. മനുഷ്യസ്നേഹിയായ അദ്ദേഹം സ്ഫോടനം നടന്ന അഹ്മദികളുടെ പള്ളിയും ഓഫീസും സന്ദർശിച്ചു അവരെ സമാശ്വസിപ്പിക്കുകയുണ്ടായി. പാകിസ്താനിലെ കുപ്രസിദ്ധമായ മതനിന്ദാനിയമത്തിനും എതിരായിരുന്നു അദ്ദേഹം. 2011 ജനുവരി 4 ന് അദ്ദേഹം സ്വന്തം അംഗരക്ഷ കനായ തീവ്രവാദിയാൽ ദാരുണമാം വിധം വെടിയേറ്റു മരിച്ചു. അദ്ദേഹത്തിന്റെ ജനാസയിൽ പങ്കെടുക്കാനോ അനുശോചിക്കാനോ പാടില്ല എന്ന് തീവ്രവാദികളായ മുല്ലമാർ ഭീഷണി മുഴക്കി. ജനാസ നമസ്കാരത്തിന് നേതൃത്വം വഹിക്കാമെന്നേറ്റ ബാദ്ശാഹ് മസ്ജിദിലെ മുഖ്യ ഖാസി ജനാസക്ക് നേതൃത്വം നൽകാമെന്നേറ്റെങ്കിലും തീവ്രവാദി മുല്ലമാരുടെ ഭീഷണി കാരണം അദ്ദേഹം പിൻവാങ്ങുകയാണുണ്ടായത്. പകരം മറ്റൊരു ഇമാമാണ് ജനാസനമസ്കരം നിർവഹിച്ചത്. മതതീവ്ര വാദികൾക്കെതിരെ പ്രതികരിച്ച പാകിസ്താനിലെ ഒരു സംസ്ഥാന ഗവർണറുടെ ഗതിയാണിത്. മിക്ക ആഴ്ചകളിലും ഖലീഫത്തുൽ മസീഹിന്റെ ഖുത്ബക്ക് ശേഷം പാകിസ്താനിൽ ശഹീദാവുന്ന അഹ്മദികളുടെ ജനാസ നമസ്കരി ക്കുന്ന ലോകമെങ്ങുമുള്ള അഹ്മദികൾക്ക് അവിടുത്തെ തീവ്രവാദത്തിന്റെ വേദന മറ്റാരെക്കാളും നന്നായറിയാം. ഭീകരർ കൊല്ലുന്നതിൽ പലരും രോഗികളെ ചികിത്സിക്കാനാണെന്നും പറഞ്ഞ് കൂട്ടികൊണ്ടുപോയ ഉന്നത ബിരുദധാരികളായ അഹ്മദി ഡോക്ടർമാരായിരുന്നു. ആ നിഷ്ക്കളങ്കരായ സേവകരുടെ രക്തം വീണ മണ്ണിനെ പരിശുദ്ധഭൂമി (പാകി സ്താൻ) എന്ന് വിളിക്കാൻ അർഹതയുണ്ടോ?

പാകിസ്താൻ പട്ടാളത്തോട് യുദ്ധം പ്രഖ്യാപിച്ച താലിബാനെതിരെ ആക്രമണത്തിൽ തഹ്‌രീകെ താലിബാൻ നേതാവ് ഹക്കീമുള്ള മസ്ഊദ് 2013 നവംബറിൽ കൊല്ലപ്പെടുകയുണ്ടായി. ഇതിനെതിരെ പാകിസ്താൻ പട്ടാളത്തിന് ജമാഅത്തെ ഇസ്‌ലാമിയിൽ നിന്നാണ് ഏറ്റവും വലിയ എതിർപ്പുണ്ടായത്. പാകിസ്താൻ ജമാഅത്തെ ഇസ്‌ലാമി നേതാവ് മുനവ്വർ ഹുസൈൻ, കൊല്ലപ്പെട്ട തലിബാൻ അമീർ ഹക്കീമുല്ലാ മസ്ഊദിനെ രക്തസാക്ഷി (ശഹീദ്) എന്നാണ് വിശേപ്പിച്ചത്. രാജ്യത്തിനെതിരെ യുദ്ധം പ്രഖ്യാപിക്കുകയും നിരവധി പാകിസ് താനികളേയും പട്ടാളക്കാരെയും വധിക്കു

കയും ചെയ്ത ഒരു ഭീകരനെ ശഹീദായി പ്രഖ്യാപിച്ച ജമാഅത്തെ ഇസ്‌ലാമിയെ പട്ടാളം രൂക്ഷമായാണ് വിമർശിച്ചത്. പട്ടാളവുമായി ഗാഢബന്ധം പുലർത്തിപോന്ന ജമാഅത്തെ ഇസ്‌ലാമി പട്ടാളവുമായി ആദ്യമായാണ് ഇത്രയും അകലുന്നത്. പാകിസ്താനിലെ മുത്തഹിദ് ഖൗമി മൂവ്മെന്റ് (എം ക്യു എം) നേതാവ് അൽത്താഫ് ഹുസൈൻ താലിബാനുമായി രഹസ്യബന്ധമുള്ളതിനാൽ ജമാഅത്തെ ഇസ്‌ലാമിയെ പാകിസ്താനിൽ നിരോധിക്കണമെന്നും ആവശ്യപ്പെട്ടിരുന്നു.

താലിബാൻ ജിഹാദികളുടെ വിഹാര ഭൂമിയായ ഖൈബർ പക്ത്തൂൺ ഖവാപ്രവിശ്യാഅസംബ്ലിയിൽ 2013ൽ നടന്ന ഇലക്ഷനിൽ മുൻ ക്രിക്കറ്റ് താരം ഇമ്രാൻ ഖാന്റെ തെഹ്‌രീകെ ഇൻസാഫ് പാർട്ടിയും (39സീറ്റ്) ജമാഅത്തെ ഇസ്‌ലാമിയും(7) ഖൗമി വതൻ പാർട്ടിയും (7) ചേർന്നാണ് ഭരിക്കുന്നത്. താലിബാനോട് പൊതുവേ മൃദുനയവും നല്ല ബന്ധവും വെച്ചു പുലർത്തുന്ന ഈ പ്രവിശ്യാ ഗവൺമെന്റാണ് താലിബാനുമായി നവാസ് ശരീഫ് നടത്തുന്ന സംഭാഷണങ്ങൾക്ക് മദ്ധ്യസ്ഥത വഹിക്കുന്നത്.

തങ്ങൾമാത്രമാണ് അല്ലാഹുവിന്റെ ഭരണത്തിന് വേണ്ടി നിലകൊള്ളുന്ന യഥാർഥ മുസ്‌ലിം വിഭാഗമെന്നാണ് ആയുധം കൈയിലേന്തിയ താലീബാനികൾ പറയുന്നത്. പാകിസ്താൻ ഭരണ കൂടമടക്കം മുസ്‌ലിം ഭരണകൂടങ്ങളും പ്രസ്ഥാനങ്ങളും താഗൂത്തീ ഭരണകൂടമാണെന്ന് പറഞ്ഞ് അതിനെയെല്ലാം നശിപ്പിക്കാൻ കൊല്ലും കൊലയും തൊഴിലായി സ്വീകരിച്ച ജിഹാദികളുടെ അനവധി ഗ്രൂപ്പുകളുള്ള പാകിസ്താനിൽ ഇവരെ തങ്ങളുടെ ആവശ്യത്തിന് ഉപയോഗിക്കാൻ ബാഹ്യശക്തികൾക്ക് അധികമൊന്നും മിനക്കെടേണ്ടതില്ല എന്നതാണ് വാസ്തവം. പാകിസ്താൻ ഭരണകൂടവും പട്ടാളവും പോലും അമേരിക്കയിൽ നിന്നുള്ള വൻ സാമ്പത്തിക സഹായം ഇരു കൈയും നീട്ടി വാങ്ങിക്കൊണ്ടാണ് നിത്യനിദാന ചിലവുകൾ നടത്തികൊണ്ടിരിക്കുന്നത്. അമേരിക്ക അവരുടെ പലവിധ ആവശ്യങ്ങൾക്കനുസരിച്ച് വർഷം തോറും ഫണ്ട് കൂട്ടുകയും കുറക്കുകയും കൊടുക്കാതിരിക്കുകയും ചെയ്യും. അഫ്ഗാൻ ജിഹാദ് കാലത്തും അതിന് ശേഷം ഭീകര വേട്ടക്കുമാണ് ധനസഹായം കൂടുതൽ നൽകിയത്. ഉസാമ ബിൻ ലാദനെ പാകിസ്താനിൽ കടന്നു കയറി വധിച്ചതിന് ശേഷം അമേരിക്ക സഹായ ധനം അധികരിപ്പിച്ചിരിക്കുന്നു. അമേരിക്കൻ ഫണ്ട് ബഹുഭൂരിഭാഗവും സൈനിക ആവശ്യത്തിനുള്ളതാണ്. അതിന്റെ ഫലമായി അവിടുത്തെ സിവിലിയൻ ജനാധിപത്യ സംവിധാനങ്ങളേക്കാൾ സൈനിക സ്ഥാപനങ്ങൾ ശക്തിപ്പെട്ടിരിക്കുന്നു. ചുരുക്കത്തിൽ അമേരിക്ക കനിഞ്ഞില്ലെങ്കിൽ പട്ടാളത്തിന് ശമ്പളം കൊടുക്കാൻ കഴിയാതെ പാകിസ്താൻ ബുദ്ധിമുട്ടേണ്ടിവരും അത്രക്ക് പരാശ്രിതരാണ് ആ രാജ്യം. പിന്നെ അവിടുത്തെ ദരിദ്രരും കൊല്ലും കൊലയും തൊഴിലാക്കിയ ജിഹാദികളുടെ കഥ പറയാനുണ്ടോ? ജിഹാദികളെ നയിക്കുന്ന ഉസ്താദിന് ദ്രവ്യം നൽകി സഹായിച്ചാൽ ഏത് ബാഹ്യ ശക്തിക്ക് വേണ്ടിയും എന്ത് നികൃഷ്ടമായ കൃത്യങ്ങളും അവർ ഇസ്‌ലാമിന്റെ പേരിൽ നിർവഹിച്ചു കൊടുക്കും!!. ഇസ്‌ലാമും ശരീഅത്തുമെല്ലാം അവരു ടെ പൈശാചികമായ ധനാർത്തിക്കും ഫാസിസ്റ്റ് പ്രവണതക്കും അധികാര ഭ്രാന്തിനുമെല്ലാമുള്ള ഒരു മുഖം മൂടിമാത്രം. നാശകാരികളായ അവരെക്കുറിച്ചാണ് വിശുദ്ധ ഖുർആൻ പറഞ്ഞത്: ***'നിങ്ങൾ ഭൂമിയിൽ നാശമുണ്ടാക്കരുതെന്ന് അവരോട് പറയപ്പെടുമ്പോൾ, ഞങ്ങൾ നന്മ പ്രവർത്തിക്കുന്നവർ മാത്രമാണെന്ന് അവർ പറയും. അറിയുക അവർ തന്നെയാണ് നാശകാരികൾ പക്ഷേ അവർ ഗ്രഹിക്കുന്നില്ല.'(2: 12,13)***

## പാകിസ്താൻ അഹ്‌മദിയ്യാ മുസ്‌ലിം ജമാഅത്ത് അപലപിച്ചു

പെഷവാറിലെ ആർമി സ്കൂൾ കൂട്ടക്കൊലയിൽ അഹ്‌മദിയ്യാ മുസ്‌ലിം ജമാത്തത്ത് നടുക്കവും ദുഃഖവും രേഖപ്പെടുത്തുകയും അക്രമത്തെ അപലപിക്കുകയും ചെയ്തു. ഭീകരരുടെ ഈ ആക്രമണം ഹീനവും പൈശാചികവുമാണെന്ന് അഹമദിയ്യാ മുസ്‌ലിം ജമാഅത്ത പാകിസ്താൻ വക്താവ് സലീമുദ്ദീൻ സാഹിബ് പറഞ്ഞു. ഭീകരതയെ അപലപിക്കുന്ന പ്രസ്താവനകളല്ല വേണ്ടതെന്നും അത് ഉന്മൂലനം ചെയ്യാനുള്ള പ്രായോഗികവും ഫലപ്രദവുമായ നടപടികളാണ് വേണ്ടതെന്നും അദ്ദേഹം പറഞ്ഞു. അക്രമത്തിന് വേണ്ടി മതത്തെ ഉപയോഗിക്കുന്ന ഈ ഭീകര വാദികളാണ് പാകിസ്താന്റെ യഥാർഥ ശത്രുക്കളെന്നും അവരാണ് ഈ ഗൂഢാലോചനയ്ക്ക് പിന്നിൽ പ്രവർത്തിക്കുന്നവരെന്നും അദ്ദേഹം പറഞ്ഞു. തീവ്രവാദികൾ ദിവസേന സാധാരണക്കാർക്കെതിരെ അവരുടെ വധാഹ്വാനങ്ങളുമായി സ്വതന്ത്രമായി പാക്കിസ്താനിൽ വിഹരിക്കുകയാണ്. അധികാരികളുടെ നിസ്സംഗതയാണ് അവരുടെ പൈശാചികതക്ക് വളം വെക്കുന്നതെന്നും സലീമുദ്ദീൻ സാഹിബ് പറഞ്ഞു. ദുഃഖത്തിന്റെ ഈ വേളയിൽ അഹമദിയ്യാ ജമാഅത്ത് അവരോടൊപ്പം പങ്കുചേരുന്നുവെന്നും ശഹീദാക്കപ്പെട്ട ഈ ശുഹദാക്കൾക്ക് അല്ലാഹു ജന്നത്ത് നൽകി അനുഗ്രഹിക്കുമാറാകട്ടെ എന്നും പരുക്കേറ്റവർ വേഗം സുഖപ്പെടുമാറാകട്ടെ എന്നും ദുഃഖാർഥരായ ബന്ധുക്കൾക്ക് അല്ലാഹു സഹനം നൽകുമാറാകട്ടെ എന്നും അദ്ദേഹം പറഞ്ഞു.



ഇസ്‌ലാമും സാമൂഹിക പ്രശ്നങ്ങളും എന്ന പുസ്തകത്തെ ആധാരമാക്കി ഡിസംബർ 17ന് കണ്ണൂരിൽ നടന്ന സെമിനാർ ക ണ്ണൂർ ജില്ലാ അമീർ യു. മൻസൂർ അഹ്മദ് സാഹിബ് ഉദ്ഘാടനം ചെയ്യുന്നു. പ്രൊഫ. മഹ്മൂദ് അഹ്മദ്, പ്രൊഫ. എ.വി. സുബൈർ, വി. സുരേന്ദ്രൻ, ഡോ. സുബ്രഹ്മണ്യൻ, എ. എം. മുഹമ്മദ് സലിം, മൗലവി സുൽത്താൻ അഹ്മദ്, നാസിമുദ്ദീൻ, മൗലവി സലാം എന്നിവർ സമീപം




മജ്‌ലിസ് ഖുദ്ദാമുൽ അഹ്മദിയ്യാ എറണാകുളം ജില്ലയുടെ 'മജ്‌ലിസ് ആമില റിഫ്രഷർ കോഴ്സ്' ജില്ലാ അമീർ പി.കെ.ശാഹുൽ ഹമീദ് സാഹിബ് ഉദ്ഘാടനം ചെയ്യുന്നു. മൗലവി ടി.എം. മുഹമ്മദ് സാഹിബ്, ജെ.എച്ച്. നാസിർ സാഹിബ്, ഇ.എച്ച്. നജീബ് സാഹിബ് എന്നിവർ സമീപം.

ലജ്നാഇമാ ഇമായില്ലാഹ് കണ്ണൂർ ടൗൺ, കടലായി, എന്നീ യൂണിറ്റുകളുടെ ആഭിമുഖ്യത്തിൽ നാലാമത് സൗജന്യ മെഡിക്കൽ ക്യാമ്പ് ഡിസംബർ 21-ാം തിയതി ശാന്തി ദീപം സ്പെഷ്യൽസ് കൂളിൽ വെച്ച് നടന്നു. ജനറൽ മെഡിസിൻ, സ്കിൻസ് പെഷ് ലിസ്റ്റ്, ഹോമിയോ, ആയുർവേദം എന്നീ വിഭാഗങ്ങളിലുള്ള അഞ്ച് അഹ്മദീ ഡോക്ടർമാർ പങ്കെടുത്തു. സൗജന്യ മരുന്ന് വിതരണവും പ്രമേഹരോഗ നിർണ യവും നടത്തി.



**Published on 7 January 2015**

Vol: 87 Issue.**1**
Price Rs. **20/-**

Registered. Reg.No. 3332/1957, Postal Reg.No. KL/EKM/726/2012-14
Licence No. KL/CR/EKM/WPP-21/2012-14, Licensed to Post Without Prepayment

**The Sathyadoothan Monthly**




**അഹ്മദിയ്യാ മുസ്‌ലിം ജമാഅത്ത് എന്ന ദൈവീക പ്രസ്ഥാനത്തെപ്പറ്റി**
**കൂടുതൽ അറിയാൻ ബന്ധപ്പെടുക**

**1800 425 2020** **Toll Free (9 am to 9 pm)**